സതേൺ വോയ്സ്

# യുഗങ്ങൾ



പുസ്തകം 2
ലക്കം 1
ജനുവരി 2025

# യുഗങ്ങൾ

# സതേൺ വോയ്സ്

ചീഫ് എഡിറ്റർ
ഗോഡ്സൻ കുട്ടമല
മാനേജിംഗ് എഡിറ്റർ
ഷൈൻ ദാസ് കണ്ടംതിട്ട
എഡിറ്റോറിയൽ ബോർഡ്
സത്യരാജ് തിരുമല
ജോളി കോവിലൂർ
തങ്കച്ചൻ മാത്യു, മാമ്മൂട്
സുന്ദരദാസ് മരത്തകിടി
അസോസിയേറ്റ് എഡിറ്റർ
ജോഷ് മണലയം
അഡ്വൈസറി ബോർഡ് മെമ്പേഴ്സ്
എസ്.ജി.ഗിൽബർട്ട് ആറാമട
ശിംശോൻ ജോസഫ് കാട്ടാക്കട
റ്റി.എ. തോമസ് ഇലന്തൂർ
ജീ. ധർമ്മദാസ് കാരക്കോണം
കവർ ഡിസൈനിംഗ്
ബിനു കട്ടളപ്പാറയിൽ
ടൈപ്പ് സെറ്റിംഗ്
സവിതമോൾ

Make A Fellowship

**SEND ARTICLES TO**
**9995927502**
**EMAIL:**
**southernvoice2023@gmail.com**

**അടുത്ത ലക്കം**
**വിഷയം: ''ഉടമ്പടികൾ ഒരു പഠനം''**
**ലേഖനങ്ങൾ**
**ടൈപ്പ് ചെയ്ത്**
**ഫെബ്രുവരി 20-നു മുമ്പായി**
**അയയ്ക്കുക**

Edited, Printed, Published & Owned by
Shinedas Kandanthitta;
Printed at Digital magazine online,
Published from Kattalapparayil, Kudayal
P O, Vellarada, TVM-695505,
Mob:9995927502,
Email:southernvoice2023@gmail.com

ലേഖനത്തിന്റെ
ഉത്തരവാദിത്വം ലേഖകനിൽ
നിക്ഷിപ്തമായിരിക്കും

# താളുകൾ മറിക്കുമ്പോൾ


4 എഡിറ്റോറിയൽ
ഒയ്ക്കനോമിയ(oikonomia) അഥവാ വിശ്വസ്ത കാര്യവിചാരകത്വം

6 ബൈബിൾ യുഗപഠനത്തിന്റെ ആവശ്യകത
തങ്കച്ചൻ മാത്യു, മാമ്മൂട്



9 ബൈബിൾ വ്യാഖ്യാനശാസ്ത്രവും യുഗപരവീക്ഷണവും
ഡോ. ജോഷി എബ്രഹം



11 നിഷ്കളങ്കയുഗം എന്ന സുവർണ്ണപൂർവ്വ കാലഘട്ടം
ബിനു.ആർ.വി, കട്ടളപ്പാറയിൽ



14 മനഃസാക്ഷിയുഗവും ക്രൈസ്തവ മനഃസാക്ഷിയും
ഗോഡ് ലി പി. എസ് ,ബഹ്റിൻ



17 ''കുമാരീ, നിന്റെ സ്വജനത്തെയും ,നിന്റെ പിതൃഭവനത്തെയും മറക്കു''
ഡോ.മാത്യു വർഗ്ഗീസ് ,നാഗ്പൂർ



20 വാഗ്ദത്തയുഗം
അശോക് കുമാർ ,തിടനാട്



22 ന്യായപ്രമാണയുഗം
ധർമ്മരാജ് കന്നുമാമൂട്



23 കൃപായുഗ രക്ഷ ഒരു പഠനം
ഇ.എസ്. തോമസ്, ഇടയറമുള



26 സഹസ്രാബ്ദയുഗം
സാം സഖറിയ ,കൊട്ടാരക്കര



31 സമ്പൂർണ്ണയുഗം
എസ്.ജി.ഗിൽബർട്ട് ,ആറാമട



എഡിറ്റോറിയൽ

# ഒയ്ക്കനോമിയ (oikonomia) അഥവാ വിശ്വസ്തകാര്യവിചാരകത്വം

ഒരു ക്രിസ്തു ഭക്തനെന്ന നിലയിൽ ദൈവീക യുഗങ്ങളെക്കുറിച്ച് വ്യക്തമായി മനസ്സിലാക്കിയിരിക്കേണ്ടതാവശ്യമാണ്. അത് അവനെ പല വിധത്തിലുള്ള ദുരുപദേശങ്ങളിൽനിന്നു രക്ഷിക്കും. വേദപുസ്തകത്തിലെ പഥ്യോപദേശത്തിനു നിരക്കാത്ത ഭക്തിരഹിതമായ ദുരുപദേശങ്ങൾ വർദ്ധിച്ചുവരുന്നതിനുള്ള പ്രധാന കാരണം, അങ്ങനെയുള്ളവർ ദൈവീക യുഗങ്ങൾ ശരിയായ വിധത്തിൽ പഠിക്കുന്നില്ല എന്നതാണ്.

വേദപുസ്തകം വായിക്കുകയും പഠിക്കുകയും ചെയ്യുന്ന ഓരോ ദൈവപൈതലും അവർ അറിയാതെ തന്നെ ദൈവീകയുഗങ്ങളിൽ വിശ്വസിക്കുന്നവരാണ്. ബൈബിൾ അക്ഷരീകമായി വ്യാഖ്യാനിക്കണം എന്ന് വിശ്വസിക്കുന്നവരാണോ നിങ്ങൾ? എങ്കിൽ നിങ്ങൾ ദൈവിക യുഗത്തിൽ വിശ്വസിക്കുന്ന വ്യക്തിയാണ്. ദൈവീക യുഗങ്ങളെ വേണ്ടവിധത്തിൽ മനസ്സിലാക്കാത്തവരാണ് സഹസ്രാബ്ദയുഗത്തെ ആത്മീയ തലത്തിൽ വ്യാഖ്യാനിക്കുന്നത്. അങ്ങനെയുള്ളവർ അക്ഷരിക 1000 ആണ്ടിൽ വിശ്വസിക്കുന്നില്ല. യിസ്രയേൽ ജനത അക്ഷരീകമാണ്, സഭ ക്രിസ്തുവിന്റെ രക്തത്താൽ വിലയ്ക്കു വാങ്ങിയതാണ് തുടങ്ങിയ കാര്യങ്ങളിലുള്ള വിശ്വാസം ഒരുവനെ യുഗവാദിയാക്കുന്നു. ഈ ലേഖനങ്ങൾ യുഗങ്ങളെക്കുറിച്ചുള്ള വേദപുസ്തക ആശയത്തിലേക്ക് ആഴ്ന്നിറങ്ങുന്നു. മനുഷ്യരാശിക്കായുള്ള ദൈവത്തിന്റെ പദ്ധതികളെക്കുറിച്ചുള്ള പ്രാധാന്യം ഗ്രഹിക്കുവാനും ഇതു സഹായിക്കുന്നു.

## ഉത്തരവാദിത്വം (Responsibility)

യുഗങ്ങൾ എന്നതിനു **''ഒയ്ക്കനോമിയ''** എന്ന ഗ്രീക്ക് വാക്കാണുപയോഗിച്ചിരിക്കുന്നത്. അതിനർത്ഥം 'കാര്യനിർവ്വഹണം' എന്നാണ്. സർവ്വശക്തനായ ദൈവം മനുഷ്യർക്ക് അവിടത്തെ അവകാശങ്ങൾ, സമ്പത്ത്, നൻമയുടെ ഉറവിടങ്ങൾ എല്ലാം നല്കുന്നു. എന്തിനാണ് അങ്ങനെ നല്കുന്നത്? സ്വാതല്പര്യങ്ങൾക്ക് ഉപയോഗിക്കാനല്ല. ഒരു നല്ല കാര്യസ്ഥനായിരുന്നു അതിനെ വിശ്വസ്തതയോടെ പരിപാലിക്കാനാണ് (ലൂക്കോ. 16:18).




ദൈവം ഓരോ കാലഘട്ടത്തിലും മനുഷ്യർക്കു നല്കുന്ന നൻമകൾ വിശ്വസ്തതയോടെ കാത്തുസൂക്ഷിക്കേണ്ടതാണ്. ഉദാഹരണമായി, ഒരുവനെ ദൈവം സാമ്പത്തികമായി അനുഗ്രഹിച്ചുവെന്ന് കരുതുക. അങ്ങനെ, സാമ്പത്തിക നൻമകൾ ധാരാളം അനുഭവിക്കുന്ന വ്യക്തി അതിൽ വിശ്വസ്തനായിരിക്കണം. കാര്യവിചാരകത്വം എന്നു പറയുന്നത്, 'മറ്റൊരുവന്റെ സമ്പത്ത് നാം വിശ്വസ്തതയോടെ കാത്തുസൂക്ഷിക്കുക എന്നതാണ്.' നമ്മെ സമ്പത്ത് ഏല്പിച്ച യജമാനന്റെ ഇഷ്ടാനുസരണം

പ്രയോജനപ്പെടുത്തുവാനുള്ളതാണ്. ദൈവം നല്കിയ നൻമകൾ നമ്മുടെ ഇഷ്ടംപോലെ ഉപയോഗിക്കാനല്ല. അത് നമ്മെ ഏല്പിച്ചിരിക്കുന്നത്.

## കണക്കുകൊടുക്കണം(Accountability)

ദൈവം സ്നേഹവാനും ദയ കാണിക്കുന്നവനുമാണ്. അതുകൊണ്ട്, ദൈവം നമ്മെ അനുഗ്രഹിക്കുന്നു. ദൈവത്തിന്റെ അനുഗ്രഹമാണ് ശുദ്ധജലം, ശുദ്ധവായു, അനുഗ്രഹീത ആവാസ വ്യവസ്ഥ,




SOUTHERN VOICE

സമ്പത്ത്, വീട്, വാഹനം തുടങ്ങിയവയെല്ലാം. എന്നാൽ, ഈ നൻമകൾ ദൈവീക ഉദ്ദേശത്തിനും താല്പര്യത്തിനുമനുസരിച്ച് ഉപയോഗിച്ചില്ലെങ്കിൽ കണക്കു തീർക്കുന്ന നാളിൽ നിരാശരാകേണ്ടിവരും. ഓരോ യുഗവും പര്യവസാനിക്കുന്നത് ഇങ്ങനെ ഒരു ന്യായതീർപ്പിലൂടെയാണ്. അതുകൊണ്ടാണ് ദൈവം നമ്മോട് ചോദിക്കുന്നത്; ഞാൻ ന്യായം തീർക്കുന്ന നാളിൽ നിന്റെ കരങ്ങൾ ബലപ്പെട്ടിരിക്കുമോ എന്ന്.

## പ്രതിഫലം (Reward)

ദൈവിക നിയമങ്ങളെ പാലിച്ചനുസരിച്ച് ഉദ്ദേശങ്ങളിൽനിന്നും വ്യതിചലിക്കാതെ വിശ്വസ്തരായി ജീവിച്ചവർക്ക് തീർച്ചയായും ദൈവം നല്ല പ്രതിഫലങ്ങളെ നല്കുന്നു. എന്നാൽ, ദൈവീക നിയമങ്ങൾക്ക് വിപരീതമായി ജീവിക്കുന്ന ഓരോ വ്യക്തികളെയും ദൈവം ശിക്ഷിക്കുന്നു. നിഷ്പാപയുഗത്തിൽ ദൈവീക നിയമങ്ങളെ ലംഘിച്ചതിന്റെ ഫലമായി ദൈവം അവരെ ഏദൻ തോട്ടത്തിൽനിന്നും പുറത്താക്കി. നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസനേ എന്ന വിളിയാണ് ഓരോ ക്രിസ്തു ഭക്തനും ലഭിക്കേണ്ടത്.

## ദൈവത്തിന്റെ കൃപ (God's grace)

ദൈവത്തിന്റെ കൃപയുടെ വർദ്ധന ഓരോ കാലഘട്ടത്തിലുമുണ്ട്. നിഷ്പാപയുഗത്തിൽ പാപം ചെയ്തു പുറത്താക്കപ്പെട്ട മനുഷ്യനു ദൈവം തോലുകൊണ്ട് ഒരു അരയാട ഉണ്ടാക്കിക്കൊടുത്തത് ദൈവത്തിന്റെ അഗാധമായ കൃപയുടെ വലിപ്പമാണ്. ന്യായപ്രമാണയുഗത്തിലും, പാപം പെരുകിയ ഇടത്ത് കൃപ പെരുകി എന്നും കാണുന്നു (റോമ.5:20). ദൈവം കൃപാലുവാണ്. അവിടുന്ന് നമ്മെ തള്ളിക്കളയുന്നില്ല. ഉപേക്ഷിക്കുന്നില്ല. അവിടുത്തെ കൃപ തന്നു നമ്മെ നടത്തുന്നു.

## പ്രത്യാശയുടെ വാഗ്ദത്തം (promise)

ഓരോ യുഗത്തിന്റെയും അവസാനം മനുഷ്യന്റെ പരാജയത്തിന്റെ ചിത്രമാണ് കാണുന്നത്. നിഷ്പാപ യുഗത്തിൽ കളങ്കപ്പെട്ട് പ്രത്യാശ നശിച്ച് ഇറങ്ങിപ്പോകേണ്ടിവന്ന മനുഷ്യന് പ്രതീക്ഷയുടെ കിരണങ്ങൾ നല്കുന്നതായിരുന്നു ആ വാഗ്ദാനം. സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കും. ഈ വാഗ്ദത്ത നിവൃത്തിക്കുവേണ്ടി മനുഷ്യൻ കാത്തിരുന്നുവെന്നത് ചരിത്രമാണ്.

## വിശ്വാസം എന്ന ദൈവത്തിന്റെ ദാനം (faith is the gift of God)

ഓരോ യുഗത്തിലും വിശ്വാസത്തിന് വളരെ പ്രാധാന്യമുണ്ട്. നിഷ്കളങ്കയുഗത്തിൽ ഏദൻ തോട്ടത്തിൽ കടന്നുകൂടിയത് അവിശ്വാസമാണ്. വാസ്തവമായി ദൈവം കല്പിച്ചിട്ടുണ്ടോ? അവർ ദൈവത്തെ അവിശ്വസിച്ചു. സാത്താനെ വിശ്വസിച്ചു. അതുകൊണ്ടാണ് പരാജയം സംഭവിച്ചത്. കൃപായുഗത്തിൽ ഒരുവൻ രക്ഷിക്കപ്പെടുന്നത് വിശ്വാസത്താലാണ്. (റോമ.10:9). ക്രിസ്തു എന്റെ പാപത്തിന്റെ പരിഹാരത്തിനായി ക്രൂശിൽ മരിച്ചുവെന്ന് വിശ്വസിക്കണം എന്നത് കൃപായുഗത്തിലെ വ്യവസ്ഥയാണ്.

SV


# ബൈബിൾ യുഗപഠനത്തിന്റെ ആവശ്യകത

തങ്കച്ചൻ മാത്യു, മാമ്മൂട്



വർത്തമാനകാല ബൈബിൾ വ്യാഖ്യാന പരിസരങ്ങളിൽ ബൈബിൾ യുഗപരവാദവും യുഗപഠനത്തിന്റെ ആവശ്യകതയും സുവിശേഷവിഹിത സഭകളിലെ വേദചിന്തന്മാർപോലും പൊതുവെ നിഷേധിക്കുകയാണ്. മതിയായ വിദ്യാഭ്യാസം ഇല്ലാതിരുന്ന പഴയ കാല അപ്പച്ചൻമാരുടെ കണ്ടുപിടുത്തവും സംഭാവനയുമാണ് ബൈബിൾ യുഗപഠനം എന്നു പരിഹസിക്കുന്നവർ ഇക്കാലങ്ങളിലുണ്ട്. ചിലർ അല്പംകൂടി കടന്ന്, പതിനെട്ടാം നൂറ്റാണ്ടു വരെ സഭ പഠിപ്പിക്കാതിരുന്നതും പിന്നീട് ജോൺ നെൽസൺ ഡാർബി കണ്ടുപിടിച്ചതും, സ്കോഫീൽഡ് തന്റെ സ്റ്റഡിബൈബിളിലൂടെ പ്രചരിപ്പിച്ചതുമായ ഒരു നൂതന ദുരുപദേശമാണ് യുഗപരപഠനം എന്നാണ് ആരോപിക്കുന്നത്. ലിബറൽ ചിന്താഗതിക്കാരും (Liberal Theologians) കാൽവിനിസ്റ്റുകളും (Calvin Theology) കവനന്റ് ദൈവശാസ്ത്രവീക്ഷണക്കാരും (Covenant Theology) യുഗപഠനത്തെ മുഴുവനായും നിരാകാരിക്കുന്നവരാണ്.

നൂറ്റാണ്ടുകൾ പഠിപ്പിക്കാതിരുന്നതുകൊണ്ടു മാത്രം ഒരു ഉപദേശം ദുരുപദേശമാകാണമെന്നില്ല. അതുപോലെ, നൂറ്റാണ്ടുകൾ പഠിപ്പിച്ചതുകൊണ്ടു മാത്രം ഒരു ഉപദേശം ശരിയാകണമെന്നുമില്ല. ചരിത്രമോ, വ്യക്തികളോ, അവരുടെ വിദ്യാഭ്യാസമോ, സംസ്കാരമോ അല്ല ഒരു പഠനസമ്പ്രദായത്തിന്റെ ആധികാരികതയും വിശ്വസനീയതയും നിർണ്ണയിക്കുന്ന ഘടകങ്ങൾ; മറിച്ച്, ദൈവശ്വാസീയമായ തിരുവെഴുത്തുകളാണ്. തിരുവെഴുത്തുകൾ അങ്ങനെ പഠിപ്പിക്കുന്നുവോ എന്നതാണ് പരമപ്രധാനമായി നാം അന്വേഷിക്കേണ്ടത്. യുഗപര പഠനത്തിന്റെ ആവശ്യകത വ്യക്തമാക്കുന്നതാണ് വിശുദ്ധ അഗസ്തീനോസിന്റെ പ്രസിദ്ധമായ ഈ വാക്കുകൾ: **"യുഗങ്ങളെ തിരിച്ചറിയൂ; അപ്പോൾ, തിരുവെഴുത്തു പൊരുത്തപ്പെടും."** വേദചിന്തകനായ എൽ.എസ്. ഷെയ്ഫെർ പ്രസ്താവിച്ചിട്ടുള്ളതും ഇതിനോട് ചേർത്ത് വായിക്കേണ്ടതാണ്. **"ഒരാൾ യാഗം അർപ്പിക്കുവാനുള്ള മൃഗവുമായി വരാതെ ക്രിസ്തുവിന്റെ രക്തത്തിൽ ആശ്രയിക്കുന്നുവെങ്കിൽ അവനൊരു യുഗവാദിയാണ് (Dispensationalist); ഒരുവൻ ശാബ്ബത്ത് ആചരിക്കാതെ ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം ആചരിക്കുന്നുവെങ്കിൽ അവനും ഒരു യുഗവാദിയാണ്."**




## അക്ഷരീക വ്യാഖ്യാനം


തിരുവെഴുത്തിലെ വാക്കുകൾക്ക് സമ്പൂർണ്ണമായ ആധികാരികത നല്കുന്ന ഒരേയൊരു ബൈബിൾ വ്യാഖ്യാന സമീപനം യുഗപരപഠനം മാത്രമാണ്. കവനന്റെ തിയോളജി പോലെയുള്ള ഇതര ദൈവശാസ്ത്ര സമീപനങ്ങൾ ബൈബി

ളിലെ വ്യക്തമായ പ്രസ്താവനകളെ ഒന്നുകിൽ ആത്മീയവൽക്കരിക്കയോ അല്ലെങ്കിൽ ബലഹീനമാക്കുകയോ ചെയ്യുന്ന പ്രവണതയാണുള്ളത്. ബൈബിളിലെ വാക്കുകൾക്ക് ദൈവം വലിയ ഊന്നൽ നല്കുന്നു എന്നത് സുവ്യക്തമാണ്(ആവ. 8.3;സദൃ.30.5; 1 തെസ്സ.2.13;2 തിമൊ.3.16).

തിരുവെഴുത്തിലെ ഒരു വേദഭാഗം എന്താണ് പറയുന്നത്, എന്താണ് അർഥമാക്കുന്നത്, എനിക്ക് എന്ത് അർഥം നല്കുന്നു ഇത്യാദി നിർണ്ണായകമായ ചോദ്യങ്ങൾക്ക് കൃത്യമായ മറുപടി അവയുടെ ശരിയായ ക്രമത്തിൽ ഉത്തരം നല്കുന്നത് യുഗപഠനമാണ്. യിസ്രായേലിന്റെ സ്വന്തദേശത്തേക്കുള്ള മടങ്ങിവരവിനെ (ആമോ. 9. 14-15) യുഗപരമായ വ്യാഖ്യാനശാസ്ത്രം അക്ഷരീകമായി അംഗീകരിക്കുമ്പോൾ കാൽവിനിസവും കവനന്റെ തിയോളജിയുമെല്ലാം ഇതിനെ സഭയുമായി ബന്ധപ്പെടുത്തി ആത്മീയവൽക്കരിക്കയാണ് . സഹസ്രാബ്ദരാജ്യത്തിലെ അവസ്ഥകളും ഇതിൽനിന്നും വ്യത്യസ്തമല്ല(യെശ.11.67). ആത്മീയവൽക്കരണത്തിനു വ്യാഖ്യാനനിയമങ്ങൾ ബാധകമല്ലാത്തതിനാൽ ഇഷ്ടമുള്ള അർഥം നല്കി പഠിപ്പിക്കാൻ കഴിയുമെന്നതാണ് ഇതിന്റെ ന്യൂനത. എന്നാൽ, യുഗപരവീക്ഷണത്തിന്റെ അടിസ്ഥാനത്തിലുള്ള ബൈബിൾ വ്യാഖ്യാന സംവിധാനം ഇത്തരം ന്യൂനതകളെ അനായാസേന മറികടക്കുന്നുണ്ട്.

## ശരിയായ വിഭജനം

ബൈബിളിലെ വ്യത്യസ്തമായ കാര്യങ്ങളെ തമ്മിൽ യുഗപഠനം വേർതിരിച്ചാണ് പഠിപ്പിക്കുന്നത്. വ്യത്യസ്ത കാലഘട്ടങ്ങളിൽ, വ്യത്യസ്ത ആളുകളിൽനിന്നും വ്യത്യസ്തമായ കാര്യങ്ങൾ ദൈവം പ്രതീക്ഷിക്കുന്നു എന്നു ബൈബിൾ ചരിത്രങ്ങളുടെ പിൻബലത്തിൽ യുഗപഠനസമ്പ്രദായം വെളിപ്പെടുത്തുന്നുണ്ട്. എന്നാൽ, ഇതര ദൈവശാസ്ത്ര വ്യാഖ്യാന രീതികൾ തിരുവെഴുത്തിലെ വ്യത്യസ്തമായ കാര്യങ്ങളെ തമ്മിൽ വേർതിരിക്കുന്ന രേഖകളെ പൂർണ്ണമായും മായ്ച്ചുകളയുകയാണ്. ദൈവവചനം വ്യക്തമായി മനസ്സിലാക്കുന്നതിന് അവയെ ശരിയായ വിധത്തിൽ വിഭജിക്കേണ്ടതാണ് (2 തിമൊ.2.15;1 കൊരി.2.14). തിരുവെഴുത്തിലെ സുപ്രധാന വിഭജനങ്ങളിൽ ഒന്നാണ് യഹൂദൻ, യവനൻ, ദൈവസഭ എന്നത് (1 കൊരി.10.32). യേശുക്രിസ്തുവിന്റെ പുനരാഗമനത്തിന്റെ രണ്ടു പതനങ്ങൾ, രണ്ടു പുനരുത്ഥാനങ്ങൾ എന്നിവയും വിഭജിച്ചു പഠിച്ചു ഗ്രഹിക്കേണ്ടതാണ് (1 പത്രോ. 1.11; യോഹ. 5.28; വെളി. 20. 46). വ്യത്യസ്ത ന്യായവിധികൾ മറ്റൊരു വിഭജനമാണ്. യുഗപഠനത്തെ നിരാകരിക്കുന്നവർ എല്ലാ ന്യായവിധികളേയും ഒരു പൊതുന്യായവിധിയായി കണക്കാക്കുമ്പോൾ, യുഗപരപഠനം ന്യായവിധികളെ ക്രിസ്തുവിന്റെ ന്യായാസനം(2 കൊരി. 5.10), ജാതികളുടെ ന്യായവിധി (മത്താ. 25.31,32), വെള്ളസിംഹാസന ന്യായവിധി (വെളി.20:11), എന്നിങ്ങനെ യുഗപരമായി വിഭജിച്ചു വ്യാഖ്യാനിക്കയും പഠിപ്പിക്കയും ചെയ്യുന്നു. വ്യക്തിപരമായ യുഗങ്ങളുടെ വിഭജനത്തിലും ഇതേ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.




## വൈരുധ്യങ്ങളുടെ വ്യക്തത

വ്യത്യസ്ത കാലഘട്ടങ്ങളിൽ വ്യത്യസ്ത വിഭാഗം ആളുകളോട് ദൈവം എന്തു സംസാരിച്ചു എന്ന വ്യത്യാസത്തെ യുഗപഠനം വ്യക്തമായും തിരിച്ചറിയുന്നുണ്ട്. ദൈവം എല്ലായ്പ്പോഴും എല്ലാവരോടും ഒരേ കാര്യം പറയുകയില്ല എന്നതിനാൽ, ഈ വ്യത്യസ്തത വൈരുദ്ധ്യങ്ങളായി തോന്നാവുന്ന വേദഭാഗങ്ങളെ വ്യക്തമായും സംശയരഹിതമായും ഗ്രഹിക്കാൻ സാധിക്കുമെന്നത് തീർച്ചയാണ്. ഇവിടെ, ഓർമ്മിക്കേണ്ട ഒരു സുപ്രധാന കാര്യം, “എല്ലാ തിരുവെഴുത്തും നമുക്കു

വേണ്ടി എഴുതപ്പെട്ടതാണെങ്കിലും എല്ലാ തിരുവെഴുത്തും നമ്മെക്കുറിച്ചുള്ളതല്ല" എന്നതാണ്. മറ്റുവാക്കുകളിൽ പറഞ്ഞാൽ, എല്ലാ തിരുവെഴുത്തും ദൈവീക സത്യങ്ങൾ ഗ്രഹിക്കുന്നതിനും നമ്മുടെ ക്രിസ്തീയ ജീവിതത്തിനും പ്രയോജനപ്രദമാണ് (2 തിമൊ. 3:16). എന്നാൽ, എല്ലാ തിരുവെഴുത്തും നമുക്കു അനുസരിക്കാനുള്ള നേരിട്ടുള്ള കല്പനകളല്ല. ഭക്ഷണക്രമനിയമങ്ങൾ ജലപ്രളയത്തിന്നു മുൻപും അതിനു ശേഷവും ന്യായപ്രമാണകാലഘട്ടത്തിലും കൃപായുഗത്തിലും വ്യത്യസ്തങ്ങളാണ് (ഉല്പ.1:29,30; 9:23; ലേവ്യ.11:1-47; 1 തിമൊ.4:3-5). ശബ്ബതാചാരം ന്യായപ്രമാണയുഗത്തിലും കൃപായുഗത്തിലും ഒരേപോലെയല്ല (പുറ. 31:12-18; റോമ.14:5,6; ഗലാ. 4:9-11; കൊലൊ.2:16,17).

> **“എല്ലാ തിരുവെഴുത്തും നമുക്കു വേണ്ടി എഴുതപ്പെട്ടതാണെങ്കിലും എല്ലാ തിരുവെഴുത്തും നമ്മെക്കുറിച്ചുള്ളതല്ല” എന്നതാണ്. മറ്റുവാക്കുകളിൽ പറഞ്ഞാൽ, എല്ലാ തിരുവെഴുത്തും ദൈവീക സത്യങ്ങൾ ഗ്രഹിക്കുന്നതിനും നമ്മുടെ ക്രിസ്തീയ ജീവിതത്തിനും പ്രയോജനപ്രദമാണ്(2 തിമൊ.3:16). എന്നാൽ, എല്ലാ തിരുവെഴുത്തും നമുക്കു അനുസരിക്കാനുള്ള നേരിട്ടുള്ള കല്പനകളല്ല.**

## ദുരുപദേശങ്ങൾക്ക് മറുപടി

അനേക ദുരൂപദേശങ്ങളും രൂപംകൊള്ളുന്നതിനുള്ള പ്രധാന കാരണം മറ്റൊരു യുഗവ്യവസ്ഥയ്ക്ക് മാത്രം അനുയോജ്യമായ ഉപദേശങ്ങളെയും, ഇന്നു ഒരുനിലയിലും ബാധകമല്ലാത്തതും മറ്റൊരു വിഭാഗത്തിനു നല്കിയതുമായ കല്പനകളെയും അനുസരിക്കാൻ ശ്രമിക്കുന്നതാണ്. എന്നാൽ, യുഗപഠനരീതിയനുസരിച്ച് ഓരോ യുഗത്തിലുള്ള ആളുകൾക്കും വ്യത്യസ്തങ്ങളായ ചുമതലകളും ഉത്തരവാദിത്തങ്ങളും ദൈവം നല്കിയിരിക്കുന്നു എന്നത് അംഗീകരിക്കുന്നു. ഉദാഹരണമായി, ന്യായപ്രമാണയുഗ ത്ത 1 ലെ ഭക്ഷണവ്യവസ്ഥകൾ ഈ കൃപായുഗത്തിൽ ബാധകമായിരിക്കുന്നില്ല; നാമിന്നു മോശെയുടെ ന്യായപ്രമാണത്തിന് കീഴിലുള്ളവരല്ല(റോമ.6:14,15; ഗലാ.5:18).

## സംഘർഷങ്ങളുടെ ലഘൂകരണം

പല ദൈവശാസ്ത്ര പഠനരീതികളും ബൈബിളിന്റെ ഏതെങ്കിലുമൊരു ഭാഗം മാത്രം വിശദീകരിക്കാൻ ശ്രമിക്കയും മറ്റു ഭാഗങ്ങൾ അവ്യക്തതയുള്ളതായി വിട്ടുകളയുകയുമാണ് ചെയ്യുന്നത്. എന്നാൽ, യുഗപഠനരീതി മാത്രമാണ് ബൈബിളിന്റെ എല്ലാഭാഗങ്ങളും നമുക്കു ബോധ്യമാകുന്ന നിലയിൽ പരസ്പരം ഏറ്റുമുട്ടലുകളില്ലാതെ വ്യക്തമാക്കിത്തരുന്നത്. യുഗപഠന വിഭജനങ്ങൾ നമ്മുടെ ധാരണകളെ ഒരിക്കലും നശിപ്പിക്കുന്നില്ല; മറിച്ച്, എല്ലാ കാര്യങ്ങളേയും അതതിന്റെ സ്ഥാനത്ത് യുക്തമായി സ്ഥാപിക്കയാണ്. വ്യത്യസ്തതകൾ തിരിച്ചറിയുന്നതിലൂടെ അവയുടെ വർത്തമാനകാല പ്രായോഗികത കൂടുതൽ വ്യക്തമാകുകയാണ്. അപ്പോൾ മാത്രമാണ് തിരുവെഴുത്തു പ്രയോജനപ്രദമായി മാറുന്നത്; ദൈവത്തിന്റെ സകല പ്രമാണങ്ങളും ഒത്തതായി (right) തീരുന്നത് (2 തിമൊ.3:16; സങ്കീ.119:128).

## ദൈവോദ്ദേശ്യം വെളിപ്പെടുത്തൽ

കാലസമ്പൂർണ്ണതയിലെ വ്യവസ്ഥയോടുകൂടി പര്യവസാനിക്കുന്ന ദൈവഹിതത്തിന്റെ മർമ്മമാണ് ദൈവം ചരിത്രത്തിലൂടെ വെളിപ്പെടുത്തുന്നത് ( എഫേ.1:9-10). ചരിത്രത്തെക്കുറിച്ചുള്ള ഒരു ആകമാന അവബോധം ദൈവത്തിനു മാത്രമേ നൽകാനാവൂ (സഭാ.3:11). ചരിത്ര സംബന്ധമായ ഒരു ശരിയായ തത്വശാസ്ത്രം, ചരിത്രം എങ്ങോട്ടു ചലിക്കുന്നു എന്നും ചരിത്രത്തിന്റെ ആത്യന്തിക ലക്ഷ്യം എന്തെന്നും നമുക്കു വ്യക്തമാക്കിത്തരുന്നുണ്ട്. വ്യത്യസ്തമായ കാര്യങ്ങളെ തിരിച്ചറിയുന്നതിനും അവ എന്തുകൊണ്ട് വ്യത്യസ്തമായിരിക്കുന്നുവെന്നും ചരിത്രം വെളിപ്പെടുത്തുന്നുണ്ട്. ഭൂതകാലവും ഭാവികാലവും തമ്മിലുള്ള ബന്ധവും, നാം എവിടെ നിന്നു വന്നു, എവിടേക്കു പോകുന്നു എന്നുമുള്ള അവബോധവും ഇതു നല്കുന്നു. യുഗപഠനം ചരിത്രത്തിന് ഒരേകീകൃത തത്വം മുൻപോട്ടു വയ്ക്കുന്നുണ്ട്. ദൈവത്തിന്നു പല ലക്ഷ്യങ്ങളുണ്ടാവാം; എന്നാൽ, അവയൊന്നും തന്നെ ദൈവ മഹത്വം എന്ന ഏക ചരിത്രതത്വത്തിനും ലക്ഷ്യത്തിനും പകരമാകുകയില്ല. സകല ചരിത്രത്തിന്റെയും ഉദ്ദേശ്യവും ലക്ഷ്യവും പരിസമാപ്തിയും ദൈവനാമ മഹത്വം ഒന്നു മാത്രമാണ് (യെശ.43:7; സദൃ.16:4; റോമ. 11:36; വെളി. 4:11).

# ബൈബിൾ വ്യാഖ്യാനശാസ്ത്രവും യുഗപരവീക്ഷണവും

ഡോ. ജോഷി എബ്രഹാം



ഒ ബൈബിളിലെ ദൈവത്തിന്റെ വെളിപ്പാട് മനസ്സിലാ ക്കുന്നതിനുള്ള അടിത്തറയാണ് ബൈബിൾ വ്യാഖ്യാനശാസ്ത്രം. അതായത്, വേദഭാഗത്തെ വ്യാഖ്യാനിക്കുന്ന ശാസ്ത്രവും കലയും. നൂറ്റാണ്ടുകളായി, ദൈവശാസ്ത്രപരവും ചരിത്രപരവും സാംസ്കാരികവുമായ സന്ദർഭങ്ങളാൽ രൂപപ്പെടുത്തിയ വിവിധ സമീപനങ്ങൾ ഹെർമെന്യൂട്ടിക്സിൽ ഉയർന്നുവന്നിട്ടുണ്ട്. ഇവയിൽ, യുഗപരമായ വീക്ഷണത്തിന്, പ്രത്യേകിച്ച് സുവിശേഷാനുസാരമായ കൂട്ടങ്ങളിൽ കാര്യമായ പ്രാധാന്യം ലഭിച്ചു. ഈ ലേഖനം ബൈബിൾ വ്യാഖ്യാനശാസ്ത്രത്തിന്റെ തത്വങ്ങൾ പര്യവേക്ഷണം ചെയ്യുകയും തിരുവെഴുത്തുകളെ വ്യാഖ്യാനിക്കുന്നതിനുള്ള ഒരു ചട്ടക്കൂടായി യുഗപരമായ വീക്ഷണത്തിലൂടെ ഒരു അവലോകനം നൽകുകയും ചെയ്യുന്നു.

## ബൈബിൾ വ്യാഖ്യാന തത്വങ്ങൾ

പുരാതന ലോകത്തിനും സമകാലിക വായനക്കാർക്കും ഇടയിലുള്ള ബൈബിൾ വായനയിൽ ഉണ്ടാകുന്ന വിടവ് നികത്താൻ ബൈബിൾ വ്യാഖ്യാനം ശ്രമിക്കുന്നു. തിരുവെഴുത്തിന്റെ ദൈവനിശ്വാസീയതയെയും മനുഷ്യ എഴുത്തുകാരെയും ബഹുമാനിച്ചുകൊണ്ട്, അത് ഉദ്ദേശിച്ച അർത്ഥം മനസ്സിലാക്കുക എന്നതാണ് വ്യാഖ്യാനത്തിന്റെ ലക്ഷ്യം. നിരവധി പ്രധാന തത്വങ്ങൾ ഈ ശ്രമത്തിലേക്കു നമ്മെ നയിക്കുന്നു.

**1. അക്ഷരീക വ്യാഖ്യാനം:** അക്ഷരീക വ്യാഖ്യാനം ആലങ്കാരിക ഭാഷയുടെ ഉപയോഗത്തെ നിഷേധിക്കുന്നില്ല മറിച്ച് സന്ദർഭം മറിച്ചു സൂചിപ്പിക്കുന്നില്ലെങ്കിൽ, വാചകത്തെ അതിന്റെ ലളിതവും സാധാരണവുമായ അർത്ഥത്തിൽ മനസ്സിലാക്കാൻ ശ്രമിക്കുന്നു. ഈ സമീപനം വാചകത്തിന്റെ ചരിത്രപരവും വ്യാകരണപരവുമായ വശങ്ങളെ ബഹുമാനിക്കുന്നു, വാക്കുകളും ശൈലികളും അവയുടെ സാംസ്കാരികവും ഭാഷാപരവുമായ പശ്ചാത്തലങ്ങളിൽ മനസ്സിലാക്കുന്നുവെന്ന് ഉറപ്പാക്കുന്നു.

**2. ചരിത്രപരമായ സന്ദർഭം:** വ്യാഖ്യാതാക്കൾ പാഠത്തിന്റെ ചരിത്രപരമായ സാഹചര്യങ്ങൾ പരിഗണിക്കണം, അതിന്റെ യഥാർത്ഥ പ്രേക്ഷകരുടെ സാംസ്കാരിക, രാഷ്ട്രീയ, മതപരമായ അന്തരീക്ഷം ഉൾപ്പെടെ. ഈ സന്ദർഭം ഉദ്ദേശിച്ച സന്ദേശത്തെ പ്രകാശിപ്പിക്കുകയും അകാലിക വായനകളിൽ നിന്ന് സംരക്ഷിക്കുകയും ചെയ്യുന്നു.

**3. തിരുവെഴുത്ത് തിരുവെഴുത്തിനെ വ്യാഖ്യാനിക്കുന്നു:** ബൈബിൾ തന്നെ അതിന്റെ ഏറ്റവും മികച്ച വ്യാഖ്യാതാവാണ്. വ്യക്തമായ ഭാഗങ്ങൾ അവ്യക്തമായ ഭാഗങ്ങൾ വ്യക്തമാക്കാൻ സഹായിക്കും, കൂടാതെ, രണ്ട് നിയമങ്ങളിലും വിഷയങ്ങൾ കണ്ടെത്താനും അവ തമ്മിൽ ഒരു ഏകീകൃത ധാരണ ലഭിക്കാനും കഴിയും.

**4. ദൈവശാസ്ത്രപരമായ സ്ഥിരത:** സൃഷ്ടി, വീഴ്ച, വീണ്ടെടുപ്പ്, പര്യവസാനം തുടങ്ങിയ തിരുവെഴുത്തിന്റെ സമഗ്രമായ വിവരണവുമായി വ്യാഖ്യാനം പൊരുത്തപ്പെടണം. ബൈബിളിന്റെ ഏകീകൃത സന്ദേശത്തിന് വിരുദ്ധമായ ഒറ്റപ്പെട്ട വ്യാഖ്യാനങ്ങളിൽ നിന്ന് ഇത് സംരക്ഷിക്കുന്നു.

**5. ക്രിസ്തു കേന്ദ്രീകൃതം:** ബൈബിളിന്റെ കേന്ദ്രബിന്ദു യേശുക്രിസ്തുവാണ്. പഴയ നിയമവും പുതിയ നിയമവും അവിടത്തെ വ്യക്തിത്വത്തെയും പ്രവൃത്തിയെയും സാക്ഷ്യപ്പെടുത്തുന്നു. തിരുവെഴുത്തിന്റെ ആത്യന്തിക ഉദ്ദേശ്യത്തെ ക്രിസ്തുവിലൂടെയുള്ള ദൈവത്തി

ന്റെ രക്ഷയുടെ വെളിപ്പെടുത്തലായി രൂപപ്പെടുത്തുന്നു.

## യുഗപരവീക്ഷണം

യുഗപരവീക്ഷണം ബൈബിൾ ചരിത്രത്തെ വ്യത്യസ്തമായ കാലഘട്ടങ്ങളായോ 'യുഗങ്ങളായോ' ക്രമീകരിക്കുന്ന ഒരു ദൈവശാസ്ത്ര ചട്ടക്കൂടാണ്. ദൈവിക ഉടമ്പടികളെയും ഉത്തരവാദിത്തങ്ങളെയും അടിസ്ഥാനമാക്കി ദൈവം വ്യത്യസ്ത രീതികളിൽ മനുഷ്യരാശിയുമായി ഇടപഴകുന്ന പ്രത്യേക കാലഘട്ടങ്ങളാണിത്. വ്യത്യാസങ്ങൾ നിലവിലുണ്ടെങ്കിലും, യുഗപരമായ വീക്ഷണം സാധാരണയായി ഏഴ് യുഗങ്ങളായി തിരിച്ചിരിക്കുന്നു: നിഷ്പാപയുഗം (ഉൽ 1:1-3:7), മനസ്സാക്ഷിയുഗം (ഉൽ. 3:8-8:22), മാനുഷികഭരണയുഗം (ഉൽ. 9:1-11:32), വാഗ്ദത്തയുഗം (ഉൽ. 12:1-പുറ. 19:25), ന്യായപ്രമാണയുഗം (പുറ. 20:1-അ.പ്ര. 2:4), കൃപായുഗം (അ.പ്ര. 2:4-വെളി. 20:3), ദൈവരാജ്യയുഗം (വെളി.20:4-6) എന്നിവയാണിത്.

## യുഗപരമായവീക്ഷണത്തിന്റെ കാതലായ തത്വങ്ങൾ

**1. തിരുവെഴുത്തുകളിലുടനീളമുള്ള അക്ഷരീക വ്യാഖ്യാനം:** യുഗപരമായ വീക്ഷണം ബൈബിളിന്റെ സ്ഥിരമായ അക്ഷരീക വ്യാഖ്യാനത്തിന് ഊന്നൽ നൽകുന്നു, പ്രത്യേകിച്ച് പ്രവചനത്തെക്കുറിച്ച്. ഈ തത്വം ഇസ്രായേലിനെയും സഭയെയും തമ്മിൽ വ്യക്തമായ വ്യത്യാസത്തിലേക്ക് നയിക്കുന്നു. ദൈവത്തിന്റെ പദ്ധതിയിൽ ഇവ രണ്ടും വ്യത്യസ്ത സ്ഥാപനങ്ങളാണ്.

**2. ഇസ്രായേൽ കേന്ദ്രീകൃതം:** ദൈവം ഇസ്രായേലിനോടുള്ള ഉടമ്പടി വാഗ്ദാനങ്ങൾ, പ്രത്യേകിച്ച് ദേശത്തെ സംബന്ധിച്ചവ, പൂർത്തീകരിക്കപ്പെടാതെ തുടരുന്നുവെന്നും ഭാവിയിൽ സഹസ്രാബ്ദത്തിൽ അവ യാഥാർത്ഥ്യമാകുമെന്നും യുഗപരമായ വീക്ഷണം വിശ്വസിക്കുന്നു. സഭ ഇസ്രായേലിനെ മാറ്റിസ്ഥാപിക്കുന്നില്ല; മറിച്ച് വീണ്ടെടുപ്പ് ചരിത്രത്തിൽ അതുല്യമായ പങ്ക് വഹിക്കുന്ന ഒരു വ്യത്യസ്ത സ്ഥാപനമാണിത്.

**3. പുരോഗമനപരമായ വെളിപ്പാട്:** ദൈവം തന്റെ ഉദ്ദേശ്യങ്ങൾ കാലക്രമേണ വെളിപ്പെടുത്തിയിട്ടുണ്ടെന്നും, ഓരോ യുഗവും മുമ്പത്തേതിനെ അടിസ്ഥാനമാക്കി പണിയുന്നുവെന്നും യുഗപരമായ വീക്ഷണം വാദിക്കുന്നു. തുടർച്ചയായ ഉടമ്പടികളിലൂടെ ദൈവത്തിന്റെ വീണ്ടെടുപ്പ് പദ്ധതിയുടെ വികാസത്തെ ഈ പുരോഗമനപരമായ വെളിപ്പാട് അടിവരയിടുന്നു.

**4. സഹസ്രാബ്ദത്തിനു മുമ്പുള്ള ക്രിസ്തുവിന്റെ മടങ്ങിവരവ്:** യുഗപരമായ വീക്ഷണം, ഭൂമിയിൽ അക്ഷരാർത്ഥത്തിൽ ആയിരം വർഷത്തെ ഭരണം സ്ഥാപിക്കുന്നതിനുമുമ്പ് ക്രിസ്തു മടങ്ങിവരുമെന്ന് പഠിപ്പിക്കുന്നു. ഇസ്രായേലിന്റെ പുനഃസ്ഥാപനത്തെയും ആഗോള സമാധാനത്തെയും കുറിച്ചുള്ള പഴയനിയമ പ്രവചനങ്ങളെ ഈ ഭരണം നിവർത്തിക്കുന്നു.

SOUTHERN VOICE

**5. ന്യായപ്രമാണത്തിനും കൃപയ്ക്കും തമ്മിലുള്ള വ്യത്യാസം:** മോശൈക ഉടമ്പടിയാൽ വിശേഷിപ്പിക്കപ്പെടുന്ന ന്യായപ്രമാണത്തിന്റെ കാലഘട്ടത്തിൽ നിന്ന് ക്രിസ്തുവിന്റെ പാപപരിഹാര വേലയിലൂടെ ആരംഭിച്ച കൃപയുടെ കാലഘട്ടത്തിലേക്കുള്ള മാറ്റത്തെ യുഗപരമായ വീക്ഷണം ഊന്നിപ്പറയുന്നു. ഈ വ്യത്യാസം വിശ്വാസിയുടെ ന്യായപ്രമാണവുമായുള്ള ബന്ധത്തെ വ്യക്തമാക്കുകയും സഭായുഗത്തിന്റെ അതുല്യമായ സ്വഭാവത്തെ അടിവരയിടുകയും ചെയ്യുന്നു.

തിരുവെഴുത്തിന്റെ അധികാരം, ബൈബിൾ പ്രവചനത്തിന്റെ പ്രാധാന്യം, ഇസ്രായേലിന്റെയും സഭയുടെയും വ്യത്യസ്തമായ റോളുകൾ എന്നിവ ഊന്നിപ്പറയുന്നതിലൂടെ യുഗപരമായ വീക്ഷണം സുവിശേഷാനുസാരമായ ദൈവശാസ്ത്രത്തിന് ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്. സുവിശേഷ പ്രഘോഷണത്തോടും യുഗാന്ത്യ പ്രത്യാശയോടുമുള്ള ശക്തമായ പ്രതിബദ്ധത ഇത് വളർത്തിയെടുത്തിട്ടുണ്ട്.

എന്നിരുന്നാലും, അത് വിമർശനങ്ങളെയും നേരിട്ടിട്ടുണ്ട്. യുഗങ്ങൾ തമ്മിലുള്ള അതിന്റെ കർക്കശമായ വ്യത്യാസങ്ങൾ തിരുവെഴുത്തിന്റെ ഐക്യത്തെ ശിഥിലമാക്കുമെന്ന് ചിലർ വാദിക്കുന്നു. അതേസമയം, മറ്റുചിലർ അതിന്റെ യുഗാന്ത്യ ചട്ടക്കൂടിനെ, പ്രത്യേകിച്ച് കഷ്ടതയ്ക്കു മുമ്പുള്ള ആനന്ദത്തെയും ഇസ്രായേലിന്റെ ഭാവി പങ്കിനെയും വെല്ലുവിളിക്കുന്നു. ഈ തർക്കങ്ങൾക്കിടയിലും, ആധുനിക ബൈബിൾ പാണ്ഡിത്യവും സഭയെപ്പറ്റിയുള്ള വീക്ഷണവും രൂപപ്പെടുത്തുന്നതിൽ ഒരു സുപ്രധാന വ്യാഖ്യാന ചട്ടക്കൂടായി യുഗപരമായ വീക്ഷണം തുടരുന്നു.

ബൈബിൾ വ്യാഖ്യാനശാസ്ത്രവും യുഗപരമായ വീക്ഷണകോണും ദൈവവചനത്തെ വിശ്വസ്തതയോടെ വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നു. ഓരോ വ്യവസ്ഥയ്ക്കും പരിമിതികളുണ്ടെങ്കിലും, യുഗപരമായ വീക്ഷണം തിരുവെഴുത്തിന്റെ പുരോഗതിയും ദൈവത്തിന്റെ വീണ്ടെടുപ്പ് പദ്ധതിയും മനസ്സിലാക്കുന്നതിനുള്ള ഒരു ഘടനാപരമായ സമീപനം വാഗ്ദാനം ചെയ്യുന്നു. ആത്യന്തികമായി, ബൈബിൾ വ്യാഖ്യാനവും ദൈവശാസ്ത്രവും ദൈവത്തോടുള്ള ആഴമായ സ്നേഹത്തിനും, അവിടുത്തെ സത്യത്തോടുള്ള കൂടുതൽ പ്രതിബദ്ധതയ്ക്കും, അവിടുത്തെ വാഗ്ദാനങ്ങളിലുള്ള അചഞ്ചലമായ പ്രത്യാശയ്ക്കും പ്രചോദനം നൽകുന്ന ഒന്നായിരിക്കേണം. SV

# നിഷ്കളങ്കയുഗം എന്ന സുവർണ്ണപൂർവ്വ കാലഘട്ടം

ബിനു.ആർ.വി, കട്ടളപ്പാറയിൽ

അമേരിക്കയിലെ മസാച്ചുവെസ്റ്റിലെ സേലം എന്ന നഗരത്തിൽ 1962 ഫെബ്രുവരി മാസം മുതൽ 1693 മെയ് മാസം വരെയുള്ള കാലട്ടത്തിൽ മന്ത്രവാദം ആരോപിക്കപ്പെട്ട് 200 പേർ പിടിക്കപ്പെടുകയും അതിൽ 30 പേർ കുറ്റക്കാരെന്നു കണ്ടെത്തുകയും 19 പേരെ തൂക്കിക്കൊല്ലുകയും ചെയ്ത സംഭവം ചരിത്രത്തിൽ സേലം വിച്ച് ട്രയൽസ് (Salem Witch trails) എന്ന പേരിലറിയപ്പെടുന്നു. ഇങ്ങനെ,വധശിക്ഷയ്ക്കു സഭയെയും ഗവൺമെന്റിനെയും പ്രേരിപ്പിച്ചത് പുറപ്പാട് 22:18- ലെ, “ക്ഷുദ്രക്കാരത്തിയെ നീ ജീവനോടെ വയ്ക്കരുത്” എന്ന വാക്യമാണ്. എന്തുകൊണ്ടാണ് മനുഷ്യത്വരഹിതമായ നരഹത്യയിലേക്ക് അന്നുള്ള ക്രിസ്ത്യാനികൾ പോകേണ്ടിവന്നത്? ബൈബിൾ അതാത് കാലഘട്ടത്തിലെ ദൈവീക ഇടപെടലുകൾ അനുസരിച്ച് മനസ്സിലാക്കാത്തതുകൊണ്ടാണ്.



## ഓർത്തോറ്റൊമിയോ (ശരിയായി വിഭജിക്കുക)

സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കുക (2 തിമൊ.2:15) എന്ന വാക്കിന് മൂലഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന പദമാണ് ‘ഓർത്തോറ്റൊമിയോ’. ഈ വാക്കിന് പ്രസംഗിക്കുക എന്നല്ല പ്രത്യുത വിഭജിക്കുക എന്നാണർത്ഥം. സത്യവചനത്തെ വളച്ചൊടിക്കാതെ, തന്ത്രങ്ങളോ വഞ്ചനയോ ഒന്നും കൂടാതെ ശരിയായി വിഭജിക്കണമെങ്കിൽ ദൈവീകയുഗങ്ങൾ അംഗീകരിച്ചേ തീരൂ.

ദൈവം അവിടുത്തെ സൃഷ്ടികളോട് ഇടപെടുന്നത് വിവിധ യുഗങ്ങളിലൂടെയാണ്

(Dispensation). ദൈവത്തിന്റെ വ്യത്യസ്ത ഇടപെടലുകളുടെയും ഇച്ഛകളുടെയും അടിസ്ഥാനത്തിൽ സൃഷ്ടിയുടെ ഉത്തരവാദിത്വം, വീഴ്ചതാഴ്ചകൾ, കാര്യവിചാരകത്വം, ശിക്ഷണനടപടികൾ എന്നിവയെ വിവരിക്കുന്ന ദൈവശാസ്ത്ര പഠനമാണ് ദൈവികയുഗങ്ങൾ. വ്യത്യസ്ത യുഗങ്ങളിലൂടെയാണ് ദൈവം അവിടുത്തെ സൃഷ്ടിയോട് ഇടപെടുന്നത്.

## നിഷ്പാപയുഗത്തിലെ നിഷ്കളങ്കനായ ആദാം

പാപരഹിതനായിട്ടാണ് ദൈവം ആദമിനെ സൃഷ്ടിക്കുന്നത്. ദൈവത്തിന്റെ സ്വരൂപവും സാദൃശ്യവും അവനുണ്ടായിരുന്നു(ഉല്പ.1:27). ദൈവത്തിന്റെ തേജസ്സിനാൽ മൂടപ്പെട്ടിരുന്നു (സങ്കീ.8:5). പാപത്തിന്റെ നേരിയ കണിക പോലുമില്ലായിരുന്നു. ദൈവത്തെ പൂർണ്ണമായി അനുസരിച്ചിരുന്നു. അനുസരണക്കേട് തന്റെ ജീവിതത്തിൽ ഉണ്ടായിരുന്നില്ല. ജഡത്തിന്റെ ദുഷ്ടചിന്തകൾ കൊണ്ട് തന്റെ മനസ്സ് മലിനപ്പെട്ടിരുന്നില്ല. ദൈവീക നിയമങ്ങൾ പൂർണ്ണമായി പാലിക്കപ്പെട്ടിരുന്നു. ഒരു നിയമംപോലും ലംഘിച്ചിരുന്നില്ല. പ്രധാനമായി 5 ഉത്തരവദിത്വങ്ങളാണ് ആദമിന് നല്കിയിരുന്നത്.

**1. സന്താനപുഷ്ടിയുള്ളവരായി ഭൂമിയിൽ നിറയുക (ഉല്പ.1:28)**

**2. ഭൂമിയെ അടക്കിഭരിക്കുക**

**3. മൃഗങ്ങളുടെ മേലുള്ള ആധിപത്യം**

**4. ഏദൻതോട്ടത്തെ കാക്കുക (ഉല്പ.2:15)**

**5. നൻമതിൻമകളെക്കുറിച്ചുള്ള അറിവിൻ വൃക്ഷഫലം തിന്നാതിരിക്കുക**

ഈ പറഞ്ഞിരിക്കുന്ന അഞ്ച് പ്രധാന കല്പനകളും പൂർണ്ണമായി പാലിക്കപ്പെട്ടിരുന്നു. ഇങ്ങനെ എത്രകാലം മുന്നോട്ടുപോയി എന്നറിയില്ലയെങ്കിലും സന്തോഷ പൂർണ്ണമായിരുന്നു ആ ജീവിതം.

ത്രീയേക ദൈവത്തോട് അനുഗ്രഹീത കൂട്ടായ്മ ഉണ്ടായിരുന്നു. വെയിലാറുന്ന സമയം ദൈവം തോട്ടത്തിൽ വന്നിരുന്നു(ഉല്പ.3:8). ദൈവം പല കാര്യങ്ങൾ ആദമിനോട് വെളിപ്പെടുത്തിയിരുന്നു. ഒരുപക്ഷേ, ദൂതൻമാരെ എങ്ങനെ സൃഷ്ടിച്ചു എന്നു പറഞ്ഞിട്ടുണ്ടാകാം. സ്വർഗ്ഗത്തിന്റെ പ്രത്യേകതകൾ, അതിന്റെ മനോഹാരിത, ഭൂമിയുടെ, പ്രപഞ്ചത്തിന്റെ സൃഷ്ടി തുടങ്ങി, ഒരു മനുഷ്യന് എത്തിപ്പെടാൻ സാധിക്കാത്ത എല്ലാ മേഖലകളെക്കുറിച്ചും സംസാരിച്ചിട്ടുണ്ടാകാം. അങ്ങനെ മനോഹരമായ കാലഘട്ടം.



## പവിത്ര ദൈവത്തിന്റെ പവിത്രമായ സ്ഥാപനം.

ദൈവം ഭൂമിയിൽ സ്ഥാപിച്ച രണ്ടു പ്രധാന സ്ഥാപനങ്ങളാണ് ഒന്ന് കുടുംബം, മറ്റൊന്ന് സഭ. കുടുംബജീവിതം നിഷ്പാപയുഗത്തിൽ ദൈവം സ്ഥാപിച്ച പവിത്രമായ സ്ഥാപനമാണ്. “നിങ്ങൾ സന്താന പുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറവിൻ” (ഉല്പ.1:28).

കുടുംബബന്ധങ്ങൾ ഈ നാളുകളിൽ തകർന്നുകൊണ്ടിരിക്കുന്നു. കുടുംബം എന്ന ദൈവിക വ്യവസ്ഥയിൽ നിന്നും മനുഷ്യൻ വ്യതിചലനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. നിഷ്പാപയുഗത്തിലെ ജീവിത പങ്കാളി ഒരുത്തനു ഒരുത്തിയും ഒരുത്തിക്ക് ഒരുത്തനും എന്നതാണ്. അതായത് ബഹുഭാര്യാത്വവും (polygamy) ബഹുഭർതൃത്വവും (Polyandry) ഇല്ലായിരുന്നു. എന്നാൽ, വിവാഹം എന്ന ദൈവീക വ്യവസ്ഥയെ തകർത്തുകൊണ്ട് സ്വവർഗ്ഗ വിവാഹങ്ങളും ലിവിംഗ് ടുഗേതറുമൊക്കെ അരങ്ങു തകർക്കുന്നു.

## സാത്താന്റെ ഭൂതകാലം നിഷ്പാപയുഗത്തിൽ

സാത്താന് അനുഗ്രഹ സമ്പൂർണ്ണമായ ഒരു ഭൂതകാലമുണ്ടായിരുന്നു. ഇനി അങ്ങനെയുള്ള ഭൂതകാലം തനിക്ക് സ്വപ്നങ്ങളിൽ മാത്രം. ചിറകുകൾ വിടർത്തി പറന്നിരുന്ന കെരൂബായിരുന്നു (യെഹെ.28:14). ദൈവം സൃഷ്ടിച്ച ദൂതൻമാരിൽ വളരെ സൗന്ദര്യമുള്ളവൻ. വിലപിടിപ്പുള്ള രത്നങ്ങളാൽ മൂടപ്പെട്ടിരുന്നു (യെഹെ.28:13). ദൈവത്തിന്റെ തോട്ടമായ ഏദെനിൽ ആയിരുന്നു വാസം. ജ്ഞാന സമ്പൂർണ്ണനായിരുന്നു. നടപ്പിൽ നിഷ്കളങ്കനായിരുന്നു (യെഹെ.28:15). നടപ്പിലും ജീവിതത്തിലും പാപം

ഇല്ലായിരുന്നു. ഇങ്ങനെ എത്രകാലം മുന്നോട്ടുപോയി എന്നറിയില്ല. നിഗളം എന്ന പാപം തന്റെ ജീവിതത്തിൽ വരാതിരുന്നുവെങ്കിൽ മനുഷ്യജീവിതം ഇത്ര ദുരിതമാകുമായിരുന്നില്ല. നിഷ്പാപയുഗത്തിനു അന്ത്യം സംഭവിക്കുമായിരുന്നില്ല.

## മനുഷ്യൻ ആഗ്രഹിക്കുന്ന സമ്പൂർണ്ണകാലഘട്ടം

നിഷ്പാപയുഗത്തിന് നിരവധി പ്രത്യേകതകൾ ഉണ്ട്. ഇന്നുള്ളതുപോലെ മലിനീകരണമില്ലാത്ത (pollution) കാലഘട്ടം. നേരിയ മലിനതകൾ പോലുമില്ല. ശുദ്ധ മായ പ്രാണ വായു ലഭിച്ചിരുന്നു. അന്തരീക്ഷം ശുദ്ധമായിരുന്നു. ഭൂമിയിൽനിന്നു മഞ്ഞു പൊങ്ങിയായിരുന്നു ഭൂമിയെ നനച്ചിരുന്നത് (ഉല്പ.2:5). ശുദ്ധവായു, ശുദ്ധജലം, ശുദ്ധമായ ഭക്ഷണം, ശുദ്ധമായ ആവാസ വ്യവസ്ഥ. മനുഷ്യൻ പ്രകൃതിയോട് ഏറ്റവും ഇണങ്ങി ജീവിച്ചിരുന്നു. മൃഗങ്ങളിൽ അക്രമവാസനയില്ലായിരുന്നു. ആഹാരത്തിനുവേണ്ടി മൃഗങ്ങളെയോ മത്സ്യങ്ങളെയോ കൊന്നിരുന്നില്ല. മനുഷ്യർക്കും മൃഗങ്ങൾക്കുമെല്ലാം സസ്യമായിരുന്നു ആഹാരം. വൃക്ഷങ്ങളിൽനിന്നും ലഭിക്കുന്ന കായ്കനികളും കാട്ടിലെ മറ്റു വിഭവങ്ങളും ഒക്കെ ഭക്ഷിച്ചിരുന്നു (ഉല്പ.1:29).



മനുഷ്യർ തമ്മിലോ, മൃഗങ്ങൾ തമ്മിലോ അക്രമങ്ങളോ കൊലയോ ഒന്നുമില്ലാത്ത കാലം. കള്ളത്തരം ഇല്ലായിരുന്നു. ചതിയും വഞ്ചനയുമില്ലായിരുന്നു.

സമ്പൽസമൃദ്ധമായിരുന്നു ഭൂമി. വൃക്ഷങ്ങൾ ഫലസമൃദ്ധികൊണ്ടു നിറഞ്ഞിരുന്നു. രോഗരഹിതമായിരുന്നു ഈ കാലഘട്ടം. ദൈവം നൽകിയ ശരീരം സൗന്ദര്യമുള്ള ആരോഗ്യമുള്ള ശരീരമായിരുന്നു. വേദന എന്തെന്നറിഞ്ഞിരുന്നില്ല. ഇന്ന് മനുഷ്യൻ പല രോഗദുരിതങ്ങളിൽ അകപ്പെട്ട് നിരാശനായി മാനസിക ശാരീരിക വേദനയിലൂടെ കടന്നുപോകുന്നു. എന്നാൽ നിഷ്പാപയുഗത്തിൽ ആരോഗ്യമുള്ള ശരീരമുണ്ടായിരുന്നു.

ദൈവമായിരുന്നു നേരിട്ട് ഭരണം നടത്തിയിരുന്നത്. ദൈവിക നിയമങ്ങളും കല്പനകളും പൂർണ്ണമായി പാലിക്കപ്പെട്ടിരുന്നു. ദൈവത്തിന്റെ ഉദ്ദേശത്തിൽ നിന്നും ആരും വ്യതിചലിച്ചിരുന്നില്ല.

## പാപം എന്ന വിഷവിത്ത് എല്ലാം തകർത്തു.

ദൈവത്തിന്റെ സ്നേഹത്തിലും പരിപാലനത്തിലും മുന്നേറിയ നിഷ്കളങ്കയുഗത്തിന് തിരശ്ശീലയിടേണ്ടി വന്നത് പാപം എന്ന വിഷവിത്ത് കാരണമാണ്. പാപം മനുഷ്യകുലത്തിൽ പ്രവേശിച്ചതോടെ താളപ്പിഴകൾ സംഭവിക്കുവാൻ തുടങ്ങി. നിഷ്കളങ്കതയുടെ അഭാവം സൃഷ്ടിയിൽ പല മാറ്റങ്ങൾക്കും വഴിവച്ചു. തിന്നുന്ന നാളിൽ നീ മരിക്കും (ഉല്പ.2:17) എന്ന ദൈവിക കല്പന ലംഘിക്കപ്പെട്ടു. അങ്ങനെ, ചിരഞ്ജീവികളായി ജീവിച്ചിരുന്ന മനുഷ്യൻ മരണത്തിനു വിധേയപ്പെടേണ്ടിവന്നു. ശാരീരികമായും ആത്മീകമായും മനുഷ്യൻ മരിക്കുവാൻ തുടങ്ങി. ലോകം മുഴുവനും ശവങ്ങൾ കൊണ്ടു നിറഞ്ഞു. വിവിധ മതസ്ഥരുടെ ശവക്കോട്ടകൾ മൗനമായി ഈ സത്യങ്ങൾ നമ്മോട് പറയുന്നു.

മനുഷ്യന്റെ കുറ്റകൃത്യങ്ങൾ വർധിക്കുവാൻ തുടങ്ങി (ഉല്പ.4:1). ജൻമകർമ്മ പാപത്തിന് വിധേയപ്പെട്ടു. അവന് ന്യായാധിപൻമാർ, പോലീസ്, ആശുപത്രികൾ, ആതുരാലയങ്ങൾ, പുരോഹിതൻമാർ, പ്രവാചകൻമാർ എല്ലാം വേണ്ടിവന്നു.

## നിഷ്പാപയുഗം വീണ്ടും പുനർജ്ജനിക്കുന്നു.

നിഷ്പാപയുഗത്തിൽ നഷ്ടപ്പെട്ടുപോയ നിഷ്കളങ്കത, പറുദീസ, സ്വർഗ്ഗീയ അനുഭവങ്ങൾ, ദൈവീക കൂട്ടായ്മ എല്ലാം മനുഷ്യനു തിരികെ ലഭിക്കുവാൻ പോകുന്നു. സമ്പൂർണ്ണയുഗമെന്ന നിത്യതയിൽ സമ്പൽ സമൃദ്ധമായൊരു ജീവിതം ദൈവം നല്കുവാൻ പോകുന്നു. വെളിപ്പാട് പുസ്തകം 22 -ാം അദ്ധ്യായത്തിൽ ആ ജീവിതത്തിന്റെ പ്രത്യേകതകളെ വിവരിച്ചിരിക്കുന്നു.

പളുങ്കുപോലെ ശുഭ്രമായ ജീവജല നദികളിൽനിന്നും ശുദ്ധമായ ജലം ലഭിക്കുന്നു. പന്ത്രണ്ടുവിധം ഫലം കായ്ക്കുന്ന ജീവവൃക്ഷം. ശാപം ഇല്ല (22:3). പാപത്തിന്റെ നേരിയ കണികപോലും ഇല്ലാത്ത നിത്യത. അതാണല്ലോ ഒരു ക്രിസ്തുഭക്തന്റെ പ്രത്യാശ. നഷ്ടപ്പെട്ട നിഷ്പാപ യുഗത്തിലെ അനുഗ്രഹങ്ങൾ ക്രിസ്തുവിലൂടെ വീണ്ടും ലഭിക്കുന്നു എന്ന ചിന്ത ഒരു ക്രിസ്തുഭക്തനെ ആഹ്ലാദഭരിതനാക്കുന്നു.

SV


# മനഃസാക്ഷിയുഗവും ക്രൈസ്തവ മനഃസാക്ഷിയും

ഗോഡ്‌ലി പി.എസ് , ബഹ്റിൻ



വേദപുസ്തകം അവതരിപ്പിക്കുന്ന മാനവ ചരിത്രത്തിലെ കാലങ്ങളെ, അതാതിന്റെ സ്വാഭാവാനുസൃതം പലതായി തിരിച്ചു പഠന വിധേയമാക്കാറുണ്ട്. അവയിൽ പ്രധാനപ്പെട്ട ഒരു കാലഘട്ടമാണ് മനഃസാക്ഷിയുഗം.

ആദിമ പാപത്തിന്റെ അനന്തര ഫലമായുണ്ടായ ഒരു മനഃസാക്ഷിയുമായി മനുഷ്യൻ രംഗപ്രവേശനം ചെയ്യുന്ന കാലഘട്ടത്തിലാണ് മനഃസാക്ഷിയുഗത്തിന്റെ ആരംഭം. അവിടെ ആരംഭിച്ച് ഏകദേശം പതിനാറ് ശതകത്തോളം നീണ്ടുനിന്ന ഒരു യുഗം. ദൈവത്താൽ ഒരു നേതാവും രാജാവും ഇല്ലാതെ മനുഷ്യന്റെ നീതി ബോധാടിസ്ഥാനത്തിൽ മനഃസാക്ഷി മുൻനിർത്തി കാര്യങ്ങൾതീർപ്പ് കല്പിച്ച ഒരു യുഗം. അനുസരണക്കേട് കാണിച്ച് മനുഷ്യ വർഗ്ഗത്തിന്റെ തെറ്റായ മനഃസാക്ഷി എന്ന കോടതിയുടെ ആന്തരിക വിധികൾ, അക്കാലത്ത് ഭൂമിയിൽ അക്രമം പെരുകുവാൻ കാരണമായി. മനുഷ്യരാശിയിൽ ദൈവം ഖേദം പ്രകടിപ്പിച്ച ദിവസങ്ങളിലേക്ക് മനുഷ്യ പ്രവർത്തികൾ എത്തിച്ചു. തദ്വാരാ ദൈവത്തിനു തന്റെ നീതി നിവർത്തിക്കേണ്ടി വന്നു. ന്യായവിധിയിൽ, മനുഷ്യവംശം സംരക്ഷിക്കപ്പെടാൻ വേണ്ടി ദൈവം രൂപകല്പന ചെയ്ത ഒരു പെട്ടകത്തിൽ അവൻ സംരക്ഷിച്ച നോഹയെയും കുടുംബത്തെയും ഒഴികെ, ഭൂമിയോടൊപ്പം എല്ലാ മനുഷ്യവർഗത്തെയും നശിപ്പിക്കാൻ ദൈവം ലോകമെമ്പാടും വെള്ളപ്പൊക്കം



അയച്ചു. എന്നാൽ മനുഷ്യൻ തന്റെ ധാർമ്മിക പെരുമാറ്റത്തിലേക്കുള്ള വഴികാട്ടിയായി തന്റെ മനസ്സാക്ഷിയെ ഇപ്പോഴും നിലനിർത്തുന്നു.

## മനഃസ്സാക്ഷി നിർവ്വചനം

മനുഷ്യന്റെ ചിന്താപ്രവർത്തനധാരകളിലെ നന്മതിന്മകളും ധർമാധർമ്മവും വിവേചിച്ചറിയാവുന്ന അവബോധം ഉളവാക്കി തരുന്ന ശക്തി വിശേഷണ സാക്ഷിയാണ് മനഃസാക്ഷി. മനഃസാക്ഷി മനുഷ്യന് ഉള്ളതിനാൽ ദൈവത്തിന്റെ സകല സൃഷ്ടിയിൽ നിന്നും തികച്ചും മനുഷ്യനെ വ്യത്യസ്തനാക്കുന്നു. മാത്രമല്ല ദൈവസൃഷ്ടികളിൽ മനുഷ്യന് ഉന്നതസ്ഥാനം നൽകുന്നു.

## മനസ്സാക്ഷി യുഗകാലഘട്ടം

ദൈവത്തിന്റെ ഏദൻ തോട്ടത്തിൽ നിന്ന് മനുഷ്യനെ പുറത്താക്കിയത് മുതൽ നോഹയുടെ കാലഘട്ടത്തിലെ പ്രളയം വരെയുള്ള ദൈർഘ്യമേറിയ ഏതാണ്ട് 1656 വർഷത്തെ ചരിത്രമാണ് മനഃസാക്ഷിയുഗം.

## മനസാക്ഷി യുഗത്തിലെ തിരഞ്ഞെടുപ്പ്

മനുഷ്യർക്ക് നന്മയും തിന്മയും വേർതിരിക്കാനും നല്ലത് തിരഞ്ഞെടുക്കാനും രക്ത ചൊരിഞ്ഞുള്ള യാഗത്താൽ ദൈവവുമായി ബന്ധം സ്ഥാപിക്കാനുമുള്ള ഒരു മാർഗമായി ദൈവം മനഃസ്സാക്ഷി സ്ഥാപിച്ചു(ഉല്പ.4:4). എന്നാൽ സ്വമനഃസാക്ഷിയാൽ ജനം തിന്മ തിരഞ്ഞെടുത്തു. ഹാബെലിന്റെ രക്തം ചീന്തിയ വഴിപാട് ദൈവം സ്വീകരിച്ചതിനാൽ കയീൻ ഹാബെലിനെ കൊന്നു. ഒന്നാമത്തെ മരണം മനുഷ്യന്റെ കൊലപാതകമാണ്. തന്റെ മനഃസ്സാക്ഷിയെ ലംഘിക്കുകയും ശരിയായതു ചെയ്യുന്നതിൽ പരാജയപ്പെടുകയും ചെയ്ത മനുഷ്യവർഗം

പരിതാപജീവിതം തിരഞ്ഞെടുത്തു. വ്യക്തമായും, മനഃസ്സാക്ഷി നമ്മുടെ ഏക വഴികാട്ടിയാകാൻ കഴിയില്ലെന്ന് മനുഷ്യവർഗത്തോട് കാണിക്കാൻ ദൈവം ആഗ്രഹിച്ചു.

## മനഃസാക്ഷിയുഗത്തിലെ വിശ്വാസം

വിശ്വാസത്താൽ ഹാബേൽ ദൈവത്തിന്നു കയീന്റേതിലും ഉത്തമമായ യാഗം കഴിച്ചു; എബ്രായ 4 :11. ഭാഷ്യാടിസ്ഥാനത്തിൽ ഹാബേലിന്റെ യാഗം ഉത്തമവും വിശ്വാസത്തോട് കൂടിയതുമായിരുന്നു എന്ന് കാണാം. എന്നാൽ, ഉല്പ. 4:4-ൽ ഹാബെലും ആട്ടിൻകൂട്ടത്തിലെ കടിഞ്ഞൂലുകളിൽനിന്ന്, അവയുടെ മേദസ്സിൽനിന്നുതന്നെ, ഒരു വഴിപാടു കൊണ്ടുവന്നു. യഹോവ ഹാബെലിലും അവന്റെ വഴിപാടിലും പ്രസാദിച്ചു എന്ന് മാത്രമേ കാണുന്നുള്ളൂ. പ്രസ്തുതവാക്യങ്ങളുടെ അടിസ്ഥാനത്തിൽ മനഃസാക്ഷിയുഗത്തിലും വിശ്വാസം ദൈവിക വഴിപാടുകളിൽ അടിസ്ഥാന ഘടകമായിരുന്നു എന്ന് മനസിലാക്കാം.

## മനഃസാക്ഷിയുഗ പരാജയം

വിശ്വാസം ഇല്ലാതെ, മനഃസാക്ഷിയും സാഹചര്യം അടിസ്ഥാനമാക്കിയും മനുഷ്യർ തങ്ങളുടെ പ്രശ്നസങ്കീർണ്ണ ജീവിതങ്ങളെ തള്ളിനീക്കിയപ്പോൾ അത് നന്മയെക്കാളുപരി തിന്മയുടെ വിളയാട്ടമായി. അത് ദുഷ്ടതയുടെ വാതായനങ്ങൾ തുറന്നു(ഉല്പത്തി 6:5-6,11,12). മനുഷ്യ പാപങ്ങളുടെ ഈറ്റില്ലത്തിന് മനഃസാക്ഷി യുഗം ഒരു കേളിരംഗമായി പരിണമിച്ചു. "ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയ വിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പോഴും ദോഷമുള്ളതത്രേ എന്നും യഹോവ കണ്ടു"(ഉല്പത്തി 6:5).

## മനഃസാക്ഷിയുഗ ന്യായവിധി

പാപപങ്കിലമായ മനഃ സാക്ഷി വാഹികൾ തങ്ങളുടെ കർമ്മമണ്ഡലത്തിലും പാപസംബന്ധമായ പ്രവൃത്തികൾ ചെയ്തു കൂട്ടിയത് കാരണം ദുഷ്ടതയുടെ കൊടിയേറ്റം നടമാടി. അത് ദൈവിക ന്യായവിധിയുടെ തീരാമഴ പെയ്തിറക്കി. ലോകമെമ്പാടുമുണ്ടായ ആദ്യ പ്രളയം(ഉല്പ.6:7,137:11-14). ജനമെല്ലാം ദൈവിക ന്യായവിധിക്ക് മുൻപിൽ തലകുനിച്ചു. വെള്ളം ഇരമ്പി വീടുകളും ദേശങ്ങളും വെള്ളത്തിന് കീഴിൽ ആയി. നോഹയും കുടുംബവും മാത്രം ദൈവത്തിന്റെ കൃപ കണ്ടു, പ്രളയത്തിൽ നിന്നും രക്ഷപ്പെട്ടു.

## മനസാക്ഷി യുഗത്തിലെ നീതിമാന്മാർ

മനുഷ്യന്റെ ഹൃദയത്തിലെ ചിന്തകളുടെ എല്ലാ ഉദ്ദേശങ്ങളും നിരന്തരം തിന്മ മാത്രമായിരുന്നു (ഉല്പ.6:5) എന്ന് ദൈവം കണ്ടു; കണ്ടുകൊണ്ടിരിക്കുന്നു. മനഃസാക്ഷി യുഗത്തിലെ മനുഷ്യർ ഒരുഭാഗത്ത് സ്വയത്തിൽ വിശ്വസിച്ചു പരാജയ വഴി തിരഞ്ഞെടുക്കുമ്പോൾ അവരുടെ മധ്യത്തിലും നീതിമാന്മാരായി ദൈവത്തിനു ചിലർ വിശ്വാസത്തിന്റെ കാൽവെയ്പിലൂടെ മുന്നിട്ട് നിന്ന് ദൈവത്തിൽ വിശ്വസിച്ചു നീതിമാന്മാരായി. അവർ മൂന്ന് പേരാണ്, ഹാബേൽ, ഹാനോക്ക്, നോഹ (എബ്രാ.11:27; ഉല്പ.5:22-24; 6:8-9).

## മനസാക്ഷിയുടെ അളവുകോൽ

ലോകത്തിന് ദൈവത്തോടും തിരുവചന സത്യത്തോടും ഒരു നിർവികാരമായ മനസ്സാക്ഷിയുണ്ട് (റോമ.2:14-15;സങ്കീ.36:12). എന്നാൽ, നമ്മുടെ മനഃസ്സാക്ഷിയെ തിരുവചനസത്യം കൊണ്ട് കൃത്യമായി പഠിപ്പിക്കാൻ ലോകത്തിന് കഴിയുന്നില്ല. പലപ്പോഴും, ജഡീകൻ മറ്റുള്ളവരുമായി സ്വയം താരതമ്യം ചെയ്യുകയും മറ്റുള്ളവരെപ്പോലെ മോശമല്ലെന്ന് പലപ്പോഴും നിഗമനം ചെയ്യുകയും ചെയ്യുന്നു. ഇത് മനസ്സാക്ഷി പ്രവർത്തിക്കാനുള്ള ശരിയായ മാർഗമല്ല. അതേസമയം, വിശ്വാസി തങ്ങളെ ദൈവവചനത്തിലെ സത്യങ്ങളുമായും(യാക്കോ.1:25) യേശുക്രിസ്തുവിന്റെ സ്വഭാവവുമായും താരതമ്യം ചെയ്യുന്നു. ഇത് കൂടുതൽ കൃത്യമായ ഒരു മനസ്സാക്ഷി വിശ്വാസികളിൽ സൃഷ്ടിക്കുന്നു. അതിൽ നിന്നുണ്ടാകുന്ന നമ്മുടെ വിലയിരുത്തലുകൾ നമ്മുടെ മനഃസാക്ഷിയാൽ നല്ല രീതിയിൽ പ്രവർത്തനക്ഷമമാക്കാൻ കഴിയും.

## മനഃസാക്ഷിയും വിശ്വാസിയും

ഒരു വിശ്വാസി തിരുവചന അടിസ്ഥാനത്തിൽ ജീവിക്കുമ്പോൾ സത്യത്തിൽ നിലനിൽക്കുന്നു. തദ്വാര സത്യത്താൽ പരിശീലിപ്പിക്കപ്പെട്ട ഒരു മനഃസ്സാക്ഷി രൂപപ്പെടുന്നു. സത്യാസത്യങ്ങളുടെ വിവേചനം പാപ പരിശുദ്ധ വിഷയങ്ങളിലെ തിരഞ്ഞെടുപ്പ് എല്ലാം സത്യം മനസ്സിലാക്കിത്തരുന്നു. സത്യത്തിന് വിപരീതമായി പ്രവർത്തിച്ച് പാപം ചെയ്യുമ്പോൾ നമ്മുടെ മനഃസാക്ഷിയിൽ ഉണ്ടാകുന്ന(പാപത്തെയും പരിശുദ്ധിയേയും കുറിച്ചുള്ള ബോധത്താൽ) വടംവലിയിൽ നമ്മുടെ സത്യ മനഃസാക്ഷിയാൽ പാപത്തെ കുറിച്ചുള്ള ബോധ്യവും ദുഃഖഭാരവും കുറ്റബോധവും ഉണ്ടാകുന്നു. തുടർന്ന്, പശ്ചാത്താപത്തിനും പാപമോചനത്തിനും അത് കാരണമാകുന്നു (എഫെ. 5:11). എന്നാൽ ഒരുവൻ തിരുവചന സത്യങ്ങൾ ഉള്ളിൽ കൈകൊള്ളാതെ സ്വന്ത താല്പര്യങ്ങളുടെ അടിസ്ഥാനത്തിൽ തീരുമാനങ്ങൾ എടുക്കുമ്പോൾ അവൻ ജഡികനും കുറ്റബോധം നഷ്ടപെട്ട് നല്ല മനഃസാക്ഷിയില്ലാതെ പെരുമാറുന്ന അവസ്ഥാവിശേഷമാകുന്നു. അത് ദൈവിക അകൽച്ചയും പാപത്തിന്റെ ശിക്ഷണ

ത്തിനും വിധേയമാക്കപ്പെടുന്നു(2 കൊരി.7:10).

## മനഃസാക്ഷിയും പ്രവർത്തന വിധങ്ങളും

മനഃസാക്ഷിയാണ് ഒരുവനിലെ ആദ്യത്തെ നീതിന്യായകോടതി. അത് മലിനമായാൽ, മനഃസ്സാക്ഷി കാര്യക്ഷമതയോടെ പ്രവർത്തനമാകുകയില്ല. ഒരുവന്റെ മനഃസ്സാക്ഷി ബോധ്യപെടുത്തിയാലും അത് മനസ്സിലാകാതെയോ നിഷേധിക്കപ്പെടുകയോ ചെയ്യുമ്പോൾ ആണ് ലോകൈക വിധികളെ ആശ്രയിക്കേണ്ടി വരുന്നതും വിധേയപ്പെടുന്നതും. ലോകൈക വിധികളും ശിക്ഷകളും ഒഴിവാക്കുന്നതിന് നല്ല മനഃസാക്ഷിയുടെ സാക്ഷ്യം വിലയേറിയതാണ്. സ്വന്തം മനഃസാക്ഷി ആ നിലവാരത്തിൽ വരാതെ ആകുമ്പോഴാണ് ഇത്തരം മാനുഷിക വ്യവസ്ഥിതികളെ ആശ്രയിക്കേണ്ടി വരുന്നത്. ദൈവം നൽകുന്ന ആന്തരിക നിയന്ത്രണങ്ങൾ നിരസിക്കുന്നവർക്ക് മാത്രമേ ബാഹ്യ നിയന്ത്രണങ്ങൾ ആവശ്യമുള്ളൂ. പോലീസുകാരോ കോടതികളോ ജയിലുകളോ ഇല്ലെങ്കിലും മനഃസ്സാക്ഷിക്ക് വേണ്ടി നിയമം അനുസരിക്കണം. അശുദ്ധമായ ചിന്തകൾ അനിയന്ത്രിതമായി ഉപേക്ഷിക്കപ്പെടുമ്പോൾ, അത് ഫലമില്ലാത്തതു വരെ അവർക്ക് മനഃസ്സാക്ഷിയെ വേട്ടയാടാൻ കഴിയും. ആ ഘട്ടത്തിൽ, ജഡത്തെ തൃപ്തിപ്പെടുത്തുന്നതിൽ ഇടപെടുന്ന നിയമങ്ങൾ എളുപ്പത്തിൽ അവഗണിക്കപ്പെടുന്നു. ആ അവഗണന പാപത്തിന് വാതിൽ തുറന്നു, അധർമ്മം ചെയ്യുന്നു. അത് ദൈവിക ശിക്ഷാവിധിക്ക് കാരണമാകുന്നു.

മനഃസാക്ഷി പല വിധമുണ്ടെന്നത് തിരുവചനം നിസ്തർക്കം പരാമർശിക്കുന്നു. അവയിൽ ചിലത്; ബലഹീന മനഃ സ്സാക്ഷി(1 കോരി.8:6-9), മലിനമായ മനസ്സാക്ഷി (തീത്തോ. 1:15), ലജ്ജിപ്പിക്കുന്ന മനസ്സാക്ഷി (1പത്രോ.3:16), സാക്ഷ്യം വഹിക്കുന്ന മനസ്സാക്ഷി(റോമർ.2:15) എന്നിവയാണ്. എന്നാൽ, നല്ല മനഃസാക്ഷി നമ്മിൽ ഉണ്ടാകണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അതിനു പ്രയത്നവും പ്രാത്ഥനയും ദൈവാശ്രയത്തോടെ ദൈവ പൈതൽ കൈവരിച്ചു നല്ല മനഃസാക്ഷിയുള്ള സമൂഹം വളർത്തിയെടുക്കാൻ മാതൃക കാണിക്കണം. "അവരുടെ മനസ്സാക്ഷികൂടെ സാക്ഷ്യം പറഞ്ഞും അവരുടെ വിചാരങ്ങൾ തമ്മിൽ കുറ്റം ചുമത്തുകയോ പ്രതിവാദിക്കയോ ചെയ്തുംകൊണ്ടു അവർ ന്യായപ്രമാണത്തിന്റെ പ്രവൃത്തി തങ്ങളുടെ ഹൃദയത്തിൽ എഴുതിയിരിക്കുന്നതായി കാണിക്കുന്നു". ദൈവിക സാരാംശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഉളവാകുന്ന മനഃസാക്ഷി നീതിയോടെയും ന്യായത്തോടെയും അത് മനസ്സിന് ഒരു വിധി പ്രഖ്യാപന വേളയിൽ സാക്ഷിയായി രംഗപ്രവേശനം ചെയ്യുന്നു. ചിന്തകളും ആശയങ്ങളും നമ്മുടെ മനഃസാക്ഷി ന്യായമായി മനസ്സിനെ സാക്ഷ്യപ്പെടുത്തുന്നു.

നാം നമ്മുടെ മനഃസ്സാക്ഷിയെ ലംഘിക്കുകയോ അല്ലെങ്കിൽ നമ്മുടെ മനഃസാക്ഷിക്ക് വിരുദ്ധമായി സഞ്ചരിക്കുകയോ ചെയ്യുമ്പോൾ, അത് നമ്മെ കുറ്റംവിധിക്കുന്നു. നാണക്കേട്, ഖേദം, ഉത്കണ്ഠ, ഭയം മനഃസാക്ഷിയുടെ സാക്ഷ്യ നിമിഷങ്ങളിൽ ഉണ്ടാകുന്ന ചില വികാരങ്ങളാണ്. നാം നമ്മുടെ മനഃസ്സാക്ഷിയെ നന്മയ്ക്കായി അനുസരണത്തിന് വിധേയപ്പെടുത്തുമ്പോൾ, അത് നമ്മെ അഭിനന്ദിക്കുന്നു, സന്തോഷവും സമാധാനവും ആത്മാഭിമാനവും ക്ഷേമബോധവും നൽകുന്നു.

മനഃസാക്ഷിയുടെ പങ്ക് നമ്മെ ധാർമ്മികമോ ആത്മീയമോ ആയ മൂല്യങ്ങൾ പഠിപ്പിക്കുകയല്ല; മറിച്ച് നമ്മുടെ പക്കലുള്ള ഏറ്റവും ഉയർന്നതോ അല്ലെങ്കിൽ ഏറ്റവും ഉച്ചരിക്കുന്നതോ ആയ മൂല്യങ്ങളോട് നമ്മെ ഉത്തരവാദിത്തത്തോടെ നിർത്തുക എന്നതാണ്. ഈ ഉയർന്ന മൂല്യങ്ങൾ ശരിയായതോ നല്ലതോ ആയിരിക്കാം, അല്ലായിരിക്കാം. എന്നാൽ, അവ മനഃസാക്ഷിയെ പ്രവർത്തനക്ഷമമാക്കുന്ന മൂല്യങ്ങളാണ്.

ഇന്നത്തെ ക്രിസ്തീയ മനഃസ്സാക്ഷി എത്ര കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്നത് രണ്ടു കാര്യങ്ങളാൽ നിർണ്ണയിക്കപ്പെടുന്നു.

1. തിരുവചനത്തിൽ നിന്ന് നാം ആത്മീയ സത്യങ്ങളെ ഉൾക്കൊള്ളുകയും അംഗീകരിക്കുകയും ചെയ്ക നമ്മുടെ മനഃസ്സാക്ഷിയുടെ ശരിയായ അഭ്യസനമാണ്. ആ പ്രക്രിയ നമ്മിൽ നിലകൊള്ളുന്നെങ്കിൽ നമ്മുടെ മനഃസാക്ഷി കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് മനസിലാക്കാം.

2. നാം ദൈവിക സത്യത്തെ എത്ര അധികം അനുസരിക്കുകയും പാപത്തിൽ നിന്ന് നമ്മെത്തന്നെ ശുദ്ധീകരിക്കുകയും ചെയ്യുന്നു എന്നത് നമ്മുടെ മനഃസാക്ഷി നല്ലതായി കണക്കാക്കുവാൻ കാരണമാകുന്നു.

മഹാനായ പൗലോസ് മനഃസാക്ഷിയുടെ നല്ല സാക്ഷ്യവാഹിയായിരുന്നു. പക്വതയുള്ള മനഃസാക്ഷിയുടെ ഉടമയായ പൗലോസിൽ നിന്നും രണ്ട് പ്രവർത്തന തലങ്ങൾ മനസിലാക്കാം. **ഒന്ന്** ദൈവവുമായുള്ള ബന്ധത്തിലും(പ്രവൃത്തി.23:1) **മറ്റൊന്ന്** മനുഷ്യനോടുള്ള ബന്ധത്തിലും (പ്രവൃത്തി.24:16). ഈ രണ്ടു തലങ്ങളിലും നാം ദൈവകൃപയോടെ വ്യക്തമായ കാഴ്ചപ്പാടോടെയും ശ്രദ്ധയോടെയും ജീവിക്കുമ്പോൾ നമ്മുടെ ജീവിതം ധന്യമാകുന്നു.

SV

സങ്കീർത്തനം 45

# ''കുമാരീ, നിന്റെ സ്വജനത്തെയും നിന്റെ പിതൃഭവനത്തെയും മറക്കൂ''

ഭാഗം 2

ധ്യാനചിന്ത

ഡോ.മാത്യു വർഗ്ഗീസ്, നാഗ്പൂർ



മണവാളന്റെ വർണ്ണന കഴിഞ്ഞിട്ട് മണവാട്ടിയെക്കുറിച്ചുള്ള വർണ്ണനയാണ് തുടർന്നു കാണാൻ കഴിയുന്നത്. "അന്തഃപുരനാരികളിൽ രാജകുമാരികളുണ്ട്; അങ്ങയുടെ വലതുഭാഗത്ത് ഓഫീർതങ്കത്താൽ അലംകൃതയായ രാജകുമാരി നിലകൊള്ളുന്നു. അല്ലയോ കുമാരീ, കേൾക്കൂ, ശ്രദ്ധയോടെ ചെവിചായ്ക്കൂ: നിന്റെ സ്വജനത്തെയും നിന്റെ പിതൃഭവനത്തെയും മറക്കൂ അപ്പോൾ രാജാവ് നിന്റെ സൗന്ദര്യത്തിൽ ആകൃഷ്ടനായിത്തീരട്ടെ; അദ്ദേഹത്തെ നമസ്കരിച്ചുകൊൾക, അദ്ദേഹം നിന്റെ നാഥനല്ലോ!"(വാക്യം 9-11)

അനേക അന്തപ്പുരനാരികളുടെ, തോഴിമാരുടെ, മദ്ധ്യത്തിൽ അവർക്കാർക്കും കിടപിടിക്കാൻ കഴിയാത്തത്ര സൗന്ദര്യവതിയായി, അവരാരും അണിഞ്ഞിട്ടില്ലാത്ത ആഭൂഷകളണിഞ്ഞ രാജകുമാരി മണവാളന്റെ വലതുഭാഗത്തു നിലകൊള്ളുന്നു, എത്രമനോഹരമായ ഒരു ദൃശ്യം!

കുഞ്ഞാടിന്റെ വിവാഹ സന്ദർഭത്തെക്കുറിച്ച് നാം ഇങ്ങനെ വായിക്കുന്നു: "അപ്പോൾ വലിയ ജനാരവംപോലെയും വൻ ജലപ്രവാഹത്തിന്റെ ഇരമ്പൽപോലെയും അതിശക്തമായ ഇടിമുഴക്കംപോലെയുമുള്ള ഒരു ശബ്ദം ഞാൻ കേട്ടത്: 'ഹല്ലേലുയ്യാ! സർവശക്തിയുള്ള ദൈവമായ നമ്മുടെ കർത്താവ് വാണരുളുന്നു. നമുക്ക് ആനന്ദത്തോടും ആഹ്ലാദത്തോടും അവിടത്തേക്ക് മഹത്ത്വം നൽകാം; കുഞ്ഞാടിന്റെ വിവാഹം വന്നുചേർന്നല്ലോ; മണവാട്ടിയും അതിനായി സ്വയം ഒരുങ്ങിയിരിക്കുന്നു. ശുദ്ധശുഭ്രവും ഉജ്ജ്വലവുമായ വസ്ത്രം അവൾക്കു ധരിക്കാൻ നൽകപ്പെട്ടിരിക്കുന്നു."(വെളിപ്പാട് 19:6-8 MCV)

നമ്മുടെ ഇഹലോകവാസത്തിൽ ശ്രദ്ധചെലുത്തേണ്ടുന്ന, പ്രായോഗികമാക്കേണ്ടുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. "സ്ത്രീയുടെ ആകർഷണീയതയും സൗന്ദര്യവുമെല്ലാം കുടികൊള്ളുന്നത് പുറമേയുള്ള ആടയാഭരണങ്ങളിലല്ല, പ്രത്യുത അത് ഒരു വ്യക്തിയുടെ ആന്തരീക വിനയത്തിലും വിശുദ്ധിയിലും നിർമ്മലതയിലുമാണ്. സൗന്ദര്യവർദ്ധന നടത്താനുള്ള ശ്രമങ്ങളുടെ വ്യർത്ഥത പത്രോസ് തന്റെ ലേഖനത്തിൽ ഇങ്ങനെ വ്യക്തമാക്കുന്നു: വിചിത്രമായ കേശാലങ്കാരം, സ്വർണാഭരണം, മോടിയേറിയ ഉടയാടകൾ എന്നീ ബാഹ്യ അലങ്കാരങ്ങളിലാകരുത് നിങ്ങളുടെ സൗന്ദര്യം; പിന്നെയോ, വിനീതവും ശാന്തവുമായ മനോഭാവത്തോടുകൂടിയ അനശ്വരസൗന്ദ്യര്യമുള്ള ആന്തരിക വ്യക്തിത്വത്തിൽ അധിഷ്ഠിതമായിരിക്കണം. ഇതാണ് ദൈവദൃഷ്ടിയിൽ അമൂല്യം" (1 പത്രോസ് 3:3,4 MCV)

പതിപത്നി ബന്ധത്തെക്കുറിച്ചു വിശദമായി വിവരിച്ചതിനു ശേഷം അടുത്തശ്വാസത്തിൽ പൗലൊസപ്പോസ്തലൻ രേഖപ്പെടുത്തുന്നു: "ഞാൻ ക്രിസ്തുവിനെയും സഭയെയും കുറിച്ചാണ് സംസാരിക്കുന്നത്!" (എഫെ 5:32 കാണുക)

ഈ സങ്കീർത്തനത്തിലും അതുല്യനായ സ്വർഗ്ഗീയ മണവാളൻ സ്വർഗ്ഗീയസേനകളുടെ ആരാധനാമൂർത്തിയായി വാഴുന്നു, സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള, ദൃശ്യമായതും അദൃശ്യമായതും, സിംഹാസനങ്ങളും കർത്തൃത്വങ്ങളും വാഴ്ചകളും അധികാരങ്ങളും



എല്ലാം അവിടത്തെ വണങ്ങി ആരാധിക്കുന്നു.

മണവാട്ടി സർവ്വാഭരണവിഭൂഷിതയായി തന്റെ വിവാഹത്തിനായുള്ള എല്ലാ തയ്യാറെടുപ്പോടുകൂടി, ആകാംക്ഷയോടുകൂടി ആ ദിവ്യനിമിഷത്തിനായി കാത്തിരിക്കുകയാണ്.

ഈ അന്തരാളകാലഘട്ടത്തിൽ മണവാട്ടി എങ്ങിനെ ജീവിക്കണമെന്നുള്ളതിന്റെ നിർദ്ദേശമാണ് 10-11 വാക്യങ്ങൾ:

"അല്ലയോ കുമാരീ, കേൾക്കൂ, ശ്രദ്ധയോടെ ചെവിചായ്ക്കൂ: നിന്റെ സ്വജനത്തെയും നിന്റെ പിതൃഭവനത്തെയും മറക്കൂ. അപ്പോൾ രാജാവ് നിന്റെ സൗന്ദര്യത്തിൽ ആകൃഷ്ടനായിത്തീരട്ടെ; അദ്ദേഹത്തെ നമസ്കരിച്ചുകൊൾക, അദ്ദേഹം നിന്റെ നാഥനല്ലോ."

തിരുവചനത്തിന്റെ ആദിമ അദ്ധ്യായങ്ങളിൽ തന്നെ ഈ നിർദ്ദേശം നമുക്കുനല്കിയിരിക്കുന്നല്ലോ. 'ഈ കാരണത്താൽ ഒരു പുരുഷൻ തന്റെ മാതാപിതാക്കളെ വിട്ടുപിരിയുക' (ഉൽ 2:24) എന്നത് അതിപ്രധാനമായ ഒരു നിർദ്ദേശമാണ്. അനേകം കുടുംബങ്ങൾ തകരുന്നതിന്റെ ഒരു കാരണം മാതാപിതാക്കളുടെ അനാവശ്യമായും അനവസരത്തിലുമുള്ള ഇടപെടലാണ്. വിവാഹിതരായ മക്കളെയും അവർ പ്രായ പൂർത്തിയായവരാണെന്നും സ്വന്തമായി തീരുമാനങ്ങളെടുക്കാൻ കഴിവുള്ളവരാണെന്നും അംഗീകരിക്കാൻ പല മാതാപിതാക്കൾക്കും ബുദ്ധിമുട്ടാണ്. അവരുടെ തണലിൽ അതുവരെ വളർന്ന 'കുഞ്ഞുങ്ങൾ' ഒരു സുപ്രഭാതത്തിൽ കുടുംബസ്ഥരായി മാറുന്നത് വിശ്വസിക്കാൻ, അംഗീകരിക്കാൻ മാതാപിതാക്കൾക്ക് കഴിയുന്നില്ല! നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവുതന്നെ വിവാഹജീവിത വിജയത്തിന്റെ അടിസ്ഥാനപ്രമാണമായി ഈ വാക്യം വിശദമാക്കുന്നുണ്ട്: "ഈ കാരണത്താൽ ഒരു പുരുഷൻ തന്റെ മാതാപിതാക്കളെ വിട്ടുപിരിഞ്ഞ് തന്റെ ഭാര്യയോടു സംയോജിക്കും. അവരിരുവരും ഒരു ശരീരമായിത്തീരും" (മത്തായി 19:5 MCV) Leave, cleave, become one flesh-വിവാഹം കഴിഞ്ഞ ഉടനെ ഒരു പക്ഷെ ഒരു പുതിയ വീട്ടിലേക്കു താമസം മാറ്റാൻ കഴിഞ്ഞില്ലെന്നു വരാം, എന്നാൽ മാനസീകമായി മാതാപിതാക്കളിൽ നിന്നും, അവരുടെ തണലിൽ നിന്നും ഒരു വിട്ടുപിരിയൽ കുടുംബജീവിതത്തിന്റെ വിജയത്തിന് അത്യന്താപേക്ഷിതമാണ്! പുരുഷനും സ്ത്രീയും ആത്മീകമായി വളരാനും പക്വതയിലെത്താനും, പരസ്പരസ്നേഹത്തിലും കരുതലിലും ഉയരാനും, പരസ്പരം മനസ്സിലാക്കാനും ഒരു പുതിയ കുടുംബം എന്ന ഏകകം വേരുപിടിച്ചു വളരാനും ഇപ്രകാരമുള്ള ഒരു വിട്ടുപിരിയൽ അത്യന്താപേക്ഷിതമാണ്.

ഭാര്യാഭർത്തൃബന്ധത്തിൽ മാത്രമല്ല, സഭയും സഭാനാഥനുമായുള്ള പരസ്പരബന്ധത്തിലും ഈ തത്വം പ്രാധാന്യമർഹിക്കുന്നു. "ഒരാൾ എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരികളെയും സ്വന്തജീവനെയും കൂടെ പകയ്ക്കാതിരിക്കയും ചെയ്യുന്നവന് എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല."(ലൂക്കൊസ് 14:26)

"നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർഥിപ്പിൻ" (മത്തായി 5:44) എന്നു പഠിപ്പിച്ച കർത്താവ് മാതാപിതാക്കളെയും സഹോദരങ്ങളെയുമൊക്കെ പകയ്ക്കാൻ (Hate 'വെറുക്കുക' എന്ന് KJV വേർഷൻ) പറയുന്നത് വിരോധാഭാസമായിത്തോന്നാം. എന്നാൽ ഇത് അതിശയോക്തി കലർന്ന ഒരു പ്രസ്താവമായിട്ടാണ് നമുക്കു കാണാൻ കഴിയുന്നത്. കർത്താവിനോടുള്ള നമ്മുടെ സ്നേഹവുമായി തുലനം ചെയ്യുമ്പോൾ മറ്റെല്ലാ സ്നേഹങ്ങളും വെറുപ്പിനു സമാനമായി മാറണം!

Malayalam Contemporary Version: "ഒരാൾ എന്റെ അടുക്കൽ വരികയും തന്റെ മാതാപിതാക്കളേക്കാളും ഭാര്യയേക്കാളും മക്കളേക്കാളും സഹോദരൻമാരേക്കാളും സഹോദരിമാരേക്കാളും സ്വന്തം ജീവനേക്കാളും (അധികം) എന്നെ സ്നേഹിക്കാതിരിക്കുകയും ചെയ്യുന്നെങ്കിൽ അയാൾക്ക് എന്റെ ശിഷ്യനായിരിക്കാൻ സാധ്യമല്ല."

ആരെയാണ് നാം അധികം സ്നേഹിക്കുന്നത്? സ്വർഗ്ഗമഹിമകളെല്ലാം വെടിഞ്ഞ് ഭൂമിയിൽ മനുഷ്യാവതാരമെടുത്ത, നമ്മെ സ്നേഹിച്ചു നമുക്കായി സ്വപ്രാണനെ വെച്ചുതന്ന ആത്മമണവാളൻ നമ്മുടെ സമ്പൂർണ്ണവിധേയത്വവും സ്നേഹവും സമർപ്പണവും അർഹിക്കുന്നു.

സഭയെ 'വചനമാകുന്ന ജലത്താൽ കഴുകി നിർമലീകരിച്ച് വിശുദ്ധീകരിച്ച് കറ, ചുളുക്കം, മാലിന്യം എന്നിവ അശേഷം ഇല്ലാതെ വിശുദ്ധയും നിഷ്കളങ്കയുമായി തേജസ്സോടെ' തനിക്കായി പിതാവിന്റെ മുന്നിൽ നിർത്തുക എന്നതാണ് കർത്താവിന്റെ ലക്ഷ്യം. ഈ മഹത്തായ ലക്ഷ്യം മനസ്സിൽ വെച്ചുകൊണ്ടാണ് സഭയും ഓരോ വിശ്വാസിയും ഈ ഭൂമിയിൽ ജീവിക്കേണ്ടത്.

യഹൂദരുടെയിടയിൽ നിലനിന്നിരുന്ന ഒരു സമ്പ്രദായം വളരെ രസകരമാണ്: വിവാഹനിശ്ചയത്തിന്റെ ദിവസം മണവാളൻ മണവാട്ടിക്ക് ഒരു പാനപാത്രം മുന്തിരിരസം നൽകുന്നു. ഇരുവരും അതിൽ നിന്ന് കുടിച്ചതിനു ശേഷം പരസ്പരം യാത്രപറയുന്നു. പിന്നീട് തങ്ങളുടെ വിവാഹത്തിനായുള്ള കാത്തിരിപ്പാണ്. അത് എത്രനാൾ വേണമെങ്കിലും ആകാം, ചിലപ്പോൾ വർഷങ്ങൾ തന്നെ നീണ്ടുനിന്നേക്കാം. വിവാഹദിനം വരെ മണവാളനും മണവാട്ടിയും മുന്തിരിരസം തൊടുകയില്ല.

കർതൃമേശ/തിരുവത്താഴം നമ്മുടെ കർത്താവ് സ്ഥാപിച്ച സന്ദർഭം നാമോർക്കുമല്ലോ? യേശുകർത്താവ് “പാനപാത്രം എടുത്തു ദൈവത്തിന് സ്തോത്രംചെയ്തശേഷം: ‘ഇതു വാങ്ങി പങ്കിടുക. ദൈവരാജ്യം വരുന്നതു വരെ മുന്തിരിയുടെ ഫലത്തിൽനിന്ന് ഞാൻ വീണ്ടും പാനം ചെയ്യുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു’ എന്നു പറഞ്ഞു” (ലൂക്കൊസ് 22:18) ഇതും ആ യഹൂദവിവാഹച്ചടങ്ങിനോട് സാധർമ്മ്യമുള്ളതാണ്.

സ്വന്തനാട്ടിൽ, സ്വഭവനത്തിലേക്കു പോകുന്ന മണവാളൻ തന്റെ പ്രീയയെ ചേർക്കുവാനുള്ള ഒരുക്കമാണ് പിന്നീട്. വീടൊരുങ്ങിക്കഴിഞ്ഞാൽ മണവാട്ടിയെ ആഘോഷപൂർവ്വം തന്റെ ഭവനത്തിൽ കൊണ്ടുപോകാൻ മണവാളൻ സർവ്വസന്നാഹങ്ങളുമായി വരുന്നു!

“എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്; ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും. (യോഹ 14:2,3) എന്ന് യേശുകർത്താവ് അരുളിച്ചെയ്തത് തന്റെ മണവാട്ടിയായ സഭയെ സ്വഭവനത്തിലേക്ക് ആനയിക്കുന്നതെക്കുറിച്ചല്ലെ?

യഹൂദസമ്പ്രദായത്തിൽ, വാസസ്ഥലം ഒരുങ്ങിക്കഴിഞ്ഞെന്ന് ഉറപ്പു വരുത്തുന്നത് വരന്റെ പിതാവാണ്. പിതാവാണ് വിവാഹത്തിന്റെ നാളും നാഴികയുമെല്ലാം തീരുമാനിക്കുന്നത്. “നാളും നാഴികയും ആരും അറിയുന്നില്ല, പിതാവ് അല്ലാതെ, സ്വർഗ്ഗത്തിലെ ദൂതന്മാരോ പുത്രൻ പോലുമോ അറിയുന്നില്ല” (മർക്കൊസ് 13:32) എന്നു കർത്താവു പറഞ്ഞതിന്റെ സാംഗത്യം ഇവിടെ വ്യക്തമാകും.

“അദ്ദേഹത്തെ നമസ്കരിച്ചുകൊൾക, അദ്ദേഹം നിന്റെ നാഥനല്ലോ!”(אֲדֹנַיִךְ adonaik നിന്റെ കർത്താവ്) എന്ന പ്രസ്താവം ഈ സങ്കീർത്തനത്തിന്റെ മശീഹൈക പ്രാധാന്യത്തെ സൂചിപ്പിക്കുന്നു എന്നതിന് സംശയമില്ല. എന്നാൽ, ഭാര്യാഭർത്തൃബന്ധത്തിൽ ഭർത്താവിനുള്ള സ്ഥാനത്തെക്കുറിച്ചും ഈ വചനഭാഗം സൂചന നല്കുന്നുണ്ട്. എഫെ 5:22-24 “ഭാര്യമാരേ, കർത്താവിന് എന്നപോലെ സ്വന്ത ഭർത്താക്കന്മാർക്കു കീഴടങ്ങുവിൻ. ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭയ്ക്കു തലയാകുന്നതുപോലെ ഭർത്താവ് ഭാര്യക്കു തലയാകുന്നു. എന്നാൽ സഭ ക്രിസ്തുവിനു കീഴടങ്ങിയിരിക്കുന്നതുപോലെ ഭാര്യമാരും ഭർത്താക്കന്മാർക്കു സകലത്തിലും കീഴടങ്ങിയിരിക്കേണം.”

“സാറ അബ്രാഹാമിനെ ‘യജമാനനെ’ എന്നു വിളിച്ച് അനുസരിച്ചതുപോലെ...” എന്നു പത്രോസും എഴുതുന്നു.(1 പത്രോസ് 3:6)

സങ്കീ 45, വാക്യം 15: “ആനന്ദത്തോടും ആഹ്ലാദത്തോടും അവർ ആനയിക്കപ്പെടുന്നു, അവർ രാജകൊട്ടാരത്തിൽ പ്രവേശിക്കുന്നു.” ഈ വാക്യം കാണുമ്പോൾ അനുവാചകനോർമ്മ വരുന്നത്, “അവൻ എന്നെ വീഞ്ഞുവീട്ടിലേക്കു കൂട്ടിക്കൊണ്ടുചെന്നു; എന്റെ മീതെ അവൻ പിടിച്ചിരുന്ന കൊടി സ്നേഹമായിരുന്നു.” എന്ന വചനമായിരിക്കും (ഉത്തമഗീതം 2:4) “അവൻ എന്നെ വിരുന്നുശാലയിലേക്ക് ആനയിക്കുന്നു, എന്റെമീതേ പറക്കുന്ന പതാക അവന്റെ സ്നേഹംതന്നെ.” എന്ന് പുതിയ (MCV) പരിഭാഷ.

സിംഹത്തിന്റെ വായിൽനിന്നും സ്വന്തം ജീവനെത്തന്നെ തൃണവൽഗണിച്ചു അവളെ വീണ്ടെടുത്ത യുവാവുമായി ഇടയബാലികയായിരുന്ന ശൂലേമി പ്രണയത്തിലായി എന്നും രാജകൊട്ടാരത്തിലേക്കു തന്നെ കൂട്ടിക്കൊണ്ടു പോകാൻ ശലോമോനയച്ച രഥങ്ങളെ നിരസിച്ചു എന്നുമാണ് പാരമ്പര്യം. സ്വജീവനെ തൃണവൽഗണിക്കുക മാത്രമല്ല, ജീവനെത്തന്നെ മറുവിലയായി നല്കിയാണ് നമ്മുടെ പ്രാണനാഥൻ നമ്മെ സ്നേഹിച്ചത്. ആ സ്നേഹക്കൊടി നമ്മുടെ മീതെ പിടിച്ചുകൊണ്ട്, നാം താളടിയായിപ്പോകാതെ ജയോത്സവമായി അവിടുന്നു നമ്മെ നടത്തുന്നു. കാൽവറി മേട്ടിൽ നാട്ടപ്പെട്ട ഒരു കൊടിമരം നമുക്കറിയാം. “ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു.” (റോമർ 5:8)

“അവിടത്തെ പുത്രന്മാർ അങ്ങയുടെ അനന്തരാവകാശികളായി അവരോധിക്കപ്പെടും; അങ്ങ് അവരെ ഭൂമിയിലെങ്ങും പ്രഭുക്കന്മാരായി വാഴിക്കും.”

സങ്കീ 45, 16-ാം വാക്യം സഹസ്രാബ്ദവാഴ്ചയിൽ സംഭവിക്കാനിരിക്കുന്നതിന്റെ സൂചനയായി കണക്കാക്കാം. നമ്മുടെ കർത്താവും പത്രോസ് അപ്പോസ്തലനുമായി നടന്ന ഈ സംഭാഷണം നമുക്കു സുപരിചിതമാണല്ലോ: “ഇതാ, ഞങ്ങൾ സകലതും ഉപേക്ഷിച്ച് അങ്ങയെ അനുഗമിച്ചല്ലോ; ഞങ്ങൾക്ക് എന്താണു ലഭിക്കുക?” മറുപടി: “പുതിയ യുഗത്തിൽ മനുഷ്യപുത്രൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഉപവിഷ്ടനാകുമ്പോൾ, എന്നെ അനുഗമിച്ച നിങ്ങൾ, പന്ത്രണ്ട് സിംഹാസനങ്ങളിൽ ഇരുന്ന്, ഇസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളെ ന്യായം വിധിക്കും എന്നു നിശ്ചയമായും ഞാൻ നിങ്ങളോടു പറയുന്നു.” മത്താ (19:28) SV

# വാഗ്ദത്തയുഗം

അശോക് കുമാർ, തിടനാട്



യുഗപരമായ പഠനശാഖയിലെ പ്രധാന ഭാഗമാണ് വാഗ്ദത്തയുഗം. വാഗ്ദത്തം എന്നാത് ഒരു വ്യക്തിയുടേയോ, സമൂഹത്തിന്റെയോ നൻമയ്ക്കും സന്തോഷത്തിനുംവേണ്ടി ചിലത് നല്കാമെന്നോ, പ്രത്യേക കാര്യം ചെയ്യാമെന്നോ നൽകുന്ന ഉറപ്പാണ്. അബ്രഹാമിനോടും സന്തതികളോടും ദൈവം നൽകിയ വാഗ്ദാനങ്ങളുടെ യുഗമാണ് വാഗ്ദത്തയുഗം.

എന്നാൽ, ദൈവം പ്രത്യേകമായി ചില വാഗ്ദാനങ്ങൾ മനുഷ്യർക്ക് നല്കി, ദൈവം അവ കാലാനുസൃതമായി പൂർത്തീകരിക്കുന്നു. അതിൽ മനുഷ്യരുടെ വീണ്ടെടുപ്പ്, അനുഗ്രഹങ്ങൾ എന്നിവ ഉണ്ട്. ചിലത് പൂർത്തീകരിച്ചു, ചിലത് പൂർത്തീകരിക്കുന്നു, ചിലത് പൂർത്തീകരിക്കും.

ദൈവം ചെയ്ത വാഗ്ദത്തങ്ങൾ എത്ര ഉണ്ടെങ്കിലും അവനിൽ ഉവ്വ് എന്നത്രേ(2 കൊരി.1:20). വാഗ്ദത്തം ചെയ്തതു പ്രവർത്തിപ്പാൻ അവൻ ശക്തൻ (റോമ.4:21). ദൈവം സത്യം ചെയ്തവൻ (എബ്രാ.6:3). ദൈവം ചെയ്ത വാഗ്ദത്തങ്ങൾ ഏതുകാലത്തു ജീവിക്കുന്നവർക്കും അവരുടെ ജീവകാലത്ത് അനുഭവമാക്കാം. വ്യക്തിപരമായി അനുഭവമാക്കാവുന്ന നിരവധി വാഗ്ദത്തങ്ങളുണ്ട്. ഉദാഹരണമായി, ഞാൻ നിങ്ങളെ ഒരുനാളും കൈവിടില്ല, ഉപേക്ഷിക്കില്ല (എബ്രാ.13:5). ഞാനോ ലോകാവസാനത്തോളം നിങ്ങളോടുകൂടെ ഉണ്ട്(മത്താ.28:20).

ദൈവം ആദമിനെ സൃഷ്ടിച്ച് വാഗ്ദത്തങ്ങൾ നൽകി. മനുഷ്യൻ പരാജിതനായപ്പോൾ സ്ത്രീയുടെ സന്തതിയായി രക്ഷകൻ വരുമെന്ന് വാഗ്ദത്തം ചെയ്തു (ഉല്പ.3:15, ഗലാ.4:4). തുടർന്ന്, നിരവധി വാഗ്ദത്തങ്ങൾ അതാതു സമയങ്ങളിൽ. ഒടുവിൽ ദൈവമുഖം കണ്ട് ആരാധിക്കുന്ന വാഗ്ദത്തം (വെളി.22). ഇങ്ങനെ, നാം വിലയിരുത്തിയാൽ ദൈവം മനുഷ്യന് എല്ലാക്കാലത്തും വാഗ്ദത്തങ്ങൾ നല്കിയിട്ടുണ്ട്. അതായത്, ഒരു വ്യക്തി ഭൂമിയിൽ ജനിക്കുന്ന നാൾ മുതൽ ആ വ്യക്തിയുടെ മരണം വരെ ദൈവവാഗ്ദത്തങ്ങൾ ഉണ്ട്. അതുകൊണ്ട്, ബൈബിളിനെ ദൈവവാഗ്ദത്തങ്ങളുടെ ഗ്രന്ഥം എന്നു വിശേഷിപ്പിക്കാം.ആ ദൈവവാഗ്ദത്തങ്ങളിൽ വിശ്വസിച്ച് തുടരാം.

വാഗ്ദത്തയുഗം എന്നറിയപ്പെടുന്ന കാലം, അതിൽ നമുക്കുള്ള പങ്ക് തുടങ്ങിയവ നമുക്ക് ചിന്തിക്കാം.

## വാഗ്ദത്തയുഗം

യുഗപരമായ പഠനത്തിൽ പ്രാധാന്യമർഹിക്കുന്നതാണ് വാഗ്ദത്തയുഗം. ദൈവം അബ്രഹാമിനോട് വാഗ്ദത്തം ചെയ്തത് പ്രാധാന്യമുള്ളവയാണ്. അതുകൊണ്ട്,അബ്രഹാമിന്റെ കാലം മുതൽ യിസ്രായേൽ പ്രവാസകാലത്തുനിന്ന് കനാനിലേക്കുള്ള യാത്രയിൽ മോശെയിലൂടെ ന്യായപ്രമാണം ലഭിക്കുന്നതുവരെയുള്ള കാലത്തെയാണ് വാഗ്ദത്തയുഗം എന്നറിയപ്പെടുന്നത്.

## വാഗ്ദത്തങ്ങളും നിവർത്തീകരണങ്ങളും

അബ്രഹാമിന് മെസപ്പൊത്താമ്യയിൽവച്ച് ദൈവം പ്രത്യക്ഷനായി കാണിപ്പാനുള്ള ദേശത്തേക്ക് ചെല്ലുക എന്നു കല്പിച്ചു(അപ്പോ.7:2,3). ആ യാത്ര ഹാരാനിൽ എത്തി. പിതാവ് മരിച്ചു. വീണ്ടും ദൈവം അബ്രഹാമിനെ വിളിച്ച് വാഗ്ദത്തങ്ങളും ഉത്തരവാദിത്വങ്ങളും ഏല്പിക്കുന്നു (ഉല്പ.12:1,2). അബ്രഹാമിനോടുള്ള വാഗ്ദത്തങ്ങൾ ഉല്പത്തി 12 മുതൽ 17 വരെയുള്ള അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

1. ഞാൻ നിന്നെ വലിയൊരു ജാതിയാക്കും (ഉല്പ.12:2; 13:16)

ദൈവം അബ്രഹാമിന് ഭൂമിയിലെ പൊടിപോലെ ഭൗതീക സന്തതികളെയും(യിസ്രായേൽ) (ഉല്പ.13:16,യോഹ.8:37) ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെ ആത്മീകസന്തതികളെയും (വിശ്വാസികൾ) നല്കി (റോമ.4:16,ഗലാ.3:7).

2. ഞാൻ നിന്നെ അനുഗ്രഹിക്കും (ഉല്പ.12:2; 15:6,18; യോഹ.8:56).

ദൈവം അബ്രഹാമിനെ ജീവിച്ചിരുന്നപ്പോൾ അനുഗ്രഹിച്ചു. കനാൻദേശം, സന്തതി, സമ്പത്ത് ഇവയെല്ലാം അതിന്റെ തെളിവു കളാണ്.

3. നിന്റെ പേർ വലുതാക്കും (ഉല്പ.12:2)

അബ്രാം അബ്രഹാമായി (ഉല്പ.17:5). വചനത്തിൽ ഏറ്റവും അധികം പരാമർശിക്കപ്പെടുന്നതും, യിസ്രായേൽ, വിശ്വാസികൾ തുടങ്ങിയ സമൂഹങ്ങൾ ബഹുമാനിക്കുന്നതും അബ്രഹാമിയാണ്. (യോഹ.8:39; ഗലാ.3:16; 3:7), പറുദീസയുടെ പ ര്യായയാണ് അബ്രഹാമിന്റെ മടി (ലൂക്കോ.16:22), ജീവിച്ചിരിക്കുന്നു, കാണുന്നു (മത്താ.22:32, യോഹ.8:56) ദൈവം ലജ്ജിക്കുന്നില്ല (എബ്രാ.11:16), ദൈവത്തിന്റെ സ്നേഹിതൻ (യാക്കോ.2:23).

4. നീ ഒരു അനുഗ്രഹമായിരിക്കും (ഉല്പ.12:2)

വിശ്വാസ വിഷയത്തിൽ അബ്രഹാം മാതൃകയും അനുഗ്രഹ വുമായി. വിശ്വസിച്ചു, അനുസരിച്ചു (എബ്രാ.11:8). വിശ്വസിച്ച് അനുഗ്രഹി ക്കപ്പെട്ടു (ഉല്പ.15:5,6). നിരാശയിലാകാതെ അനുഗ്രഹമായി (റോമ.4:17-20). മകനെ യാഗം അർപ്പിച്ചു അനുഗ്രഹിക്കപ്പെട്ടു (എബ്രാ.11:17-19), ലോത്തും (ഉല്പ.19:29) യിസ്രായേലും, വിശ്വാസികളും അബ്രാഹാമിനാൽ അനുഗ്രഹിക്കപ്പെട്ടു (പുറ.2:23, ഗലാ.3:14, റോമ.4:23).

5. നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും (ഉല്പ.12:3)

അബ്രഹാമിനെയും സന്തതികളെയും അനുഗ്രഹിച്ചവർ അനുഗ്രഹിക്കപ്പെട്ടു(ഉല്പ.20:17, 21:23,24; യോശു.6:23; മത്താ.25:35 40, അപ്പോ.28:7-10).

6. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും. (ഉല്പ.12:3)

മിസ്രയീമ്യർ (ഉല്പ.15:14) കനാന്യർ (ഉല്പ.15:16-21) യോശു.12:8-24 ബാബിലോണ്യർ (ദാനി.5:20) തുടങ്ങി അബ്രഹാമിന്റെ സന്തതിയായ യിസ്രായേലിനെ നശിപ്പിക്കുവാൻ ശ്രമിച്ചവരെല്ലാം ശപിക്കപ്പെടുകയും നിർമ്മൂലമാക്കപ്പെടുകയും ചെയ്തു.

7. നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും (ഉല്പ.12:3)

ഈ വാഗ്ദത്തം യേശുക്രിസ്തു വിൽ നിറവേറുന്നു(ഗലാ.3:16). കർത്താവിന്റെ ജനന ജീവിത മരണ അടക്ക പുനരുത്ഥാനത്താൽ ഇവ നിറവേറി.

8. ബഹുജാതികൾക്ക് പിതാവ് (ഉല്പ.17:4)

അബ്രഹാമിന്റെ സന്തതികൾ; സാറയിലൂടെ യിസ്രായേൽ, ഹാഗാറിലൂടെ (ഉല്പ.25:12-18) കെതൂറയിലൂടെ (ഉല്പ.25:15), വിശ്വാസികൾ (ഗലാ.3:14, 1 കൊരി.12:13, ഗലാ.3:28,29; വെളി.5:9). ഇവരുടെയെല്ലാം പിതാവായി അബ്രഹാം അറിയപ്പെടുന്നു.

SOUTHERN VOICE

9. അനേകജാതികൾ, രാജാക്കൻമാർ, രാജാവ് (ഉല്പ.17:6)

രാജാക്കൻമാർ (ഉല്പ.36:31-39), യിസ്രായേൽ രാജാക്കൻമാർ (1,2 ശമുവേൽ, 1,2 രാജാക്കൻമാർ, 1,2 ദിനവൃത്താന്തം) നിത്യരാജാവായി ക്രിസ്തു. (മത്താ.1:1, 2:2).

ഈ വാഗ്ദത്തങ്ങൾ അബ്രഹാ മിന്റെയും തലമുറകളുടെയും, ഇന്ന് വിശ്വാസികളുടെ അനുഭവത്തിലുടെയും ഭൂമിയോടു ബന്ധപ്പെട്ടും സംഭവിച്ചു കൊണ്ടിരിക്കുന്നു.

## വാഗ്ദത്ത യുഗത്തോട് ബന്ധപ്പെട്ട് യഹൂദർ

അബ്രഹാമിന് നല്കിയ ഭൗതിക വാഗ്ദത്തങ്ങൾ യിസ്രായേല്യ സന്തതി പരമ്പരകൾക്ക് ലഭ്യമായി, ചിലത് ഇനിയും ലഭിക്കും. ഇതിൽ രാജ്യം, രാജാക്കൻമാർ, വാഗ്ദത്ത മശിഹ, ക്രിസ്തുവിന്റെ രാജ്യം ഇവയെല്ലാം ഉൾപ്പെടുന്നു.

## വാഗ്ദത്തയുഗം വിശ്വാസികൾക്ക്

വിശ്വാസികൾക്ക് അബ്രഹാ മിലൂടെ ലഭിച്ച വാഗ്ദത്തങ്ങൾ 1 വാഗ്ദത്ത സന്തതി ക്രിസ്തു (ഗലാ.3:16,18), ഒരാട്ടിൻകൂട്ടം (യോഹ.10:16)., പറുദീസ (ലൂക്കോ.16:19-31, 2 കൊരി.12:1,2), അനുഗ്രഹിക്കപ്പെട്ടവർ (അപ്പോ.3:25,26), രക്ഷ (ലൂക്കോ.2:31), പന്തിയിലിരിക്കുന്നവർ (ലൂക്കോ.13:19), നീതീകരണം (റോമ.4:24,25), നീതി (റോമ.4:22,23), വാഗ്ദത്ത സന്തതികൾ (റോമ.9:7,8), അബ്രഹാമിന്റെ മക്കൾ (ഗലാ.7,29) അബ്രഹാമിനോടുകൂടെ അനുഗ്രഹിക്കപ്പെട്ടവർ (ഗലാ.3:9) പരിശുദ്ധാത്മാവിനെ ലഭിച്ചവർ (ഗലാ.3:14), അവകാശികൾ (ഗലാ.3:29), നിത്യജീവൻ (2തിമൊ.1:1), നിത്യ അവകാശം (എബ്രാ.9:15), ജീവന്റെ വാഗ്ദത്തം (1 യോഹ.2:2) എന്നിവയ ണ്. ഈ വാഗ്ദത്തങ്ങളെല്ലാം വിശ്വാസികൾക്ക് ലഭിച്ചിരിക്കുന്നു. ഇവയുടെ നൻമകൾ നാം ഓരോ നാളിലും അനുഭവിക്കുന്നു. ഭാവിയിൽ പ ൂർണ്ണമായും അനുഭവിക്കും. ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന്റെ കൂട്ടവകാശികളുമായി, ഈ താഴ്ചയുള്ള ശരീരം കർത്താവിന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായിത്തീർന്ന്, സ്വർഗ്ഗത്തിൽ കർത്താവിന്റെ കൈയിൽ നിന്ന്, ജീവിതത്തിന്റെ അടിസ്ഥാനത്തിൽ പ്രതിഫലങ്ങൾ വാങ്ങി, ദൈവത്തിന്റെ മുഖം കണ്ട് ആരാധിക്കുമ്പോൾ വാഗ്ദത്തങ്ങളുടെ പൂർണ്ണതയിലേക്ക് നാം പ്രവേശിക്കും. വാഗ്ദത്തം അനുഭവിക്കുവാൻ നമ്മെ വിളിച്ച് അത് പൂർത്തീകരിക്കുന്ന ദൈവത്തിനു സർവ്വ മഹത്വവുംനമ്മുക്ക് അർപ്പിക്കാം. SV

# ന്യായപ്രമാണയുഗം



ധർമ്മരാജ് കന്നുമാമൂട്

സീനായ് മുതൽ കാൽവരി വരെയുള്ള കാലം ഇതിൽ ഉൾപ്പെടും. മോശെ മുതൽ യോഹന്നാൻ വരെയെന്നു കർത്താവു വ്യക്തമായി പറഞ്ഞു (ലൂക്കോ.16:16, മത്താ.11:13). അന്ന്, എഴുതപ്പെട്ട ഒരു പ്രമാണം ദൈവം മനുഷ്യനു, പ്രത്യേകിച്ച് യിസ്രായേൽ ജനത്തിനു കൊടുത്തിരുന്നു. ആദ്യമായി പഞ്ചഗ്രന്ഥങ്ങളും ശേഷം പഴയനിയമം മുഴുവനായും അതിനോടു ചേർക്കപ്പെട്ടു. അവയ്ക്ക് മുഴുവനായും ന്യായപ്രമാണമെന്ന് 1 കൊരി.14:21 -ൽ പറയുന്നു. ഈ വാക്യ ഉദ്ധരണി യെശ.28:11,12- ൽ നിന്നും എടുത്തിട്ടുള്ളതാണ്. പഴയനിയമ തിരുവെഴുത്തുകളായ 39 പുസ്തകങ്ങളെയും ന്യായപ്രമാണം എന്ന് ചില സമയങ്ങളിൽ വിളിച്ചുവന്നിരുന്നു. യോഹ.10:34, സങ്കീ.82:6 എന്നീ ഭാഗങ്ങൾ ഒത്തു നോക്കുക. ഈ കാലഘട്ടത്തിലെ രക്ഷാവ്യവസ്ഥ അതുചെയ്യുന്ന മനുഷ്യൻ അതിനാൽ ജീവിക്കും എന്നാണ് ലേവ്യ.18:5, യെഹെ.20:11, റോമ.10:5,ഗലാ.3:12,ആവ.6:25. വിശ്വാസം അല്ല, പ്രവർത്തികളുടെ അടിസ്ഥാനത്തിൽ, എന്നുവച്ചാൽ വിശ്വാസത്തോടുകൂടിയ പ്രവർത്തികളുടെ അടിസ്ഥാനത്തി; ലഭിക്കുന്ന രക്ഷ ആകുന്നു. യാക്കോ.2:17-26. പ്രവർത്തി ഇല്ലാത്ത വിശ്വാസം നിർജ്ജീവമാകുന്നു. എന്നാൽ, മനുഷ്യൻ വെറും ന്യായപ്രമാണത്തിന്റെ പ്രവർത്തികളാൽ നീതീകരിക്കപ്പെടുന്നില്ല ഗലാ.2:16, റോമ.3:20. ന്യായപ്രമാണം നമ്മെ ക്രിസ്തുവിങ്കലേക്കു നടത്തുന്ന ശിശുപാലകനായിരുന്നു (ഗലാ.3:24). എന്നു പറഞ്ഞാൽ, പാപത്തെ തെളിയിക്കുകയും പരിഹാരത്തിനായി ക്രിസ്തുവിനെ ചൂണ്ടിക്കാണിക്കുകയും ചെയ്തു. ന്യായപ്രമാണത്താൽ അല്ലാതെ പാപത്തെ അറിഞ്ഞില്ല (റോമ.7:7, എബ്രാ.9:22). ന്യായപ്രമാണം പുതിയനിയമ സത്യങ്ങളുടെ നിഴലും (എബ്രാ.10:1) പുതിയനിയമം പൊരുളും (കൊലൊ.2:16,17) ആകുന്നു. പൊരുൾ ക്രിസ്തുവും പുതിയനിയമ സത്യങ്ങളുമാണ്. ക്രിസ്തുവിൽ പഴയനിയമ സത്യങ്ങൾ എല്ലാം നിവർത്തിക്കപ്പെട്ടു.

## ന്യായപ്രമാണയുഗ യാഗങ്ങൾ

**പെസഹാ കുഞ്ഞാടും വിവിധ യാഗങ്ങളും.**

പെസഹയുടെ പൊരുൾ ക്രിസ്തു (1 കൊരി.5:7). മറ്റു യാഗങ്ങളെ അഞ്ചായി തിരിക്കാം. ഹോമയാഗം, ഭോജനയാഗം, സമാധാനയാഗം, പാപയാഗം, അകൃത്യയാഗം എന്നിവയാകുന്നു. ആദ്യത്തെ മൂന്നു യാഗങ്ങൾ സൗരഭ്യവാസനയായ യാഗം (ലേവ്യ.1:9, 2:2,9). ഇവയുടെ പൊരുൾ ക്രിസ്തുവാകുന്നു (എഫെ.5:2). ഒടുവിലത്തെ രണ്ടും പാപയാഗം ലേവ്യ.4:35, അകൃത്യയാഗം ലേവ്യ.5:6. ഇവയുടെ പൊരുൾ ക്രിസ്തു (1 യോഹ.2:2). ഇങ്ങനെ ന്യായപ്രമാണവും അവയുടെ പൊരുളും ക്രിസ്തു തന്നെയാകുന്നു. ന്യായപ്രമാണത്തിന്റെ പ്രവർത്തികളായ കർമ്മങ്ങളാൽ രക്ഷ ഇല്ലായിരുന്നു. എന്നാൽ ന്യായപ്രമാണം ചൂണ്ടിക്കാണിക്കുന്ന ക്രിസ്തു യേശുവിലെ വിശ്വാസത്താൽ രക്ഷ ലഭിച്ചിരുന്നു.

## ന്യായപ്രമാണ യുഗത്തിലെ വിശ്വാസികൾ

1) മോശെ: 11:26, 2) ദാവീദ്: സങ്കീ.51:11,12,17; 32:1,5; റോമ.4:6. 3) ആസാഫ്: സങ്കീ.73:23-28, 4) കോരഹ് പുത്രൻമാർ: സങ്കീ.84,85 5) ദാനിയേൽ: ദാനി.10:11 21; 12:14. 6) ശിമയോൻ: ലൂക്കോ.2:25-35, 6) ഹന്ന: ലൂക്കോ.2:36-38. ഇങ്ങനെ അനേകർ ന്യായപ്രമാണയുഗത്തിലെ വിശ്വാസികളായിരുന്നു. അവർ തങ്ങളുടെ വിശ്വാസത്തെ നിഴലുകളിൽകൂടി പ്രതീക്ഷപ്പെടുത്തി. അതുകൊണ്ടാണ് അവരെക്കുറിച്ച് സങ്കീ.50:5 -ൽ പറഞ്ഞിരിക്കുന്നത്. പഴയനിയമ വിശുദ്ധൻമാർ ന്യായപ്രമാണപ്രകാരമുള്ള യാഗം ക്രിസ്തുവിനു നിഴലായി കഴിച്ചു ദൈവത്തോടു നിയമം ചെയ്തവർ ആകുന്നു.

## ന്യായപ്രമാണയുഗത്തിലെ ആരാധനയും പൗരോഹിത്യവും

ദൈവം യിസ്രായേൽ മക്കളുടെ നടുവിൽ വസിപ്പാൻ ഒരു വിശുദ്ധമന്ദിരം ഉണ്ടാക്കണം (പുറ. 20:8,9).

സീനായ് മലയിൽ ദൈവം മോശെക്കു കാണിച്ചുകൊടുത്ത മാതൃകപ്രകാരം സമാഗമനകൂടാരം പണിതു(പുറ.39:32). സമാഗമന കൂടാരത്തിന്റെ ഉപകരണങ്ങളായ പിച്ചളത്തൊട്ടി, താമ്രയാഗപീഠം, നിലവിളക്ക്, കാഴ്ചയപ്പത്തിന്റെ മേശ, ധൂപപീഠം, നിയമപെട്ടകം, കൃപാസനം എന്നിവ ക്രിസ്തുവിനു നിഴലാണ്(അപ്പോ.7:44). ഈ ദൈവീകകൂടാരത്തിലാണ് യിസ്രായേൽമക്കൾ ആരാധിച്ചത്. ഇവിടെ ഉണ്ടായിരുന്ന പൗരോഹിത്യം ലേവ്യ ക്രമപ്രകാരം അഹരോന്യ പൗരോഹിത്യം ആയിരുന്നു (പുറ.28:1; 29:43). പൗരോഹിത്യം അഹരോന്റെ കുടുംബത്തിൽ ദൈവം നിലനിർത്തി. അഹരോൻ മഹാപുരോഹിതനായിരുന്നു. സമാഗമനകൂടാരത്തിന്റെ കാലശേഷം ശലോമോൻ പണിത ദേവാലയത്തിൽ ആരാധന തുടർന്നു. ശലോമോൻ പണിത ദൈവാലയത്തിലെ ആരാധന 400 വർഷങ്ങൾ തുടർന്നു. ബി.സി.586 -ൽ ദൈവാലയത്തിലെ ആരാധന നിന്നുപോയി. എങ്കിലും സെരുബാബേൽ, എസ്രാ, നെഹമ്യാവ് എന്നിവർ പുതുക്കിപ്പണിത ദൈവാലയത്തിലെ ആരാധന എഡി.70 വരെ തുടർന്നുപോന്നു. ക്രിസ്തുവിന്റെ കാലത്തെ ദൈവാലയം മഹാനായ ഹെരോദാവ് പുതുക്കിപ്പണിതതാണ്. SV

# കൃപായുഗ രക്ഷ ഒരു പഠനം

ഇ.എസ്. തോമസ്, ഇടയറമുള




മനുഷ്യവർഗ്ഗത്തിനുവേണ്ടി ദൈവം ഒരുക്കിയിരിക്കുന്ന രക്ഷാ മാർഗ്ഗത്തെ പ്രത്യേക യുഗങ്ങളിൽ കൂടി വേർതിരിച്ച് പഠിക്കുന്ന ഒരു പഠനശാഖയുണ്ട്, ഇതിനെയാണ് യുഗപരമായ രക്ഷ എന്ന് അറിയപ്പെടുന്നത്. അതിൽ കൃപാ യുഗത്തെ സംബന്ധിച്ചാണ് ഇവിടെ നാം പഠിക്കാൻ ആഗ്രഹിക്കുന്നത്.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കാൽവരി മരണം മുതൽ മധ്യാകാശ വരവു വരെയുള്ള കാലയളവനെയാണ് കൃപായുഗം എന്നു പൊതുവെ പറയുന്നത്. വളരെ സൂക്ഷ്മമായി ചിന്തിച്ചാൽ, പെന്തിക്കോസ്ത് നാൾ മുതലുള്ള സമയമേ ഇതിൽ ഉൾപ്പെടുകയുള്ളൂ. ഇത് നാം ജീവിക്കുന്ന ഈ കാലയളവാണ്, ഈ കാലത്തെ നമ്മുടെ രക്ഷയുടെ അനുഭവമാണ്. കൃപായുഗകാലത്തെ രക്ഷ വളരെ പ്രധാനപ്പെട്ട ഒന്നാണ്. കൃപായുഗ കാലത്തെ പ്രധാന പ്രസംഗ വിഷയവും വിശ്വാസ വിഷയവും മനുഷ്യാവതാരം എടുത്ത് ജീവിച്ച് മരിച്ച് ഉയർത്തെഴുന്നേറ്റ് , സ്വർഗ്ഗാരോഹണം ചെയ്ത യേശുക്രിസ്തു എന്നുള്ളതാണ്. "ദാവീദിന്റെ സന്തതിയായി ജനിച്ച് മരിച്ചിട്ട് ഉയർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക അതാകുന്നു എന്റെ സുവിശേഷം" (2 തിമോത്തി.2:8)

## കൃപായുഗം എന്ന പേരിന് കാരണം

ഏത് യുഗത്തിലും രക്ഷ ദൈവകൃപ ലഭിച്ചിട്ടില്ലാതെ മനുഷ്യന് സാധിക്കുകയില്ല. മനസ്സാക്ഷി യുഗത്തിൽ ജീവിച്ച നോഹയ്ക്ക് ദൈവകൃപ ലഭിച്ചു ( ഉല്പത്തി 6:8) മഹാപീഡനകാലത്ത് രക്ഷിക്കപ്പെടുവാൻ പോകുന്നവരും കൃപയാലാണ് രക്ഷ പ്രാപിക്കുന്നത് (വെളിപ്പാ. 7:10). ഈ കാലത്തെ രക്ഷയെ കുറിച്ച് പൗലോസ് പറയുമ്പോൾ, "കൃപയാലല്ലോ വിശ്വാസം മൂലം നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നത് " എന്നാകുന്നു പറയുന്നത്.( എഫെ. 2:8) രക്ഷ നമ്മുടെ പ്രവർത്തിയുടെ ഫലമായിട്ടല്ല. ഇപ്പോൾ രക്ഷയ്ക്ക് മുഖാന്തരമായി ഭവിക്കുന്ന വിശ്വാസവും അതിന് കാരണം നാം അല്ല എന്ന് പറഞ്ഞിരിക്കുന്നു, അത് ദൈവം ദാനമായി നൽകിയിട്ടുള്ളതാണ്. അവന്റെ നിറവിൽ നിന്ന് നമുക്കെല്ലാവർക്കും കൃപമേൽ കൃപ



ലഭിച്ചിരിക്കുന്നു. കൃപയാൽ കൃപയാൽ മാത്രം മനുഷ്യൻ രക്ഷ പ്രാപിക്കുന്നു എന്ന് സാരം. അതുകൊണ്ട് ഈ യുഗത്തിന് കൃപായുഗം എന്ന് നാമകരണം ചെയ്തിരിക്കുന്നു "കൃപയാൽ എങ്കിൽ പ്രവർത്തിയാലല്ല അല്ലെങ്കിൽ കൃപ കൃപയല്ല."

കൃപായുഗത്തിൽ ദൈവം അടയാളമായി ഒന്നും നിയമിച്ചിട്ടില്ല. "യഹൂദന്മാർ അടയാളം ചോദിക്കുകയും യവനന്മാർ ജ്ഞാനം അന്വേഷിക്കുകയും ചെയ്യുന്നു ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു"(1 കൊരി 1:22,23). തന്നിൽ വിശ്വസിക്കേണ്ടതിന് അടയാളം ചോദിച്ച യഹൂദന്മാരോട് "യോനയുടെ അടയാളം അല്ലാതെ മറ്റൊരു അടയാളം ഇല്ലെന്നാണ്" യേശു പറഞ്ഞത്.( മത്തായി 12 :39,40). വളരെ ചുരുക്കമായി പറഞ്ഞാൽ, കർത്താവായ യേശുക്രിസ്തുവിന്റെ മരണ പുനരുത്ഥാനങ്ങളാണ് കൃപായുഗത്തിലെ രക്ഷയ്ക്കുള്ള ഏക അടയാളം.

## കൃപായുഗത്തിൽ രക്ഷിക്കപ്പെടുന്ന വിധം

കൃപായുഗത്തിൽ വിശ്വാസത്താലുള്ള നീതികരണം സൗജന്യമായിട്ട് ലഭിക്കുന്നു(റോമ 3:24). "കർത്താവായ യേശുവിൽ വിശ്വസിക്കുക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും "എന്ന് പ്രവൃത്തികൾ. 16:31 -ൽ പറയുന്നു. യേശുവിനെ കർത്താവ് എന്ന് വായികൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും" ( റോമർ 10.9-10). ഹൃദയംകൊണ്ട് വിശ്വസിക്കുക, വായകൊണ്ട് ഏറ്റുപറയുക, നാമം വിളിച്ചു ഉപേക്ഷിക്കുക, ഈ മൂന്നു കാര്യങ്ങൾ ചെയ്യുമ്പോൾ ഈ കൃപായുഗത്തിൽ പാപികൾ രക്ഷിക്കപ്പെടുന്നു. "വചനം നിനക്ക് സമീപമായി നിന്റെ വായിലും നിന്റെ ഹൃദയത്തിലും ഇരിക്കുന്നു" എന്ന് എട്ടാം വാക്യത്തിൽ പഴയ നിയമ വാക്യം ഉദ്ധരിച്ചുകൊണ്ട് ആ പഴയ നിയമക്രമത്തെയും എട്ടാം വാക്യത്തിലെ ക്രമത്തെയും അടിസ്ഥാനമാക്കിയാണ് റോമർ പത്തിന്റെ ഒമ്പതും പത്തും വാക്യങ്ങൾ അപ്പോസ്തലൻ എഴുതിയിട്ടുള്ളത് .ഹൃദയംകൊണ്ട് നീതിക്കായി വിശ്വസിക്കുകയും, വായികൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യുന്നു. ദൈവനീതി നിറവേറ്റാതെ, രക്ഷിക്കപ്പെടുവാൻ ആർക്കും സാധിക്കില്ല എന്നുള്ള കാര്യം വളരെ വ്യക്തമായി ഇവിടെ പറയുകയാണ്. ഒരു വ്യക്തിയിൽ ആദ്യം ഉണ്ടാകേണ്ടത് മാനസാന്തരവും, അതേ, തുടർന്ന് ഏറ്റുപറച്ചിലും, ആണ്. ഒരു വ്യക്തി ക്രിസ്തുവിൽ പൂർണ്ണമായി വിശ്വസിച്ചു കഴിയുമ്പോൾ അവൻ രക്ഷിക്കപ്പെടുന്നു, അതായത് പുതുജീവൻ പ്രാപിക്കുന്നു.

"പുത്രനെ നോക്കിക്കൊണ്ട് അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകണമെന്ന് ആകുന്നു എന്റെ പിതാവിന്റെ ഇഷ്ടം ഞാൻ അവനെ ഒടുക്കത്തെ നാളിൽ ഉയർത്തെഴുന്നേൽപ്പിക്കും" എന്ന് യേശു പറയുന്നു.( യോഹന്നാൻ 6.40). ഈ ജീവിതകാലത്ത് ഒരുവന് രക്ഷിക്കപ്പെടുവാൻ സാധിക്കില്ല എന്നും, മരണശേഷമേ അത് സാധ്യമാകൂ എന്നും ചിന്തിക്കുന്നയാളുകൾ ഉണ്ട്, അവരോട് യേശുക്രിസ്തു പറയുന്നത് ഇങ്ങനെയാണ്: "ആമേൻ ആമേൻ ഞാൻ നിന്നോട് പറയുന്നു; എന്റെ വചനം കേട്ട് എന്നെ അയച്ചവനെ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്; അവൻ ന്യായവിധിയിൽ ആകാതെ, മരണത്തിൽ നിന്ന് ജീവനിലേക്ക് കടന്നിരിക്കുന്നു"(യോഹന്നാൻ 5:24).

ഈ കൃപായുഗത്തിൽ, ഒരുവൻ യേശുക്രിസ്തുവിൽ തന്റെ പാപപരിഹാരത്തിനായി വിശ്വസിക്കുന്നു, അപ്പോൾ തന്നെ അവൻ രക്ഷിക്കപ്പെടുന്നു.

ഇതുകൂടാതെ ഭൂതകാല രൂപത്തിലും, കൃപായുഗരക്ഷയെകുറിച്ച് പറഞ്ഞിട്ടുണ്ട്. "പ്രത്യാശിയാൽ അല്ലോ



നാം രക്ഷിക്കപ്പെട്ടിരിക്കുന്നത്"(റോമർ 8:24) "കൃപയാൽ അല്ലോ വിശ്വാസം മൂലം നിങ്ങൾ രക്ഷിക്കപ്പെടിരിക്കുന്നത്"(എഫേ.2:8).

## കൃപായുഗത്തിൽ രക്ഷാ നിർണ്ണയം ഉണ്ടാകുന്നത് എങ്ങനെ?

കൃപായുഗത്തിൽ, രക്ഷയുടെ വ്യവസ്ഥയെക്കുറിച്ച് തെളിയിക്കുന്ന ദൈവ വചനം അങ്ങനെ തന്നെ വിശ്വസിക്കുന്നത് മുഖാന്തരമാണ് രക്ഷാനിർണ്ണയം ഉണ്ടാകുന്നത്. റോമർ 10:9-10,,13, യോഹന്നാൻ 1:12. ഈ വാക്യങ്ങൾ രക്ഷയ്ക്കുള്ള നിബന്ധനകളാണ്. ഹൃദയം കൊണ്ട് വിശ്വസിക്കുക, വായികൊണ്ട് ഏറ്റു പറയുക, കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുക, കർത്താവിനെ കൈക്കൊള്ളുക ഇങ്ങനെയുള്ള നിബന്ധനകൾ ഈ വാക്യങ്ങളിൽ നാം കാണുന്നു. ഈ നിബന്ധനകൾ നിവർത്തിക്കുമ്പോൾ, ദൈവം പാപിയെ രക്ഷിച്ചു കഴിയും. "ദൈവത്തിന്റെ വാഗ്ദത്തങ്ങൾ എത്ര ഉണ്ടെങ്കിലും അവനിൽ ഉവ്വ് എന്നത്രേ" എന്ന് 2 കൊരിന്ത്യർ 1:20- ലും നാം വായിക്കുന്നുണ്ട്. വിശുദ്ധ ബൈബിളിലെ ദൈവം ഭോഷ്ക് പറയാത്തവൻ ആയതുകൊണ്ട് നിബന്ധനകൾ തികച്ച ഉടൻ താൻ നമ്മെ രക്ഷിച്ചു കഴിയും. അത് അങ്ങനെതന്നെ വിശ്വസിക്കുവാൻ നമുക്ക് സാധിക്കണം. എന്നാൽ, വിശ്വസിക്കുന്ന വ്യക്തിക്ക് തന്റെ ഏറ്റുപറച്ചിൽ തുടങ്ങിയുള്ളവ അടയാളങ്ങൾ ആയിരിക്കുന്നു. ഞാൻ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നത് ഞാൻ കർത്താവിൽ വിശ്വസിച്ചു എന്ന ഏക ന്യായത്താലാണ്. മറ്റുള്ളവർ എന്നെക്കുറിച്ച് വിശ്വസിക്കുന്നത് എന്റെ ഏറ്റുപറച്ചിൽ മുഖാന്തരമാണ്. അങ്ങനെ ഈ നിബന്ധനകൾ, അടയാളങ്ങളായും ഉറപ്പായും തീർന്നിരിക്കുന്നു

ഈ കൃപായുഗത്തിലെ രക്ഷയെ ദൈവം ഇത്രത്തോളം ലളിതമായ രൂപത്തിൽ വിശ്വാസത്താൽ, വിശ്വസിക്കുന്ന മാത്രയിൽ പാപിക്ക് ലഭിക്കുന്നതും കൃപയാൽ മാത്രം ലഭിക്കുന്നതുമായി നിയമിച്ചിരിക്കുകയാണ്. ഇതിന് വേണ്ടുന്ന പ്രവർത്തി 2000 വർഷങ്ങൾക്കു മുമ്പ് കർത്താവ് ക്രൂശിൽ നിവർത്തിച്ചിരിക്കുന്നു. യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തോടുകൂടി കൃപായുഗ രക്ഷ അതിന്റെ പൂർണ്ണതയെ പ്രാപിച്ചിരിക്കുന്നു. പെന്തിക്കോസ്ത് നാളിൽ പരിശുദ്ധാത്മാവിനെ ദാനമായി നൽകിക്കൊണ്ട് മനുഷ്യരിൽ അവനത് വ്യാപരിപ്പിച്ചു തുടങ്ങി. കർത്താവിന്റെ മധ്യാകാശ വരവോടുകൂടി ഈ പരിപാടി അവസാനിപ്പിക്കുകയും അതുവരെയുള്ള വിശുദ്ധന്മാരെ കർത്താവ് തന്റെ സന്നിധിയിൽ ചേർക്കുകയും ചെയ്യും. ചുരുക്കത്തിൽ പെന്തിക്കോസ്ത് നാൾ മുതൽ കർത്താവായ യേശുക്രിസ്തുവിന്റെ മധ്യാകാശ വരവുവരെയുള്ള കാലഘട്ടത്തിൽ യേശുക്രിസ്തുവിൽ വിശ്വസിച്ചു തൽക്ഷണം രക്ഷ പ്രാപിക്കുവാൻ ദൈവം ഒരുക്കിയ രക്ഷാമാർഗ്ഗമാണ് കൃപായുഗ രക്ഷ.

കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശീകരണത്തിന് മുമ്പുള്ള കാലത്ത് ജീവിച്ചിരുന്ന വിശ്വാസികൾ നിവർത്തിക്കപ്പെടുവാനുള്ള ക്രിസ്തുവിന്റെ യാഗത്തെ മുൻകണ്ട് രക്ഷിക്കപ്പെട്ടു. യേശുക്രിസ്തുവിന്റെ ക്രൂശ് മുതൽ, അഥവാ കൃപായുഗത്തിന്റെ ആരംഭം മുതൽ ചരിത്ര സംഭവമായി നിവർത്തിക്കപ്പെട്ട ക്രിസ്തുവിന്റെ പരമയാഗത്തെ വിശ്വാസത്താൽ കണ്ടുകൊണ്ട് പാപികൾ രക്ഷിക്കപ്പെടുന്നു. സംഖ്യാപുസ്തകത്തിൽ, വാഗ്ദത്ത ദേശം ഒറ്റു നോക്കുവാൻ പോയ ആളുകൾ, എസ്കോൽ താഴ്വരയിൽ നിന്ന് ഒരു മുന്തിരിക്കുല വള്ളിയോടു കൂടി പറിച്ചെടുത്ത് തണ്ടിലാക്കി ചുമന്നതിനെപ്പറ്റി വായിക്കുന്നുണ്ട്. ഒരാൾ മുമ്പിലും ഒരാൾ പുറകിലും, മുന്തിരിക്കുല നടുവിലും. പുറകിൽ നിന്ന് ചുമന്നവൻ, മുന്നോട്ടു നോക്കി മുമ്പിൽ ചുമക്കുന്നവന്റെ, പിറകിലായി മുന്തിരിക്കുല കാണുന്നു. മുമ്പിൽ നിൽക്കുന്നവൻ പിറകോട്ട് നോക്കി മുന്തിരിക്കുല കാണുന്നു. അങ്ങനെ, കർത്താവായ യേശുക്രിസ്തു ക്രൂശിൽ നിവർത്തിച്ച രക്ഷാമാർഗ്ഗം കൃപായുഗത്തിന് മുമ്പിലുള്ളവർ വിശ്വാസത്താൽ മുൻപോട്ടു നോക്കി വിശ്വസിക്കുകയും, ഈ കാലത്തിൽ ജീവിക്കുന്നവർ, ചരിത്രപുരുഷനായ യേശുക്രിസ്തുവിൽ നിവർത്തിക്കപ്പെട്ട രക്ഷാമാർഗ്ഗത്തെ പുറകോട്ട് നോക്കി വിശ്വസിച്ചു കൊണ്ട് പ്രത്യാശയുടെ തുറമുഖത്തേക്ക് യാത്ര ചെയ്യുകയും ചെയ്യുന്നു.

ഇങ്ങനെ, കർത്താവായ യേശുക്രിസ്തുവിന്റെ, ചരിത്രത്തിൽ നിറവേറിയ യാഗമരണത്തിലൂടെ മനുഷ്യവർഗ്ഗത്തിന് പെന്തിക്കോസ്ത് നാൾ മുതൽ സഭയെ ചേർക്കുവാൻ യേശുക്രിസ്തു മധ്യാകാശത്തിൽ വരുന്നത് വരെയുള്ള കാലഘട്ടത്തിൽ ആത്മരക്ഷ പ്രാപിക്കുവാൻ ദൈവം ഒരുക്കിയ രക്ഷാമാർഗത്തെയാണ് കൃപായുഗ രക്ഷ എന്ന് പറയുന്നത്.

ഈ വിധം നമ്മുടെ ആത്മാക്കൾക്ക് രക്ഷയെ ഒരുക്കി, വിശ്വാസത്താൽ അത് സ്വായത്തമാക്കുവാൻ നമ്മെ അനുഗ്രഹിച്ച സർവ്വ കൃപാലുവായ ദൈവത്തിന് സകല മഹത്വവും അർപ്പിച്ചുകൊണ്ട് നമ്മുടെ വിശ്വാസജീവിതയാത്ര നമുക്ക് മുമ്പോട്ട് തുടരാം, ദൈവം നമ്മെ സഹായിക്കട്ടെ

# സഹസ്രാബ്ദയുഗം



സാം സഖറിയ ,കൊട്ടാരക്കര

യേശുകർത്താവിന്റെ പുനരാഗമനത്തിന്റെ ആദ്യഘട്ടത്തിൽ സഭയുടെ ഉത്പ്രാപണം നടക്കും. സഭ കർത്താവിനോടുകൂടെ ആയിരിക്കും. തുടർന്നു ഭൂമിയിൽ ഉണ്ടാകുന്ന എതിർക്രിസ്തുവിന്റെ കിരാതഭരണം ഏഴുവർഷം ആയിരിക്കും. അക്കാലത്ത് യഹൂദാ ജനത്തിനുണ്ടാകുന്ന കഷ്ടത ഭീകരമായിരിക്കും. അനേകർ രക്തസാക്ഷികളായിത്തീരും. അവർ യഥാസ്ഥാനപ്പെടുവാൻ തക്കവണ്ണം ദൈവം അവർക്കു അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും ആത്മാവിനെ അയക്കും. അവർ കുത്തിയവങ്കലേക്കു നോക്കി വിലപിക്കും. തങ്ങൾ അനുഭവിക്കുന്ന ഈ കഷ്ടതയുടെയും പീഡനത്തിന്റെയുമെല്ലാം കാരണം മശിഹയെ തള്ളിക്കളഞ്ഞതാണ് എന്നു ഗ്രഹിക്കും. അവർ കുലംകുലമായും, ഗോത്രം ഗോത്രമായും അനുതപിച്ചു മശിഹായെ തങ്ങളുടെ രാജാവായി അംഗീകരിക്കും.

അപ്പോൾ കർത്താവു തന്റെ വിശുദ്ധൻമാരുമായി ഭൂമിയിലേക്കു വരും. തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ എതിർക്രിസ്തുവിനെയും കള്ളപ്രവാചകനെയും നശിപ്പിക്കും. അവരെ അഗ്നിത്തടാകത്തിലേക്കു തള്ളിക്കളയും. സാത്താനെ ആയിരമാണ്ടേക്ക് അഗാധത്തിൽ അടച്ചുപൂട്ടും. കർത്താവു ദാവീ ദിന്റെ സിംഹാസനത്തിൽ നീതി യോടെ വാഴും. അന്നു സഭ കർത്താവിനോടൊപ്പം ഉണ്ടായിരിക്കും. അനുഗ്രഹ സമ്പൂർണ്ണമായി ആയിരമാണ്ടിനെക്കുറിച്ചുള്ള വർണ്ണന തിരുവെഴുത്തിൽ നിന്നു നമുക്കു ഗ്രഹിക്കാം.

## അനുഗ്രഹപൂർണ്ണമായ ആയിരമാണ്ട്



ഇന്നുവരെ ലോകം കണ്ടിട്ടില്ലാത്ത അനുഗ്രഹങ്ങളാണ് സഹസ്രാബ്ദ വാഴ്ചയിൽ യിസ്രായേലിനു ലഭിക്കാൻ പോകുന്നത്. അവ ചിലതുമാത്രം ചുരുക്കമായി ചിന്തിക്കാം.

**1) സാർവ്വത്രിക നീതി**


“ഒരു രാജാവു നീതിയോടെ വാഴും”(യെശ.32:1) എന്ന പ്രവചനം നിവൃത്തിയാകുന്നു. നീതിയുള്ള ന്യായാധിപതി യേശു ക്രിസ്തു മാത്രമാണ്. മനുഷ്യൻ കണ്ണിനു കാണുന്നതു പോലെയും ചെവികൊണ്ടു കേൾക്കുന്നതുപോലെയും ന്യായംവിധിക്കുമ്പോൾ; കർത്താവു കണ്ണുകൊണ്ടു കാണുന്നതുപോലെ ന്യായപാലനം ചെയ്ക യില്ല, ചെവികൊണ്ടു കേൾക്കുന്നതുപോലെ വിധിക്കയുമില്ല. അവൻ ദരിദ്രൻമാർക്കു നീതിയോടെ ന്യായം പാലിച്ചുകൊടുക്കുകയും ദേശത്തിലെ സാധുക്കൾക്കു നേരോടെ വിധി കല്പിക്കയും ചെയ്യും..... നീതി അവന്റെ നടുക്കെട്ടും, വിശ്വസ്തത അവന്റെ അരക്കച്ചയും ആയിരിക്കും(യെശ.11:35). നീതിമാൻമാരായിരിക്കും അന്നു സീയോനിൽ വസിക്കുന്നത്. “നിന്റെ ജനമൊക്കെയും നീതിമാന്മാരാകും, ഞാൻ മഹത്വപ്പെടേണ്ടതിന് എന്റെ നടുതലയുടെ മുളയും എന്റെ കൈകളുടെ പ്രവൃത്തിയും ആയിട്ടു അവർ ദേശത്തെ സദാകാലത്തേക്കും കൈവശമാക്കും” (യെശ.60:21). അന്നാളിൽ യഹൂദാ രക്ഷിക്കപ്പെടും; യെരുശലേം നിർഭയമായി വസിക്കും; അതിനു യഹോവ നമ്മുടെ നീതി എന്നു പേർ പറയും(യിരെ.22:6).

**2) സാർവ്വത്രിക സമാധാനം**

യുദ്ധമില്ലാത്ത അവസ്ഥയ്ക്കാണ് സമാധാനം എന്നു പറയുന്നത്. ഇതുവരെ കണ്ടിട്ടില്ലാത്ത രണ്ടു യുദ്ധങ്ങൾ ഇനി നടക്കേണ്ടതായിട്ടുണ്ട്; ഹർമ്മഗെദ്ദോൻ യുദ്ധവും, ഗോഗ് മാഗോഗ് യുദ്ധവും. ഹർമ്മഗെദ്ദോൻ യുദ്ധത്തിൽ എതിർക്രിസ്തുവും കള്ളപ്രവാചകനും ഗന്ധക തീപ്പൊയ്കയിലേക്കു തള്ളപ്പെടും; ഗോഗ് മാഗോഗ് യുദ്ധത്തിൽ സാത്താന്റെ അന്ത്യവും സംഭവിക്കും. പിന്നെ യുദ്ധങ്ങളില്ലാത്ത സമാധാന പൂർണ്ണമായ നിത്യതയിലേക്കു ദൈവജനം പ്രവേശിക്കയാണ്. സഹസ്രാബ്ദ കാലയളവിൽ സാത്താൻ ബന്ധിക്കപ്പെട്ടിരിക്കുന്നതിനാൽ ജനം നിർഭയമായി വസിക്കും. എന്റെ ജനം സമാധാന നിവാസത്തിലും നിർഭയ വസതികളിലും സ്വൈര്യമുള്ള വിശ്രാമസ്ഥലങ്ങളിലും പാർക്കും(യെശ.32:18).അവർ തങ്ങളുടെ വാളുകളെ കൊഴുക്കളായും കുന്തങ്ങളെ വാക്കത്തികളായും അടിച്ചുതീർക്കും; ജാതി ജാതിക്കു നേരെ വാളോങ്ങുകയില്ല, അവർ ഇനി യുദ്ധം അഭ്യസിക്കയും ഇല്ല(യെശ.2:4) എന്ന വചനം നിവൃത്തിയാകും. നീതിയും സമാധാനവും തമ്മിൽ ചുംബിക്കുന്ന സുന്ദര മുഹൂർത്തമായിരിക്കും അത്(സങ്കീ.85:10).

**3) സാർവ്വത്രിക സന്തോഷം**

പാപമാണ് മനുഷ്യന്റെ സന്തോഷം നഷ്ടപ്പെടുത്തിയത്. പാപത്തിനു പരിഹാരം വന്നു കഴിയുമ്പോൾ ആ സന്തോഷം തിരികെ ലഭിക്കുന്നു. “അന്നാളിൽ ദാവീദു ഗൃഹത്തിനും, യെരുശലേം നിവാസികൾക്കും പാപത്തിന്റെയും മാലിന്യത്തിന്റെയും പരിഹാരത്തിനായി ഒരു ഉറവു തുറന്നിരിക്കും”(സെഖ.13:1). വിഗ്രഹങ്ങളാലും പരസംഗത്താലും മലിനമാക്കപ്പെട്ട ജനതയെ ശുദ്ധീകരിക്കുന്നതിനാൽ അവർക്കു ആത്മീകസന്തോഷം അനുഭവിപ്പാൻ കഴിയും. “ഞാൻ നിങ്ങളുടെമേൽ നിർമ്മലജലം തളിക്കും, നിങ്ങൾ നിർമ്മലരായിത്തീരും, ഞാൻ നിങ്ങളുടെ സകല മലിനതയെയും സകല വിഗ്രഹങ്ങളെയും നീക്കി നിങ്ങളെ നിർമ്മലീകരിക്കും” എന്നു ദൈവം അരുളിച്ചെയ്യുന്നു. അങ്ങനെ യഹോവയാൽ വീണ്ടെടുക്കപ്പെട്ടവർ മടങ്ങി ഉല്ലാസഘോഷത്തോടെ സീയോനിലേക്കു വരും; നിത്യാനന്ദം അവരുടെ തലമേൽ ഉണ്ടായിരിക്കും, അവർ ആനന്ദവും സന്തോഷവും



പ്രാപിക്കും, ദുഃഖവും നെടുവീർപ്പും ഓടിപ്പോകും(യെശ.35:10). അവർ സന്തോഷത്തോടെ രക്ഷയുടെ ഉറവുകളിൽ നിന്നു വെള്ളം കോരും. "യഹോവ സീയോനെ ആശ്വസിപ്പിക്കുന്നു........ അതിന്റെ മരുഭൂമിയെ ഏദനെപ്പോലെയും അതിന്റെ നിർജ്ജന പ്രദേശത്തെ യഹോവയുടെ തോട്ടം പോലെയും ആക്കുന്നു; ആനന്ദവും സന്തോഷവും സ്തോത്രവും സംഗീത ഘോഷവും അതിൽ ഉണ്ടാകും"(യെശ.51:3).

**4)സാർവ്വത്രിക വിശുദ്ധി**

ദൈവം വിശുദ്ധനാണ്, വിശുദ്ധി ദൈവത്തിൽനിന്ന് മനുഷ്യനിലേക്കു പകരപ്പെടുന്നതാണ്. പാപം മനുഷ്യനെ അശുദ്ധനാക്കി. അശുദ്ധനെ വിശുദ്ധനാക്കുന്ന ദൈവപ്രവൃത്തിയാണ് ക്രൂശിൽ നടന്നത്. ക്രിസ്തുവിന്റെ പ്രായശ്ചിത്ത ബലിയിൽ വിശ്വസിക്കുന്ന ഏവർക്കും വിശുദ്ധരായിത്തീരാം. എന്നാൽ, യഹൂദനെ സംബന്ധിച്ചിടത്തോളം അവർ അതിൽ വിശ്വസിക്കുന്നില്ല, എന്നു മാത്രമല്ല, യേശുവിനെ ക്രൂശിലേറ്റിയതിന്റെ പാപം വഹിക്കുന്നവരുമാണ്. അവർക്കു മാനസാന്തരപ്പെടുവാനും കുത്തിയവങ്കലേക്കു നോക്കി വിലപിക്കുവാനുമുള്ള ഒരു കാലയളവ് മഹാപീഡനത്തിലൂടെ ദൈവം നല്കി, അങ്ങനെ അവർക്കും വിശുദ്ധരായിത്തീരുവാൻ കഴിയും. "അവർ അവരെ വിശുദ്ധജനമെന്നും, യഹോവയുടെ വിമുക്തൻമാരെന്നും വിളിക്കും"(യെശ. 62:12). "കർത്താവിനാൽ വീണ്ടെടുക്കപ്പെട്ടവർക്കു സീയോനിലേക്കു വരുന്നതിനു ഒരു വിശുദ്ധവഴി ഉണ്ടായിരിക്കും. ഒരു അശുദ്ധനും അതിൽകൂടി കടന്നുപോകയില്ല" (യെശ.35:8). യോവേൽപ്രവാചകൻ പറയുന്നതിപ്രകാരമാണ്: "അങ്ങനെ ഞാൻ എന്റെ വിശുദ്ധപർവ്വതമായ സീയോനിൽ വസിക്കുന്നവനായി നിങ്ങളുടെ ദൈവമായ യഹോവ എന്നു നിങ്ങൾ അറിയും, യെരുശലേം വിശുദ്ധമായിരിക്കും; അന്യജാതിക്കാർ ഇനി അതിൽകൂടി കടക്കയുമില്ല" (യോവേ.3:17).

**5)പരിശുദ്ധാത്മ പൂർണ്ണത**

പുതിയനിയമ കാലഘട്ടത്തിൽ രക്ഷിക്കപ്പെട്ടവർ മാത്രമാണ് പരിശുദ്ധാത്മാവിനെ പ്രാപിച്ചവർ. പരിശുദ്ധാത്മാവിനാൽ മാത്രമേ യേശുവിനെ കർത്താവ് എന്നു ഏറ്റുപറയുവാൻ കഴികയുള്ളൂ (1 കൊരി.12:3). സഹസ്രാബ്ദ കാലയളവിൽ എല്ലാവരും ആത്മാവു ലഭിച്ചവർ ആയിരിക്കും. യോവേൽ പ്രവാചകൻ ഇപ്രകാരം പറയുന്നു: "അതിന്റെ ശേഷമോ ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും" (യോവേ.2:28,29). അപ്പോസ്തലനായ പത്രോസ് ഈ വാക്യങ്ങൾ പരിശുദ്ധാത്മ പകർച്ചയോടുള്ള ബന്ധത്തിൽ ഉദ്ധരിച്ചിട്ടുണ്ടെങ്കിലും അന്ന് അതിന്റെ ഭാഗിക നിവൃത്തി മാത്രമേ ഉണ്ടായിട്ടുള്ളൂ. ഇപ്പോൾ അവിടെ രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങളെല്ലാം നിവൃത്തിയാകും. "ദാഹിച്ചിരിക്കുന്നിടത്തു ഞാൻ വെള്ളവും വരണ്ട നിലത്തു നീരൊഴുക്കുകളും പകരും; നിന്റെ സന്തതിമേൽ എന്റെ ആത്മാവിനെയും നിന്റെ സന്താനത്തിൻമേൽ എന്റെ അനുഗ്രഹത്തെയും പകരും (യെശ.44:3).

**6)ആയുരാരോഗ്യ സമ്പദ് സമൃദ്ധി**

ആയുസ്സും ആരോഗ്യവും സമ്പത്തും എല്ലാവരും ആഗ്രഹിക്കുന്നെങ്കിലും ഇന്ന് എല്ലാവർക്കും അതു ലഭിക്കുന്നില്ല. രോഗങ്ങൾ വർദ്ധിച്ചതിനാൽ ആരോഗ്യം ക്ഷയിച്ച് ആയുസ്സു കുറഞ്ഞുകൊണ്ടിരിക്കുന്നു. എന്നാൽ സഹസ്രാബ്ദ കാലഘട്ടത്തിൽ "എനിക്കു ദീനം എന്ന് യാതൊരു നിവാസിയും പറകയില്ല. അതിൽ പാർക്കുന്ന ജനത്തിന്റെ അകൃത്യം മോചിക്കപ്പെട്ടിരിക്കും" (യെശ.33:24). രോഗങ്ങൾ ഇല്ലാത്തതിനാൽ ആയുസ്സും വർദ്ധിക്കും. "കുറെ ദിവസം മാത്രം ജീവിക്കുന്ന കുട്ടിയും ആയുസ്സു തികയാത്ത വൃദ്ധനും അവിടെ ഇനി ഉണ്ടാകയില്ല. പാപി നൂറു വയസ്സു പ്രായമുള്ളവനായി മരിക്കും" "നിന്റെ മുറിവുകളെ പൊറുപ്പിച്ച് നിനക്കു ആരോഗ്യം വരുത്തും എന്നു യഹോവയുടെ അരുളപ്പാട്" (യെശ.65:20, യിരെ.30:17). രോഗങ്ങൾ ഇല്ലാതിരിക്കയും മരണം ദുർല്ലഭമായിരിക്കയും ചെയ്യുന്ന ഒരു കാലം!

സമ്പദ്സമൃദ്ധിയും സന്താന വർദ്ധനവും ഈ കാലഘട്ടത്തിന്റെ ഒരു പ്രത്യേകതയാണ്. "നീ നിലത്തു വിതയ്ക്കുന്ന വിത്തിനു മഴയും, നിലത്തിലെ വിളവായ അപ്പവും അവൻ നിനക്കു തരും; അതു പുഷ്ടിയും സമൃദ്ധിയും ഉള്ളതായിരിക്കും. അന്നു നിന്റെ കന്നുകാലികൾ വിസ്താരമായ മേച്ചിൽപ്പുറങ്ങളിൽ മേയും"(യെശ.30:23). "അവർ വന്നു സീയോൻ മുകളിൽ കയറി ഘോഷിച്ചുല്ലസിക്കും; ധാന്യം, വീഞ്ഞു, എണ്ണ, കുഞ്ഞാടുകൾ, കാളക്കുട്ടികൾ എന്നിങ്ങനെയുള്ള യഹോവയുടെ നൻമയിലേക്ക് ഓടിവരും" എന്നു യിരെമ്യാവും പറയുന്നു.

ആയുസ്സും ആരോഗ്യവുമുള്ള ദമ്പതികളിൽനിന്ന് സന്താനസമൃദ്ധിയും ഉണ്ടാകും. "അവയിൽനിന്നു സ്തോത്രവും സന്തോഷിക്കുന്നവരുടെ ഘോഷവും പുറപ്പെടും; ഞാൻ അവരെ വർദ്ധിപ്പിക്കും, അവർ കുറഞ്ഞുപോകയുമില്ല. ഞാൻ അവരെ മഹത്വീകരിക്കും"(യിരെ.30:19,20). മഹാപീഡനകാലത്തു യഹൂദാജനത്തിനു വലിയ ആൾനാശം സംഭവിക്കും. മൂന്നിൽ ഒന്നു മാത്രമേ ശേഷിച്ചിരിക്കയുള്ളൂ(സെഖ.13:8). സഹസ്രാബ്ദ വാഴ്ചയിൽ ജനങ്ങൾ സ്വാഭാവിക ശരീരത്തിൽ ജീവിക്കുന്നവരാകയാൽ അവർക്കു കുഞ്ഞുങ്ങൾ ജനിക്കയും, ജനസംഖ്യ വർദ്ധിക്കുകയും ചെയ്യും. കുറഞ്ഞവൻ ആയിരമായും,

ചെറിയവൻ മഹാജാതിയായും തീരും എന്ന വചനം അന്നു നിവൃത്തിയാകും (യെശ.60:22).

**7) പരിജ്ഞാന പൂർണ്ണത**

സാക്ഷാൽ ജ്ഞാനം ക്രിസ്തുവാണ്; ദൈവഭക്തിയാണ് ജ്ഞാനത്തിന്റെ ആരംഭം. ദൈവത്തെ ത്യജിച്ച് ജ്ഞാനികൾ എന്നു ഭാവിക്കുന്നവരാണ് ഇന്നധികവും. യഥാർത്ഥ ദൈവഭക്തിയിലൂടെ നമുക്കു ലഭിക്കുന്ന ആത്മികജ്ഞാനം പ്രായോഗികതയിലാക്കുന്നതാണ് പരിജ്ഞാനം. "പരിജ്ഞാനമില്ലായ്കയാൽ എന്റെ ജനം നശിച്ചുപോകുന്നു, പരിജ്ഞാനം ത്യജിക്കകൊണ്ട് നീ എനിക്കു പുരോഹിതനായിരിക്കാതവണ്ണം ഞാൻ നിന്നെയും ത്യജിക്കും, നീ ദൈവത്തിന്റെ ന്യായപ്രമാണം മറന്നുകളഞ്ഞതുകൊണ്ട് ഞാനും നിന്റെ മക്കളെ മറക്കും" എന്നു ഹോശെ.4:6-ൽ നാം വായിക്കുന്നു. ദൈവത്തിൽനിന്നു സാക്ഷാൽ ജ്ഞാനവും, നീതിയും, വീണ്ടെടുപ്പും, ശുദ്ധീകരണവുമായിത്തീർന്ന ക്രിസ്തുവിനെ ത്യജിച്ച് അനേകർ അജ്ഞാനികളായി നശിച്ചുകൊണ്ടിരിക്കുമ്പോൾ ചിലരെങ്കിലും ക്രിസ്തുവിനെ രക്ഷകനും കർത്താവുമായി കൈക്കൊണ്ട് യഥാർത്ഥ ജ്ഞാനികളായിത്തീരുന്നു എന്നതു സന്തോഷകരമാണ്. സഹസ്രാബ്ദത്തിൽ ജനം പരിജ്ഞാനവും പ്രബോധനവും ലഭിച്ച് അനുഗ്രഹിക്കപ്പെട്ടവരായിരിക്കും. "നിന്റെ മക്കൾ എല്ലാവരും യഹോവയാൽ ഉപദേശിക്കപ്പെട്ടവരും നിന്റെ മക്കളുടെ സമാധാനം വലിയതുമായിരിക്കും" (യെശ.54:13). "സമുദ്രം വെള്ളംകൊണ്ടു നിറഞ്ഞിരിക്കുന്നതുപോലെ ഭൂമി യഹോവയുടെ പരിജ്ഞാനംകൊണ്ടു പൂർണ്ണമായിരിക്കയാൽ എന്റെ വിശുദ്ധപർവ്വതത്തിൽ എങ്ങും ഒരു ദോഷമോ നാശമോ ആരും ചെയ്കയില്ല; അന്നാളിൽ വംശങ്ങൾക്കു കൊടിയായി നില്ക്കുന്ന യിശ്ശായിവേരായവനെ ജാതികൾ അന്വേഷിച്ചു വരും, അവന്റെ വിശ്രാമസ്ഥലം മഹത്വമുള്ളതായിരിക്കും" (യെശ.11:9,10). കരുണയില്ലാത്ത കള്ളയിടയന്മാർ ജനത്തെ വഴിതെറ്റിച്ച് നിത്യനാശത്തിലേക്കു തള്ളിവിടുമ്പോൾ കരുണയുള്ള കർത്താവിൽനിന്നും ഉപദേശം പ്രാപിച്ച് പരിജ്ഞാനത്തോടെ ജീവിക്കുന്ന സുവർണ്ണകാലഘട്ടമത്രേ സഹസ്രാബ്ദയുഗം.

**8) പ്രകാശപൂർണ്ണത**

പാപത്തിന്റെ പര്യായമാണ് അന്ധകാരം. സാക്ഷാൽ വെളിച്ചമായ ക്രിസ്തുവിനെ തള്ളിക്കളഞ്ഞതാണ് മനുഷ്യൻ അന്ധകാരത്തിൽ അകപ്പെടുവാൻ കാരണമായത്. ക്രിസ്തുവിനെ കൈക്കൊള്ളുന്നവർക്കു അന്ധകാരത്തിൽനിന്ന് അത്ഭുതപ്രകാശത്തിലേക്കു വരുവാൻ കഴിയും. "അവനെ ക്രൂശിക്ക" എന്നു പറഞ്ഞ് അന്ധകാരത്തിലാണ്ടുപോയ യിസ്രായേലിനു യഥാസ്ഥാനപ്പെടുവാനും ദൈവീക പ്രകാശത്തിൽ നടക്കുവാനും കഴിയുന്ന കാലമാണ് സഹസ്രാബ്ദം. "യഹോവ തന്റെ ജനത്തിന്റെ മുറിവു കെട്ടുകയും അവരുടെ അടിപ്പിണർ പൊറുപ്പിക്കയും ചെയ്യുന്ന നാളിൽ ചന്ദ്രന്റെ പ്രകാശം സൂര്യന്റെ പ്രകാശം പോലെയാകും, സൂര്യന്റെ പ്രകാശം ഏഴുപകലിന്റെ പ്രകാശം പോലെ ഏഴിരട്ടി ആയിരിക്കും"(യെശ.30:26). "ഇനി പകൽനേരത്തു നിന്റെ വെളിച്ചം സൂര്യനല്ല, നിനക്കു നിലാവെട്ടം തരുന്നതു ചന്ദ്രനുമല്ല, യഹോവ നിനക്കു നിത്യപ്രകാശവും, നിന്റെ ദൈവം നിന്റെ തേജസ്സും ആകുന്നു. നിന്റെ സൂര്യൻ ഇനി അസ്തമിക്കയില്ല, നിന്റെ ചന്ദ്രൻ മറഞ്ഞുപോകയുമില്ല, യഹോവ നിന്റെ നിത്യപ്രകാശമായിരിക്കും, നിന്റെ ദുഃഖകാലം തീർന്നു പോകും" (യെശ.60:19,20). ദൈവം തന്നെ നിത്യപ്രകാശമായിരിക്കയാൽ അക്ഷരിക വെളിച്ചമല്ല; ആത്മികപ്രകാശത്തിൽ നടക്കുന്ന അനുഭവമാണിത്.

**9) സ്നേഹസാമ്രാജ്യം**

പകയും വിദ്വേഷവും ഉള്ളിടത്തു സ്നേഹത്തിനു സ്ഥാനമില്ല. സഹസ്രാബ്ദവാഴ്ചയിൽ എല്ലാവരും പകയും വിദ്വേഷവും ഒന്നുമില്ലാതെ ഏകോദരസോദരങ്ങളെപ്പോലെ



വസിക്കും. സ്നേഹം ഒരുനാളും ഉതിർന്നുപോകയില്ല എന്നാണ് തിരുവചനം. ജന്തുലോകത്തിൽ പോലും ആ മാറ്റം പ്രകടമായിരിക്കും. ചെന്നായും കുഞ്ഞാടും ഒരുമിച്ചു പാർക്കും, പുള്ളിപ്പുലി കോലാട്ടിൻകുട്ടിയോടു കൂടെ കിടക്കും. പശുവും കരടിയും ഒരുമിച്ചു മേയും, മുലകുടിക്കുന്ന ശിശു സർപ്പത്തിന്റെ പോതിങ്കൽ കളിക്കും; ഇങ്ങനെ ഒരു കാലഘട്ടം സ്വപ്നത്തിൽ പോലും ചിന്തിക്കാൻ കഴികയില്ല. ഭൂമി യഹോവയുടെ പരിജ്ഞാനംകൊണ്ട് പൂർണ്ണമായിരിക്കയാൽ എങ്ങും ഒരു ദോഷവും നാശവും ആരും ചെയ്കയില്ല (യെശ.11:7-10).

സ്നേഹത്തിന്റെ നിറകുടമായ കർത്താവിനോടു കൂടെയുള്ള വാസത്തിൽ ദൈവസ്നേഹത്താൽ ഒരുമിക്കപ്പെട്ടവർ മാത്രമായിരിക്കുമ്പോൾ അവിടെ വൈരനിര്യാതനബുദ്ധിയോ അക്രമസംഭവങ്ങളോ ഉണ്ടായിരിക്കയില്ല. ആത്മനിറവിന്റെ ഫലമാണല്ലോ സ്നേഹം; സഹസ്രാബ്ദത്തിൽ ആത്മപൂർണ്ണതയുള്ളതുകൊണ്ട് സ്നേഹത്തിന് ഒരു കുറവും ഉണ്ടായിരിക്കയില്ല. ജനങ്ങൾക്കു നിർഭയവാസം ഉണ്ടാകും. "ഞാൻ ദാവീദിനു നീതിയുള്ളൊരു മുളയായവനെ ഉത്ഭവിപ്പിക്കുന്ന കാലം വരും; അവൻ രാജാവായി വാണു ബുദ്ധിയോടെ പ്രവൃത്തിച്ചു ദേശത്തു നീതിയും ന്യായവും നടത്തും, അവന്റെ കാലത്തു യഹൂദാ രക്ഷിക്കപ്പെടും. യിസ്രായേൽ നിർഭയമായി വസിക്കും, അവനു യഹോവ നമ്മുടെ നീതി എന്നു പേർ പറയും"(യിരെ.23:5,6). മണവാളൻ മണവാട്ടിയിൽ സന്തോഷിക്കുന്നതുപോലെ ദൈവം തന്റെ ജ്ഞാനത്തിൽ സന്തോഷിക്കുന്ന സുവർണ്ണകാലം! (യെശ.62:5).

**10) ആശ്വാസവും വിശ്രാമവും**

ആശ്വാസമുണ്ടെങ്കിലേ വിശ്രമിക്കാൻ കഴിയൂ. നല്ല ഇടയന്റെ കൈക്കീഴിലെ ആടുകൾ പച്ചയായ പുൽപ്പുറങ്ങളിൽ കിടക്കുന്നതും സ്വസ്ഥതയുള്ള വെള്ളത്തിനരികത്തേക്കു നടത്തപ്പെടുന്നതും അവർക്ക് ആശ്വാസമുള്ളതുകൊണ്ടാണ്. അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായവർക്ക് ആശ്വാസം ലഭിക്കണമെങ്കിൽ കർത്താവിന്റെ വിളികേട്ട് അടുത്തുചെല്ലണം. യിസ്രായേലിനു ഇന്നയോളം ആശ്വാസം ലഭിച്ചിട്ടില്ല. കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ചേർക്കുന്നതു പോലെ അവരെ ചേർക്കുവാൻ കർത്താവിനു മനസ്സായിരുന്നു; എന്നാൽ അവർക്കു മനസ്സായില്ല. അതിനാൽ അവരുടെ ഭവനം ശൂന്യമായിത്തീരും എന്ന പ്രവചനം നിവൃത്തിയായി. ഇപ്പോൾ അവർക്കു ഒരു ഭവനം ലഭിച്ചിരിക്കയാണ്. അതുകൊണ്ട് അവർക്കു ആശ്വാസവും വിശ്രാമവും ലഭിക്കും. "യഹോവ സീയോനെ ആശ്വസിപ്പിച്ചിരിക്കുന്നു. അവൻ അതിന്റെ സകല ശൂന്യസ്ഥലങ്ങളെയും ആശ്വസിപ്പിച്ചു. അതിന്റെ മരുഭൂമിയെ ഏദനെപ്പോലെയും അതിന്റെ നിർജ്ജനപ്രദേശത്തെ യഹോവയുടെ തോട്ടത്തെപ്പോലെയും ആക്കുന്നു"(യെശ.51:3). അമ്മ ആശ്വസിപ്പിക്കുന്നതുപോലെ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും, നിങ്ങൾ യെരുശലേമിൽ ആശ്വാസം പ്രാപിക്കും(യെശ.63:13). യഹോവ അവരുടെ വ്യസനവും കഷ്ടതയും കഠിനദാരിദ്ര്യവും നീക്കി വിശ്രാമം നല്കും എന്നുള്ള വചനം(യെശ.14:3) സഹസ്രാബ്ദത്തിൽ നിവൃത്തിയാകും. "യിസ്രായേലേ, നീ ഭ്രമിക്കേണ്ട എന്നു യഹോവയുടെ അരുളപ്പാട്. ഞാൻ നിന്നെ ദൂരത്തുനിന്നും നിന്റെ സന്തതിയെ പ്രവാസദേശത്തുനിന്നും രക്ഷിക്കും, യാക്കോബു മടങ്ങിവന്നു സ്വസ്ഥമായും, സ്വൈരമായും ഇരിക്കും; ആരും അവനെ ഭയപ്പെടുത്തുകയുമില്ല" (യിരെ.29:10).

**11) ഏകഭാഷയുംആരാധനയും**

ബാബേലിൽവച്ച് ദൈവം ഭാഷ കലക്കിയതിനുശേഷം ഇന്നേവരെ ലോകത്തിൽ ഏകഭാഷ ഉണ്ടായിട്ടില്ല. എന്നാൽ, ഇനിയും അതിനു വ്യത്യാസം വരുവാൻ പോകുന്നു. സഹസ്രാബ്ദവാഴ്ചയിൽ ജനം ഒരേ ഭാഷ സംസാരിക്കുകയും ദൈവത്തെ ആരാധിക്കുകയും ചെയ്യും. "അപ്പോൾ സകല ജാതികളും യഹോവയുടെ നാമത്തെ വിളിച്ചപേക്ഷിച്ച് ഏകമനസ്സോടെ അവനെ സേവിക്കേണ്ടതിന് ഞാൻ അവർക്കു നിർമ്മലമായുള്ള അധരങ്ങളെ വരുത്തും" (സെഫ.3:9). "നിർമ്മലമായ അധരങ്ങൾ ദൈവത്തെ സ്തുതിക്കുന്നതിനുവേണ്ടിയാണ്. ഞാൻ നിനക്കു സ്തുതി പാടുമ്പോൾ എന്റെ അധരങ്ങളും നീ വീണ്ടെടുത്ത എന്റെ പ്രാണനും ഘോഷിച്ചാനന്ദിക്കും" എന്നു ദാവീദു പറയുന്നു. സകലജാതികളെയും ഭാഷക്കാരെയും ഒന്നിച്ചുകൂട്ടുന്ന കാലം വരുന്നു. അവർ വന്ന് ദൈവത്തിന്റെ മഹത്വം കാണും എന്ന് യെശ.66:18-ൽ രേഖപ്പെടുത്തിയിരിക്കുന്നു. അന്ന് കർത്താവിന്റെ മുമ്പിൽ മടങ്ങാത്ത ഒരു മുഴങ്കാലും ഉണ്ടായിരിക്കയില്ല, കർത്താവിനെ ഏറ്റുപറയാത്ത അധരങ്ങളും ഉണ്ടായിരിക്കയില്ല. "യഹോവയിൽ മാത്രം നീതിയും ബലവും എന്ന് ഓരോരുത്തൻ പറഞ്ഞുകൊണ്ട് അവന്റെ അടുക്കൽ ചെല്ലും. അവനോടു കോപിക്കുന്നവരൊക്കെയും ലജ്ജിച്ചുപോകും; യഹോവയിൽ യിസ്രായേൽ സന്തതിയെല്ലാം നീതീകരിക്കപ്പെട്ടു പുകഴും" (യെശ.45:24,25).

നീതിയുള്ള രാജാവ് നീതിയോടെ വാഴുന്ന ഈ കാലയളവിൽ കർത്താവിനോടൊപ്പം തന്റെ വിശുദ്ധസഭയും ഉണ്ടായിരിക്കും. നമുക്കും അതിൽ ഭാഗഭാഗാക്കാകാൻ കഴിയുമെന്നതിനാൽ നമ്മുടെ സന്തോഷം ശതഗുണീഭവിക്കുന്നു.

SV

# സമ്പൂർണ്ണയുഗം

**എസ്.ജി.ഗിൽബർട്ട്**
**ആറാമട**



നിത്യനായ ദൈവം നിത്യതയിൽ നിന്ന് കാലത്തിലേക്ക് ഇറങ്ങിവന്ന് സൃഷ്ടി നടത്തി വീണ്ടും നിത്യതയിലേക്ക് പ്രവേശിക്കുന്നതിനും ഇടയ്ക്കുള്ള കാലമാണ് സൃഷ്ടികളുടെ കാലം. ദൈവം മനുഷ്യനോട് അടുത്തു വരുന്തോറും അവൻ ദൈവത്തിൽനിന്നും അകന്നു മാറിപ്പോകുന്നു. അതുനിമിത്തം ദൈവം തന്റെ പദ്ധതികൾക്ക് മാറ്റം വരുത്തുന്നു.

പാപം ഇല്ലാത്തവനായി മനുഷ്യനെ ദൈവം സൃഷ്ടിച്ചു. അവൻ ദൈവകല്പന ലംഘിച്ചു പാപം ചെയ്തു. തുടർന്ന് ദൈവം തന്റെ പദ്ധതി മാറ്റി. പാപം ചെയ്ത മനുഷ്യനെ രക്ഷിക്കാനുള്ള പരിപാടി ആസൂത്രണം ചെയ്തു. അങ്ങനെയാണ് ഓരോ യുഗങ്ങൾ ഉണ്ടായിട്ടുള്ളത്. മനുഷ്യന്റെ സ്വഭാവ വ്യത്യാസം അനുസരിച്ച് ഓരോ കാലഘട്ടത്തിലും ദൈവം പുതിയനിയമങ്ങൾ കൊടുത്ത് മനുഷ്യനെ സംരക്ഷിക്കാൻ ശ്രമിച്ചിരുന്നു. അങ്ങനെയുള്ള കാലഘട്ടത്തെ പഠനാർത്ഥം യുഗങ്ങൾ എന്ന് വിളിക്കുന്നു. ആ കാലഘട്ടം കേവലം നൂറുവർഷം മാത്രം ആകണമെന്നില്ല.

## സമ്പൂർണ്ണയുഗം എന്നാൽ എന്ത്?

നിഷ്പാപയുഗം മുതൽ സഹസ്രാബ്ദയുഗം വരെയുള്ള എല്ലാ യുഗങ്ങളും ഒരു നിലയിൽ അല്ലെങ്കിൽ മറ്റൊരു നിലയിൽ പരാജയപ്പെടുന്നതായി കാണുന്നു. ആയിരമാണ്ടു വാഴ്ചയുടെ ആദ്യഘട്ടത്തിൽ സാത്താനെ ബന്ധിക്കുന്നു. തുടർന്ന് മനുഷ്യർ നല്ലവരായി ജീവിക്കുന്നു. അന്ന് ഇരുമ്പുകോൽകൊണ്ടുള്ള ഭരണമാണ്. അന്നും അനീതി പൂർണ്ണമായി മാറിയിട്ടില്ല. പാപത്തിന്റെ പരിണിതഫലമായ മരണം അന്നു കുറവായിരിക്കും എന്നേയുള്ളൂ. മരണം അപൂർവ്വമായി ഉണ്ടായിരിക്കും.

ആയിരമാണ്ടിന്റെ ഒടുവിൽ അല്പകാലത്തേക്ക് സാത്താനെ തുറന്നുവിടുന്നു(വെളി.20:7-10). അതിനെ തുടർന്ന് പിന്നെയും വലിയ ഒരു കൂട്ടം മനുഷ്യർ നീതിയോട് ഭരണം നടത്തിയ കർത്താവിന് എതിരാ



യിത്തീരുന്നു. അങ്ങനെ ഗോഗ്, മാഗോഗിന്റെ നേതൃത്വത്തിന്റെ വലിയൊരു സൈന്യമായി വിശുദ്ധൻമാരുടെ പാളയത്തെയും പ്രിയനഗരത്തെയും വളയും. ദൈവം ആകാശത്തുനിന്നും തീ ഇറക്കി അവരെ ദഹിപ്പിച്ചുകളയും. അങ്ങനെ സഹസ്രാബ്ദയുഗവും പരാജയപ്പെടുന്നു.

സഹസ്രാബ്ദയുഗം കഴിഞ്ഞ് വരുന്ന യുഗമാണ് സമ്പൂർണ്ണയുഗം. ആ യുഗത്തിൽ യാതൊരു ശാപവും പാപവുമില്ല. അന്നത്തെ ജനങ്ങൾ ആദാമിനെ സൃഷ്ടിച്ച നാളിലെന്നപോലെ പാപം ഇല്ലാത്തവരായിരിക്കും. യാതൊരു ശാപവും പാപവും അവിടെ ഉണ്ടായിരിക്കയില്ല. ദുഃഖവും മുറവിളിയും മരണവും രോഗവും ഒന്നുമില്ലാത്ത യുഗം. അതിനാലാണ് ആ യുഗത്തെ സമ്പൂർണ്ണയുഗം എന്നു പറയുന്നത് (വെളി.21:3-4). മനുഷ്യരോടുകൂടെ ദൈവം വസിക്കുന്ന അനുഗ്രഹകാലം ആയിരിക്കും അത്.

## സമ്പൂർണ്ണയുഗത്തിന്റെ കാലയളവ്

ഈ യുഗം ഒഴികെ മറ്റു എല്ലാ യുഗങ്ങളെക്കുറിച്ചും ഒരു ഏകദേശ കാലയളവിനെക്കുറിച്ച് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നു. സമ്പൂർണ്ണയുഗം നിത്യതയുമായി അടുത്തു ബന്ധമുള്ള യുഗമാണ്. പുതിയ ആകാശ പുതിയഭൂമിയിലെ വാസം നിത്യതയല്ല. നിത്യതയോട് അടുത്ത ഘട്ടമാണ്. എത്ര വർഷം പുതിയ ആകാശ പുതിയ ഭൂമിയിൽ പ്രത്യേകിച്ച് സഭ ഉണ്ടായിരിക്കും എന്നു പറയാൻ പ്രയാസമാണ്.

ചില ദൈവിക വാഗ്ദത്തത്തിന്റെ നിവൃത്തിയുടെ അടിസ്ഥാനത്തിൽ വേദപഠിതാക്കൾ ചിന്തിക്കുന്ന ചില കാലകണക്കുകൾ പരിചയപ്പെടുത്തുന്നു.

**1. ആയിരം തലമുറ വരെ ദയ**

“എന്നെ സ്നേഹിച്ച് എന്റെ കല്പനകളെ പ്രമാണിക്കുന്നവർക്ക് ആയിരം തലമുറവരെ ദയ കാണിക്കും” (പുറ.20:6). ദൈവം യിസ്രായേൽ മക്കളോടുള്ള ബന്ധത്തിൽ പറഞ്ഞ ഈ വാഗ്ദത്തം നിറവേറണമെങ്കിൽ കുറഞ്ഞപക്ഷം ആയിരം തലമുറ വരെയെങ്കിലും മനുഷ്യവർഗ്ഗം ജീവിക്കണം. ആദാം മുതൽ ക്രിസ്തു വരെ 10+10+14+14+14=62 തലമുറ. കഴിഞ്ഞ 2000 വർഷം കൊണ്ട് 30 തലമുറയിൽ അധികം ആയിട്ടില്ല. ആദാം മുതൽ ഇതുവരെ 100 തലമുറ പോലും ആയിട്ടില്ല. പിന്നെ എങ്ങനെ ആയിരം തലമുറ വരെ ദയ കാണിക്കാൻ കഴിയും.

ഈ വാഗ്ദത്തം നിവർത്തിക്കപ്പെടണമെങ്കിൽ പുതിയ ആകാശ പുതിയ ഭൂമിയിലെ ജനങ്ങൾ കുറഞ്ഞ പക്ഷം 1000 തലമുറ വരെയെങ്കിലും അങ്ങനെ തുടരേണ്ടിയിരിക്കുന്നു. അങ്ങനെയെങ്കിൽ, പുതിയ യെരുശലേം അതുവരെ ഭൂമിയിൽ ആയിരിക്കും.

ഒരു തലമുറയ്ക്ക് 33 വർഷം എന്നും 40 വർഷം എന്നും പണ്ഡിതലോകം രണ്ടു നിലകളിൽ ചിന്തിക്കുന്നു. അങ്ങനെയെങ്കിൽ, 33 X 1000= 33000, 40 X 1000= 40000 വർഷമെങ്കിലും നാം കർത്താവിനോടൊപ്പം പുതിയ യെരുശലേമിൽ ഉണ്ടാകണം.

**2. ദൈവത്തിന്റെ കൂടാരം**

പിതാവായ ദൈവവും പുത്രനും ആളത്വമായി വസിക്കുന്നത് പുതിയ ആകാശ പുതിയ ഭൂമിയിലാണ്. യോഹന്നാൻ പറയുന്നത് ഇങ്ങനെയാണ്, “ഇതാ മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം”(വെളി.21:3).“അവിടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം ഉണ്ടായിരിക്കും” (വെളി.22:1). കർത്താവ് ഭൂമിയിൽ മനുഷ്യരോടുകൂടെ 33½ വർഷം ജീവിച്ചു. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്ന പേരാണ് തനിക്ക് മനുഷ്യാവതാരത്തിൽ ലഭിച്ചത്.

യോഹന്നാൻ എഴുതിയ സുവിശേഷം1:14-ൽ........ “നമ്മുടെ ഇടയിൽ പാർത്തു” എന്നു പറയുന്ന ഭാഗത്ത് നമ്മുടെ ഇടയിൽ കൂടാരമടിച്ചു എന്നാണ് മൂലഭാഷയിൽ പറഞ്ഞിരിക്കുന്നത്. ദൈവത്തിന്റെ ദൃഷ്ടിയിൽ പുതിയ ആകാശ പുതിയ ഭൂമിയിലെ നമ്മുടെ വാസം കൂടാരവാസമാണ്. കൂടാരം ആരും സ്ഥിരതാമസത്തിനായി ഉപയോഗിക്കാറില്ല. അങ്ങനെയെങ്കിൽ 33000 വർഷമോ, 50,000 വർഷമോ ആയിരിക്കാം ആ കൂടാരവാസം. അതുകഴിഞ്ഞ് പുതിയ യെരുശലേം സ്വർഗ്ഗത്തിലേക്ക് കയറിപ്പോകും. അതിന്റെ ഒരു ചെറിയ സൂചന സങ്കീർത്തനത്തിൽ നാം കാണുന്നത് ഇങ്ങനെയാണ്, “ദൈവം ജയഘോഷത്തോടും യഹോവ കാഹളനാദത്തോടും കൂടെ ആരോഹണം ചെയ്യുന്നു” (സങ്കീ.47:5).

പുതിയ ആകാശ പുതിയ ഭൂമിയിൽ പുതിയ യെരുശലേം ഇറങ്ങിവരുന്നതു മുതൽ മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരവാസം ആരംഭിക്കുന്നു. 33000 വർഷമോ 50,000 വർഷമോ കഴിഞ്ഞ് പുതിയ യെരുശലേം സ്വർഗ്ഗത്തിലേക്ക് കയറിപ്പോകുന്നതു വരെയുള്ള കാലഘട്ടത്തെയാണ് സമ്പൂർണ്ണയുഗം എന്നു അർത്ഥമാക്കുന്നത്.

## രാജ്യം പിതാവിന്റെ ഭരണത്തിൻ കീഴിൽ

ആദാമിന്റെയും ഹവ്വയുടെയും ലംഘനത്തിനുശേഷം പിതാവായ ദൈവം ഭൂമിയിൽ കാൽ ചവിട്ടിയിട്ടില്ല. പുത്രനാം ദൈവം തന്റെ സകല ശത്രുക്കളെയും പാദപീഠമാക്കിയശേഷം അതായത് ആയിരമാണ്ടു വാഴ്ചയ്ക്ക് ശേഷം രാജ്യം പിതാവായ ദൈവത്തെ ഏല്പിക്കുന്നു.

പൗലോസ് ആ കാര്യത്തെക്കുറിച്ച് ഇങ്ങനെ പറയുന്നു, “അത് സ്വർഗ്ഗത്തിലും

ഭൂമിയിലും ഉള്ളത.'' എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായിച്ചേർക്ക എന്നിങ്ങനെ കാലസമ്പൂർണ്ണതയിലെ വ്യവസ്ഥക്കായിക്കൊണ്ടുതന്നെ.'' ഇവിടെ, ക്രിസ്തുവിൽ ഒന്നായിച്ചേർക്ക എന്നു പറഞ്ഞിരിക്കുന്നത് ഗ്രീക്കിൽ ഒരു ശിരസ്ഥാനത്തിൻകീഴിൽ വരുത്തുക എന്നാണ് ആശയം. അപ്പോഴാണ് കർത്താവ് ശിഷ്യൻമാരെ പഠിപ്പിച്ച പ്രാർത്ഥനയുടെ വാചകം അവിടെ പൂർണ്ണമായി നിറവേറുന്നത്. ''നിന്റെ രാജ്യം വരേണമേ, നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ''. അങ്ങനെ പിതാവിന്റെ ഇഷ്ടം തന്നെയാണ് പുത്രന്റെ ഇഷ്ടം. പുത്രന്റെ ഇഷ്ടം തന്നെ പിതാവായ ദൈവം നിവർത്തിച്ചുകൊണ്ടിരിക്കും.

## നിത്യതയിൽ നമ്മൾ

ദൈവം തന്റെ മക്കൾക്കായി ഒരുക്കിയിട്ടുള്ളത്; ഒരു കണ്ണു കണ്ടിട്ടില്ല, ഒരു ചെവിയും കേട്ടിട്ടില്ല. ഒരു മനുഷ്യന്റെയും മനോദർപ്പണത്തിൽ തോന്നിയിട്ടുമില്ല. അങ്ങനെയുള്ള ഒരു അനുഗ്രഹിക്കപ്പെട്ട ഭാവിയാണ് ദൈവം നമുക്ക് വാഗ്ദത്തം ചെയ്തിട്ടുള്ളത്.

യിസ്രായേൽ ജനത്തിനു ദൈവം ഭാവിയിൽ വാഗ്ദത്തം ചെയ്തിരിക്കുന്ന അനുഗ്രഹിക്കപ്പെട്ട കാലഘട്ടം എന്നത് ആയിരമാണ്ടു വാഴ്ചയാണ്. അതേസമയം, സഭയ്ക്കായി ദൈവം കരുതിയിരിക്കുന്ന അനുഗ്രഹീത കാലഘട്ടം എന്നത് പുതിയ ആകാശ പുതിയ ഭൂമിയിലെ വാസമാണ്. പുതിയ ആകാശ പുതിയ ഭൂമിയിലെ വാസാനന്തരം നാം നിത്യതയിലേക്ക് പ്രവേശിക്കുന്നു. നിത്യതയിൽ നമ്മൾ എങ്ങനെ ആയിരിക്കും എന്നു പരിശോധിക്കാം.

### 1.കർത്താവിനോടുള്ള കൂട്ടായ്മ

നിത്യതയിൽ നാം എപ്പോഴും കർത്താവിനോടുകൂടെ ആയിരിക്കും. (യോഹ.14:3). ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ആയിരിക്കും (1തെസ്സ.4:17).

### 2. പൂർണ്ണമായ അറിവ്

ഇന്ന് നമുക്കുള്ള അറിവ് പരിമിതമാണ്. ഒരു വിഷയത്തെക്കുറിച്ചുതന്നെ എല്ലാവർക്കും ഉള്ള അറിവ് ഒന്നുപോലെയല്ല. നമ്മുടെയൊക്കെ അറിവ് ഓരോ വിഷയത്തിലും അപൂർണ്ണമാണ്. പൗലോസിന്റെ വാക്കുകൾ അന്ന് പൂർണ്ണമായി നിറവേറും. ഇപ്പോൾ ഞാൻ അംശമായി അറിയുന്നു. അപ്പോഴോ ഞാൻ അറിയപ്പെട്ടതുപോലെ തന്നെ അറിയും (1 കൊരി.13:12).

### 3. പൂർണ്ണവിശുദ്ധി

ദൈവമക്കൾ എല്ലാവരും വിശുദ്ധൻമാർ എന്നാണ് അറിയപ്പെടുന്നത്. അതേസമയം നാം വിശുദ്ധിയിൽ കുറവുള്ളവരാണ്. പുനരുത്ഥാന ശരീരം പ്രാപിച്ച നാം ഭാവിയിൽ പൂർണ്ണവിശുദ്ധരായി മാറും. പുതിയ ആകാശ പുതിയ ഭൂമിയലേക്കും നിത്യതയിലേക്കും പ്രവേശിക്കുന്നതിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്, കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതിയിരിക്കുന്നവരല്ലാതെ അശുദ്ധമായതു യാതൊന്നും ഭോഷ്കും പ്രവർത്തിക്കുന്നവൻ ആരും അതിൽ കടക്കയില്ല (വെളി.21:27). അന്നുള്ളവർ എല്ലാം പൂർണ്ണവിശുദ്ധൻമാർ ആയിരിക്കും.

### 4. നാം അവനോടു സദൃശൻമാർ ആകും.

നാം ഭാവിയിൽ ക്രിസ്തുക്കൾ ആകയില്ല. നാം കർത്താവിനോട് സദൃശൻമാർ ആകും. അവനെ താൻ ഇരിക്കുംപോലെ തന്നെ കാണുന്നതാകകൊണ്ട് അവനോട് സദൃശൻമാർ ആകും.(1 യോഹ.3:2).

### 5. നിത്യമായ സന്തോഷം

പ്രവാചകൻ പറയുന്നത് ഭാവിയിൽ നിറവേറും; നിത്യാനന്ദം അവരുടെ തലമേൽ ഉണ്ടായിരിക്കും. അവർ ആനന്ദവും സന്തോഷവും പ്രാപിക്കും; ദുഃഖവും നെടുവീർപ്പും ഓടിപ്പോകും(യെശ.35:10). ഇന്ന് നമുക്ക് എന്തെല്ലാം ഭാരങ്ങളും പ്രയാസങ്ങളുമാണ് ഉള്ളത്. എല്ലാ പ്രശ്നങ്ങളുടെയും പ്രതികൂലങ്ങളുടെയും മദ്ധ്യേ ദൈവത്തിൽ ആനന്ദം കണ്ടെത്തി നാം മുന്നോട്ടുപോകുന്നു. അന്ന് സ്ഥിരമായി നിത്യാനന്ദം നമുക്ക് കൈമുതലായി ഉണ്ടായിരിക്കും.

### 6. സമ്പൂർണ്ണ ആരാധന.

ഇന്ന് നമ്മുടെ ആരാധന കുറവുള്ളതാണ്. അന്നത്തെ നമ്മുടെ ആരാധന സമ്പൂർണ്ണമായിരിക്കും. നമ്മുടെ ആരാധനയിൽ രണ്ട് ഭാഗങ്ങൾ ഉണ്ട്. ഒന്നാമതായി, കർത്താവിനെ നമസ്കരിക്കണം അഥവാ ആരാധിക്കണം. രണ്ടാമതായി, അവിടുത്തെ സേവിക്കണം അഥവാ ശുശ്രൂഷിക്കണം. ഈ രണ്ട് കാര്യങ്ങളും നിത്യതയിൽ തുടർന്നുകൊണ്ടിരിക്കും. (വെളി.22:3).

### 7.ദൈവത്തെക്കുറിച്ച് പഠിച്ചുകൊണ്ടിരിക്കും.

നമുക്ക് ഇന്ന് വളരെ കുറച്ച് അറിയാവുന്നത് ദൈവത്തെക്കുറിച്ചാണ്. നിത്യതയിലും നാം ദൈവത്തെക്കുറിച്ച് പഠിച്ചുകൊണ്ടിരിക്കും. മനുഷ്യരിൽ ഒരു വ്യക്തിയെക്കുറിച്ച് അറിയുന്തോറും ആ വ്യക്തി നല്ലവനല്ലായെന്നു വെളിവാകും. ദൈവത്തെക്കുറിച്ച് അറിയുന്തോറും അവിടുന്ന് നല്ലവനാണ് എന്ന് അറിഞ്ഞ് വാഴ്ത്തിസ്തുതിച്ച് ആരാധിച്ചുകൊണ്ടിരിക്കും.

ദൈവം നമുക്കുവേണ്ടി ഒരുക്കിയിരിക്കുന്ന അനുഗ്രഹിക്കപ്പെട്ട ഭാവി ഓർത്ത് ഈ ലോകത്തിലെ കഷ്ടങ്ങൾ സാരമില്ലായെന്ന് എണ്ണിക്കൊണ്ട് ആ നല്ല നിത്യതയ്ക്കായി നമുക്ക് ഒരുങ്ങി കാത്തിരിക്കാം. അതിനു ദൈവം നമ്മെ സഹായിക്കട്ടെ.

SV




Edited, Printed, Published & Owned by Shinedas Kandanthitta;Printed at South India Press,
Published from Kattalapparayil, Kudayal P O, Vellarada, TVM-695505, Mob:9995927502,
Email:southernvoice2023@gmail.com